KOTTAYAM PUBLIC LIBRARY

Call No. MF3 Acc. No. 3065

Autho: വേലുപ്പിള്ള ശാസ്ത്രി

Title രാധാറാണി

NO: 3065

# രാധാറാണി.

...ത്താ.

ൻ. ... സ്ത്രി, ബി. ഏ.

പ്രകാശ...

പി. ഗോവിന്ദപ്പ...

വിദ്യാവിലാസിനിബുക്ക ഡിപ്പോ,

തിരുവനന്തപുരം.

പകർപ്പവകാശം പ്രകാശകനു്.

പ്രകാശകൻറെ മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു.

വില രൂ. 1.

NATION... KOTTAYAM ... ALARIKAL BAZAAR

MF3

തിരുവനന്തപുരം ചാലയിൽ
വി. വി. ബുക്ക്ഡിപ്പോ ഉടമസ്ഥനുവേണ്ടി
വിദ്യാവിലാസം പ്രസ്സിൽ അച്ചടിക്കപ്പെട്ടതു്.
ഒന്നാംപതിപ്പു്. കാപ്പി 1000.
1122

No: 3065

# അവതാരിക.

‘രാധാറാണി,’ ‘മീനാംബിക,’ ‘ഭാനുമതി’ എന്നീ പേരുകളിൽ മൂന്നു ചെറിയ കഥകൾ ഉൾപ്പെടുന്ന ഈ ഗ്രന്ഥം കേവലം കല്പിതമല്ല. സുപ്രസിദ്ധ വംഗസാഹിത്യകാരനായ ബങ്കിമചന്ദ്രചാറ്റർജിയുടെ ‘Indira and other Stories’ എന്ന ഗ്രന്ഥത്തിൽ കാണുന്ന രാധാറാണിയാണു് അത്യല്പമായ രൂപാന്തരത്തോടെ ആദ്യമായി സ്വീകരിക്കപ്പെട്ടിട്ടുള്ളതു്. ‘മീനാംബിക’ എന്ന കഥയാകട്ടെ, ഒരു സുപ്രസിദ്ധ ആംഗ്ലേയ കഥാസഞ്ചിക ഗ്രന്ഥത്തിൽ സ്പെയിൻരാജ്യത്തു് സംഭവിച്ചതായി രചിക്കപ്പെട്ടിട്ടുള്ള ഒരു കഥയാകുന്നു. മൂന്നാമത്തേതായ ‘ഭാനുമതി, ഇന്ത്യാചരിത്രപ്രസിദ്ധി നേടിയ ചില സംഭവങ്ങൾ അടങ്ങിയ ഒരു ലഘുകഥയും ആകുന്നു.

ഈ മൂന്നു കഥകളിൽ രാധാറാണി പ്രാധാന്യം അർഹിക്കുന്നു. അശരണയായ ഒരു ബാലിക എന്ന നിലയിൽ ഗ്രന്ഥാരംഭത്തിൽ പ്രത്യക്ഷപ്പെടുന്ന രാധാറാണി പരിതഃസ്ഥിതികളുടെ ആനുകൂല്യത്താലും ദൈവാധീനം കൊണ്ടും അത്യുന്നതമായ ഒരു നിലയിൽ എത്തുന്നതും ഭാരതീയയുവതിമാർക്കു് ഒരു ഉത്തമാദർശം എന്ന നിലയിൽ ജീവിതം നയിക്കുന്നതും മൂലഗ്രന്ഥകാരൻ അതിസരസവും സരളവും ആയ രീതിയിൽ ചിത്രീകരിച്ചിട്ടു്.

കഷ്ടിച്ച് പതിനൊന്നുവയസ്സ് പ്രായമുള്ള ഒരു പെൺകിടാവ് എന്ന നിലയിലാണ്, ഗ്രന്ഥകാരൻ നായികയെ ആ കഥയിൽ അവതരിപ്പിക്കുന്നതു്. നിർദ്ധനയും അശരണയും ആയ ആ ബാലിക, രോഗഗ്രസ്ഥയായ മാതാവിന്നു് ഔഷധം വാങ്ങുന്നതിനുപോലും വക കാണാതെ ചില പൂക്കൾ ശേഖരിച്ച് മാലകൾ കെട്ടി മഹേശപുരം ഗ്രാമത്തിലെ തേരോട്ടസന്ദർഭത്തിൽ വിററു അല്പമായ ആദായമുണ്ടാക്കുവാൻ തിരിച്ചതായിരുന്നു. എന്നാൽ അവളുടെ ഉദ്ദേശം, അതികഠിനമായ വർഷപാതത്താൽ നിശ്ശേഷം തടയപ്പെട്ടു. അവൾ നിരാശാഭരിതയായി ആ കഠിനമഴയത്തു് രാത്രി ഭവനത്തിലേയ്ക്കു് തിരിച്ചു. ഏകാകിനിയായി നടന്ന ബാലികയ്ക്കു് ആ രാത്രിയിൽ ദൈവദൂതൻ എന്നപോലെ ഒരു ബന്ധുവിനെ ലഭിച്ചു. 'രുഗ്മിണീകുമാർബാബു' എന്ന പേരിൽ ആ സന്ദർഭത്തിൽ ബാലികയ്ക്കു വേണ്ട സഹായം ചെയ്ത 'ദേവേന്ദ്രനാഥറേ' എന്ന മാന്യൻ തന്നേയാണ്, നായികയുടെ ഭവനവും സ്വത്തുക്കളും തിരിച്ചുകിട്ടിയ ഒരു സന്ദർഭത്തിൽ അവളെ വിവാഹം കഴിക്കുന്നതു്.

•

കഥാബന്ധത്തിൽ ലേശം വക്രതയില്ലാതെ ഏററവും ആകർഷകമായവിധത്തിൽ രചിക്കപ്പെട്ട ഈ ചെറിയകഥ, കേരളീയരായ ബാലികാബാലന്മാർക്കു് ആദർശപരമായ വിജ്ഞാനം നൽകുന്നതാണ് എന്ന വസ്തുത ആരും വിസംവദിക്കുമെന്നു തോന്നുന്നില്ല.

ഇന്നു് മലയാളത്തിലെ കഥാസാഹിത്യത്തിന്റെ ഗതി വളരെ വിചിത്രമായി കാണപ്പെടുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം നാട്ടിൽ പ്രചരിച്ചു് ആംഗലസാഹിത്യത്തിന്നു് സാമാന്യം പ്രതിഷ്ഠലഭിച്ച ഒരു കാലഘട്ടത്തിലായിരുന്നു, മലയാളത്തിൽ പുതിയ രീതിയിലുള്ള കഥാസാഹിത്യം ആരംഭിച്ചതു്. അപ്പുനെടുങ്ങാടി അവർകൾ, ചന്തുമേനോൻ അവർകൾ, സി. വി. രാമൻ പിള്ള അവർകൾ എന്നീ മഹാന്മാരെത്തുടർന്നു് അനവധി ഗദ്യകാരന്മാർ മലയാള കഥാസാഹിത്യത്തിന്റെ പോഷണത്തിന്നു് ഉദ്ദേശം അരശതവർഷക്കാലമായി ശ്രമിച്ചുവരികയായിരുന്നു. എന്നാൽ ഇവർ ദീർഘകഥകളായ നോവലുകളുടെ രചനയിലായിരുന്നു, അധികവും ശ്രദ്ധിച്ചതു്. എങ്കിലും, എം. ,ആർ. കെ. സി., ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ മുതലായ അനവധി ഗദ്യകാരന്മാർ ചെറുകഥകൾ രചിക്കുകയുണ്ടായിട്ടുണ്ടു്. അവ ചെറിയ തരത്തിലുള്ള കഥകൾ ആയിരുന്നു എന്നുമാത്രം പറയാം.

എന്നാൽ ഫലിതരസത്തോടുകൂടിയ ചെറുകഥാസാഹിത്യം കാലതാമസമെന്യേ മലയാളത്തിൽ ഉടലെടുത്തു. പല പല രചയിതാക്കളും ഈ മാർഗ്ഗത്തിൽ ശ്രമിച്ചിട്ടുണ്ടു്. എങ്കിലും മി: ഇ. വി. കൃഷ്ണപിള്ളയുടെ ചെറുകഥകൾപോലെ ഫലിതരസത്തിലും സമുദായ ന്യൂനതകളെ ആക്ഷേപരസത്തോടെ ചിത്രീകരിക്കുന്നതിലും അധികംപേർ വിജയികളായിട്ടില്ല. അതു്

ശങ്ങളെ ബലികഴിക്കാതേയും യാഥാർത്ഥ്യത്തിന്നു് സമുചിതമായ സ്ഥാനം നൽകിയും മി. ഈ. വി. ഇംഗ്ലീഷുചെറുകഥകളുടെ അനവധി അനുകരണങ്ങൾ മലയാളഭാഷയ്ക്കു് നൽകി.

ഈ കാലഘട്ടം കഴിഞ്ഞു് മലയാളസാഹിത്യത്തിൽ ഒരു പുതുമ ഏർപ്പെട്ടു. അയായതു്, ചുററും കാണുന്ന ദരിദ്രരും പീഡിതരും, അസന്മാർഗ്ഗകുതുകികളും ആയ ജനങ്ങളെ വേണം ചെറുകഥകളിൽ ചിത്രീകരിക്കേണ്ടതു് എന്നൊരാശയം പ്രബലമായി. ചെറുകഥയെഴുത്തിൽ ഫലതത്തിന്റെ സ്ഥാനം നിശ്ശേഷം നഷ്ടപ്പെട്ടു. എന്നാൽ ഏററവും ലളിതവും, ആർക്കും വായിച്ചുമനസ്സിലാക്കാവുന്നതും ആയ ഒരു ഗദ്യരീതി ഇത്തരം സാഹിത്യത്തിൽ ഏർപ്പെട്ടു. കഥാപാത്രങ്ങൾ ദരിദ്രരോ, പീഡിതരോ, മർദ്ദിതരോ അല്ലാത്തപക്ഷം സ്വഭാവശുദ്ധി തൊട്ടുതെറിക്കാത്തവരോ ആയിരിക്കണം എന്നു നിർബന്ധമായി. ഇങ്ങനെയൊരു പുതുമ വന്നുചേർന്നതു് യൂറോപ്യൻ സാഹിത്യത്തോടുള്ള അഭിനന്ദനക്കൂടുതൽ നിമിത്തം എന്നേ പറയാനുള്ളു. പലപ്പോഴും, സഭ്യങ്ങളല്ലാത്ത അനവധി രംഗങ്ങൾ അതിസൂക്ഷ്മമായി ചിത്രീകരിക്കുവാൻ കഥാകൃത്തുകൾ ശ്രദ്ധാലുക്കളായി. ഇവരുടെ ഉദ്യമം പത്തൊൻപതാം ശതവർഷത്തിന്റെ മദ്ധ്യഭാഗത്തു് പാരീസ്സിൽ പ്രചരിച്ച 'നാച്ചുറലിസം' അഥവാ പ്രാകൃതപ്രസ്ഥാനം മലയാളത്തിലും അവതരിപ്പിക്കുക എന്നായിരുന്നോ എന്നു-

തോന്നിപ്പോകും. സന്മാർഗ്ഗബോധത്തിൽ നിന്നു് അവർ അത്രമാത്രം അകലേയാണു്. ഏതൊരു കാര്യവും മൂടിപ്പൊതിഞ്ഞുവയ്ക്കാതെ വെട്ടിത്തുറന്നു വെളിയ്ക്കാക്കുക എന്ന വാശിയാണു് യൂറോപ്യൻ നാചപറില സർക്കാർ കൈക്കൊണ്ടിരുന്നതു്. എന്നാൽ ആ രീതി യൂറോപ്പിൽത്തന്നെ സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടില്ല. യൂറോപ്പിൽ നിന്നു് സർവ്വഥാ വിഭിന്നമായ കേരളീയാന്തരീക്ഷത്തിൽ അത്തരം കഥകൾക്കു് താൽക്കാലികമായ പ്രചാരം സിദ്ധിച്ചാലും വായനക്കാരുടെ ശാശ്വതമായ അഭിനന്ദനത്തിനു് അവ പാത്രീഭവിക്കുന്നില്ല.

കഥാരചനയ്ക്കും സന്മാർഗ്ഗബോധത്തിനും തമ്മിൽ അത്ര ദൃഢമായ ഒരു ബന്ധം ഉണ്ടായിരിക്കണമെന്നു് പറയുന്നതു് ഒരു വക മൗഢ്യമാണെന്നു ഒരു അഭിപ്രായം ഇല്ലാതില്ല. എന്നാൽ കഥാരചനയ്ക്കും ദുർമ്മാർഗ്ഗവൃത്തികൾ തമ്മിൽ അഭിന്നമായ ബന്ധം പുലർത്തുന്ന ദുർവ്വാസനയെ കഠിനമായി എതിർക്കാതെ നിവൃത്തിയില്ല. ഒന്നാമതു് യൂറോപ്യൻ അന്തരീക്ഷം അതേപടി പകർത്തി കേരളീയാന്തരീക്ഷത്തിനു പകരം എന്നു ചിത്രീകരിക്കുന്നതു് തുലോം ദുർബ്ബലമായ ഒരു ഉദ്യമമാകുന്നു. യൂറോപ്പിൽ അനേകശതവർഷങ്ങളായി ഉണ്ടായിട്ടുള്ളതും, ഇപ്പോൾ ഉണ്ടാകുന്നതും ആയ മാററങ്ങൾ എല്ലാം തന്നെ കേരളക്കരയിലും ഉണ്ടു് എന്നു [illegible] സങ്കല്പത്തിലായാലും സമ്മതിക്കുവാൻ പ്രയാസം.

രണ്ടാമത്ത്, യൂറോപ്യന്മാരുടെ, ഭാഷ, വേഷം, ആചാരങ്ങൾ, അഭിരുചികൾ, പാരമ്പര്യങ്ങൾ എന്നിവയല്ല, കേരളീയരിൽ കാണുന്നത്. യൂറോപ്പിലെ പ്രധാന നഗരികളിൽ നിരീശ്വരത്വവും, വസ്തുമാത്രവാദവും വളരെ മികച്ച നിലയിലാകുന്നു. കേരളീയരിൽനിന്നു ഈശ്വര വിശ്വാസം നശിക്കത്തക്കവിധത്തിൽ അത്ര ഭയാനകങ്ങളായ മാററങ്ങൾ ഒന്നും ഇവിടെ എത്തുന്നില്ല. ആ സ്ഥിതിക്ക്, കേരളീയരുടെ സന്മാർഗ്ഗബോധവും ആദർശപ്രതിപത്തിയും നശിക്കുമാറുള്ള ചെറുകഥകൾ കൊണ്ട് നാട്ടിനേയും ജനങ്ങളേയും യൂറോപ്യന്മാരുടെ അടിമകൾ എന്ന നിലയിൽ ദുഷിപ്പിക്കുന്നതിനുമാത്രമേ സാധിക്കയുള്ളൂ. ഈ ദുർമ്മാർഗ്ഗപ്രസക്തി കഥാപ്രചരണം മുഖേന പ്രചരിപ്പിക്കുന്നതുകൊണ്ടുള്ള ന്യൂനതകൾ കഥാരചയിതാക്കൾ മനസ്സിലാക്കിത്തുടങ്ങുന്നുവെന്നു സമാധാനപ്പെടാം.

ആദർശപ്രതിപത്തി സംബന്ധിച്ച് ഇങ്ങനെ കല്പിച്ചുകൂട്ടിയ ഒരു അനാസ്ഥ ഇന്നത്തെ കഥാസാഹിത്യത്തിനു വന്നുചേർന്നിരിക്കുന്നു എങ്കിലും പലേ മെച്ചങ്ങളും മററുവിധത്തിൽ സിദ്ധമായി എന്ന വസ്തുത വിസംവദിക്കാവുന്നതല്ല. അത്യന്തം ലളിതവും മനോഹരവും ആയ ഗദ്യരീതി ഇന്നത്തെ കഥാസാഹിത്യത്തിന് ലഭിച്ചിട്ടുണ്ട്. മനുഷ്യരുടെ യഥാർത്ഥജീവിതം അതേപടി പകർത്തിക്കാണിക്കുവാൻ ഇന്നത്തെ കഥായെഴുത്തുകാർ അസാമാന്യമായ വൈഭവം കാട്ടിയിട്ടുണ്ട്.

എന്നാൽ ഇതോടുകൂടി തെല്ലൊരു ആദർശശുദ്ധിയും കൂടെ സമീകരിക്കപ്പെട്ടിരുന്നുവെങ്കിൽ അവാച്യമായ ഒരു കഥാശാഖാപുഷ്ടി മലയാള സാഹിത്യത്തിനു് ലഭിക്കുമായിരുന്നു. ഗദ്യരീതിയിലും, കഥാപാത്രമോ സംഭവങ്ങളോ ചിത്രീകരിക്കുന്നതിലും സാഹിത്യകാരന്മാർ കാട്ടുന്ന ഉന്മേഷം ഉത്തമാദർശത്തിൻെറ നിഷ്ഠുരമായ ബലിയിൽ കലാശിക്കരുതേ എന്നുമാത്രമേ പറയുന്നുള്ളു.

മീനാംബിക എന്ന രണ്ടാമത്തെ കഥ ഒരു പാശ്ചാത്യകഥാഗാത്രത്തെ ഭാരതീയ രീതിയിൽ അനുകരിച്ചിട്ടുള്ളതാകുന്നു. 'നീലലോഹിതൻ' എന്ന പ്രഭുവരൻെറ ആദ്യപുത്രൻെറ അതിമോഹത്തെ ബുദ്ധിമാനായ ആ പിതാവു് തന്നെ എങ്ങനെ ശക്തിഹീനമാക്കുന്നു എന്നു ഈ കഥ തെളിയിക്കും. മറെറാരു പ്രകാരത്തിലായാൽ ശുദ്ധമേ ദുഷ്ടതയിൽ കലാശിക്കുമായിരുന്ന ഭാനുമാൻെറ സ്വഭാവം സ്വാഭാവികമായ രീതിക്കു് യാതൊരു വിരുദ്ധതയും കൂടാതെ ഉൽകൃഷ്ടമാക്കുവാൻ പിതാവു് നിർവഹിച്ച യത്നം ഏററവും അഭിനന്ദനീയമാണു്. ഭാസുരനും അവൻെറ സൗശീല്യവതിയായ മാതാവും ഏതുവിധത്തിൽ, കഷ്ടതകളെല്ലാം കഴിച്ചുകൂട്ടിയിട്ടും അധിനാഥനായ പ്രഭുവരൻെറ സ്വത്തുക്കൾക്കു് അവകാശികളായിത്തീർന്നു് അവരേവരും വളരെ സന്തോഷപ്രദമായ കുടുംബജീവിതം നയിക്കുന്നു.

രജപുത്രവനിതാരത്നമായ 'ഭാനുമതി' എന്ന പ്രഭുപുത്രി പിതാവായ മാനസിംഹൻെറ നിസ്സഹായതയിൽ അദ്ദേഹത്തെ സഹായിച്ച്, ആ സഹായം നിർവ്വഹിച്ച അമരസിംഹൻ എന്ന യുവാവിൻെറ പ്രണയത്തിനു പാത്രീഭവിക്കുന്നതാണ് ഒടുവിലത്തെ ചെറിയകഥ.

ഇപ്രകാരം ഈ കഥകൾ മൂന്നും നിഷ്കൃഷ്ടവും സാങ്കേതികവും ആയ അർത്ഥത്തിൽ 'ചെറുകഥകൾ' അല്ലെങ്കിലും വിപുലങ്ങളല്ലാത്ത കഥകൾ എന്ന ആശയം മുൻനിർത്തി ചെറിയ കഥകളായി ഗണിച്ചിരിക്കയാക്കുകയാണ് എന്ന പരമാർത്ഥം വ്യക്തമായിക്കൊള്ളട്ടെ.

ഏതൊരു കാലഘട്ടത്തിലും ഭാരതഖണ്ഡം ആദർശശുദ്ധിയിൽ നിന്നു പിന്മാറുകയില്ല എന്നതു് നിഷേധിക്കവയ്യാത്ത ഒരു പരമാർത്ഥമാകുന്നു. സാഹിത്യം സംബന്ധിച്ചും ഈ ആദർശശുദ്ധി പരിപാലിക്കപ്പെടുന്നതാണ് ഭാരതീയരുടെ വിശേഷിച്ചു കേരളീയരുടെ ധർമ്മം. എന്നാൽ വിരസമായ സദാചാരോപന്യാസത്തിനു കഥാസാരസ്യത്തെ ബലികഴിക്കുന്നതു് തീരെ വിഹിതവും അല്ല. ഈ ഉദ്ദേശത്തോടെ രചിക്കപ്പെട്ടിട്ടുള്ള പ്രസ്തുതകഥാത്രയത്തെ കേരളീയ മഹാജനസമക്ഷം സാദരം സമർപ്പിക്കുന്നു.

ഗ്രന്ഥകർത്താ.

1. രാധാറാണി.

2. മീനാംബിക.

3. ഭാനുമതി.

# രാധാറാണി.

POCKETS
THE KOTTAYAM PUBLIC LIBRARY
KOTTAYAM
TRAVANCORE

I

രാധാറാണി എന്നു പേരുള്ള ഒരു ചെറിയ പെൺകിടാവു് മഹേശപുരം ഗ്രാമത്തിലെ 'തേരോട്ടം' കാണുവാൻ അന്നു് പോയിരുന്നു. ആ കുട്ടിക്കു് കഷ്ടിച്ചു പതിനൊന്നു വയസ്സു മാത്രമേ പ്രായം ഉണ്ടായിരുന്നുള്ളു. അവളുടെ മാതാപിതാക്കന്മാർ ഒരു കാലത്തു് വലിയ പണക്കാരായിരുന്നു. എന്നാൽ ആ കുട്ടിയുടെ പിതാവു മരിച്ചതോടുകൂടി ചില അടുത്ത ബന്ധുക്കൾ അവളുടെ വിധവയായ മാതാവിന്നെതിരായി വസ്തു സംബന്ധമായ ചില കേസ്സുകളുണ്ടാക്കി. ഈ സിവിൾക്കേസ്സു സംബന്ധിച്ചു് രാധാറാണിയുടെ അമ്മയ്ക്കു് കുറെ അധികം പണം ചെലവു ചെയ്യേണ്ടിവന്നു. കുടുംബ വസ്തുക്കൾ എല്ലാംതന്നെ പണയപ്പെടുവാൻ ഇടയായി. കൽക്കട്ടാ ഹൈക്കോടതിയിലെ അവസാന വിധി അനുസ്സരിച്ചു

ആ സാധു സ്ത്രീ പ്രസ്തുത കേസ്സിൽ തോൽക്കുകയും താമസിച്ചുപോന്ന ഭവനം മാത്രമേ സ്വത്തായുള്ളു എന്ന നിലയിൽ എത്തുകയും ചെയ്തു. കേസ്സിൽ ജയം സമ്പാദിച്ച കൂട്ടർ രാധാറാണിയുടെ മാതാവിന്റെ വീടും അതിലെ സാമാനങ്ങളും ജപ്തിചെയ്തെടുത്തു. ആ നിസ്സഹായയുടെ കൈവശം ഉണ്ടായിരുന്ന ഏതാനും പണവും ആഭരണങ്ങളും നേരത്തേതന്നെ കേസ്സു സംബന്ധിച്ച ആവശ്യങ്ങൾക്കായി അന്യാധീനപ്പെട്ടുപോയി. എന്നിട്ടും വളരെ ബുദ്ധിമുട്ടി കുറെ പണംകൂടെ സ്വരൂപിച്ചു ലണ്ഡനിലെ ബഹുമാനപ്പെട്ട 'പ്രിവീകൗൺസിൽ' എന്ന അങ്ങേഅററത്തെ കോടതിയിൽ ആ സ്ത്രീ അപ്പീൽ ബോധിപ്പിച്ചു. ഈ നിലയിൽ അമ്മയ്ക്കും മകൾക്കും ആഹാരാദികളായ നിത്യാവശ്യങ്ങൾക്കുപോലും വളരെ ബുദ്ധിമുട്ടായി. സ്വന്തം കുടുംബംവക തോട്ടത്തിൽ ഒരിടത്തുപോയി അപ്പോഴത്തെ ഉടമസ്ഥരുടെ ആവശ്യം അനുസരിച്ചു് കൂലിവേലചെയ്തു കിട്ടുന്ന ആദായംകൊണ്ടു് ആ സാധു സ്ത്രീയും ചെറുപുത്രിയും നാൾ കഴിച്ചുവന്നു.

ബുദ്ധിമുട്ടുകളും ആപത്തുകളും വന്നുചേരുന്നതു് കൂട്ടത്തോടെ എന്നുണ്ടല്ലോ. അത്യന്തം ദാരിദ്ര്യത്തിൽ കഴിഞ്ഞുകൂടിയ രാധാറാണിയുടെ മാതാവു് കൂലിവേലകൊണ്ടും യാതൊന്നും സമ്പാദിക്കാൻ വയ്യാത്ത വിധത്തിൽ

എന്തോ സുഖക്കേട് ബാധിച്ചു കിടപ്പിലായി. ഇതിനാൽ ദിവസവും ആഹാരത്തിനുള്ള വക അന്വേഷിക്കാൻ തന്നെ ആ സ്ത്രീക്ക് കഴിവില്ലാതെവന്നു. യാതൊരാഹാരവും ലഭിക്കാതെ രാധാറാണി എത്രയോ ദിവസം പട്ടിണിയിൽതന്നെ കഴിച്ചുകൂട്ടി. മഹേശപുരത്തിലെ തേരോട്ടം എന്ന ഉത്സവത്തിൻെറ ദിവസത്തിൽ രാധാറാണിയുടെ മാതാവിൻെറ സുഖക്കേട് കലശലായി. മരുന്നും, പോഷകാംശമുള്ള ആഹാരങ്ങളും ഒഴിച്ചുകൂടാൻ പാടില്ല എന്ന നിലയിലായി. എന്നാൽ ആ പാവപ്പെട്ട പെൺകിടാവു് എന്തുചെയ്യാനാണു്!

രാധാറാണിക്കു മാതാവിനെ സഹായിക്കുവാൻ വലിയ ആഗ്രഹം തോന്നിഎങ്കിലും അവൾക്കു യാതൊരു കഴിവും ഉണ്ടായിരുന്നില്ല. ഒടുവിൽ അവൾ ഒരു പുതിയ മാർഗ്ഗം കണ്ടുപിടിച്ചു. മനോഹരങ്ങളായ ചില കാട്ടുപൂക്കൾ ശേഖരിച്ചു് ചില മാലകൾ കെട്ടി അന്നത്തെ തേരോട്ടം സംബന്ധിച്ചു കൂടുന്ന ആളുകൾക്കു വിററു് അല്പം ആദായം ഉണ്ടാക്കുവാൻ അവൾ നിശ്ചയിച്ചു. പാവപ്പെട്ട രോഗിണിയായ മാതാവിന്നു് ഈ ആദായം മുഖേന എന്തെങ്കിലും സഹായം ചെയ്യാമെന്നു് അവൾ കരുതി. ഈ മാലകളുമായി അവൾ ഉത്സവസ്ഥലത്തു് എത്തി. അല്പനേരം കഴിഞ്ഞപ്പോൾ അതികഠിനമായ

ഒരു വർഷപാതം ഉണ്ടായി. രാധാറാണിയുടെ കാട്ടു പൂമാലകൾ യാതൊരു മനുഷ്യരും മേടിക്കുകയുണ്ടായില്ല. അവൾ, ആരെങ്കിലും വാങ്ങുവാൻ വന്നുചേർന്നെങ്കിലോ എന്നു കരുതി ആ മഴയും വകവയ്ക്കാതെ അവിടെതന്നെ നിന്നു. മഴ അല്പമൊന്നു ശമിച്ച് ആളുകൾ ഉത്സവസ്ഥലത്ത് ധാരാളം സഞ്ചരിക്കുമെന്ന് അവൾ ആശിച്ചു. എന്നാൽ വർഷം മേൽക്കുമേൽ അതികഠിനമായതേയുള്ളൂ. തേർവലി തന്നെ അന്നു വളരെ ബദ്ധപ്പെട്ട വിധത്തിൽ നിർവഹിക്കുകയുണ്ടായതേയുള്ളൂ. ക്രമേണ നേരം സന്ധ്യയായി. രാത്രി ആരംഭിച്ചു. ഭയങ്കരമായ ഇരുട്ടും ഇരുട്ടിനേക്കാൾ ഭയാനകമായ മഴയും നിമിത്തം, പാവപ്പെട്ട രാധാറാണി വളരെ വിഷമിച്ചു. അവൾ കരഞ്ഞുകൊണ്ട് വീട്ടിലേക്ക് തിരിച്ചു.

രാത്രിയിലെ അന്ധകാരം നിമിത്തം വഴിയറിയുവാൻ വളരെ വിഷമമായിരുന്നു. കൂടാതെ, വർഷപാതത്താൽ റോഡുകളിൽ വല്ലാത്ത ചെളിക്കെട്ടും ഉണ്ടായിരുന്നു. കൊടുങ്കാററിനിടയിലുള്ള മഴത്തുള്ളികൾ അവളുടെ ദേഹത്തു നിരന്തരം പതിക്കുകയാൽ ആ ബാലിക ക്ഷണംതോറും നടുങ്ങി തപ്പിത്തടഞ്ഞു മുന്നോട്ടു പോവുകയായിരുന്നു. ഏതു വിധത്തിലെങ്കിലും വീട്ടിൽ ചെന്നെത്തി എന്നുതന്നെ വരട്ടെ. അവൾക്ക് ഒരു പൈസാ പോലും കിട്ടുകയുണ്ടായില്ലല്ലോ. നിരാശയും വ്യസ

നവും മഴ ഏററതു നിമിത്തമുള്ള ക്ലേശവും ഇരുട്ടത്തുള്ള യാത്ര നിമിത്തമുണ്ടായ സങ്കടവും നിമിത്തം അത്യധികം ദുഃഖിതയായ ബാലിക കാട്ടുപൂമാലകളെ എല്ലാം നെഞ്ചിനോടു ചേർത്തുപിടിച്ച് വളരെ ധൈര്യത്തിൽ മുന്നോട്ടു കാൽ വെയ്ക്കുകയായിരുന്നു.

രാധാറാണി ഇപ്രകാരം അല്പദൂരം പോയപ്പോൾ ആ ഇരുട്ടത്തു് ഏതോ ഒരാൾ അവൾക്കെതിരായി ചെന്നുചേർന്നു. അതേവരെ ഉള്ളിലടങ്ങിയിരുന്ന വ്യസനം ആ ബാലികയിൽ അപ്പോൾ പൊട്ടിപ്പുറപ്പെട്ടു. സാധുവായ ആ പെൺകിടാവ് പൊട്ടിക്കരഞ്ഞുതുടങ്ങി. എതിരെവന്ന ആൾ വളരെ ദയവോടുകൂടി ചോദിച്ചു:—

"ഈ ഇരുട്ടത്തു് കരഞ്ഞുകൊണ്ടുപോകുന്ന കൊച്ചുകുട്ടീ, ഏതാണ് നീ?"

അതൊരു പുരുഷൻെറ മൃദുത്വമില്ലാത്ത സ്വരമാണെന്നു് അവൾ മനസ്സിലാക്കി. എന്തോ ദയവായിട്ടാണ് ആ മനുഷ്യൻ ചോദിക്കുന്നതെന്നു് അറിഞ്ഞു ബാലിക ഉത്തരം പറഞ്ഞു:—

"ഞങ്ങൾ വളരെ പാവപ്പെട്ടവരാണ്. അമ്മയും ഞാനുമല്ലാതെ വേറേ ആരും ഇല്ല."

ആഗതൻ:—ആട്ടെ; നീ ഇതേവരെ എവിടെ ആയിരുന്നു?"

രാധാറാണി:—ഞാൻ തേരോട്ടംകാണ്മാൻ പോയതാണ്. തിരിച്ചെ വീട്ടിലേക്കു പോകുന്നവഴി മഴയും ഇരുട്ടും നിമിത്തം വഴിതെററി വളരെ സങ്കടപ്പെടുന്നു.

ആഗതൻ:—ആട്ടെ; നിൻെറ വീടെവിടെ?

രാധാറാണി:—ഞങ്ങൾ ശ്രീരാമപുരം ഗ്രാമത്തിലാണു് താമസിക്കുന്നതു്.

ആഗതൻ:—ഓഹോ. ശരി; ഞാനും ശ്രീരാമപുരം ഗ്രാമത്തിലേക്കു് തന്നെയാണു് പോകുന്നതു്. ആട്ടെ; എന്നോടുകൂടെ വരിക. ആ ഗ്രാമത്തിൻെറ ഏതു ഭാഗത്തായിട്ടാണു് നീ താമസിക്കുന്നതെന്നു കേൾക്കട്ടെ. നിന്നെ ഞാൻ ഭദ്രമായി അവിടേയ്ക്കു കൂട്ടിക്കൊണ്ടു പോകാം. ഹാ! ഈ റോഡൊക്കെ ചെളിനിറഞ്ഞതാണു്. നീ ഒരു കാര്യം ചെയ്യുക. നിൻെറ കൈ ഇങ്ങോട്ടു നീട്ടിയാൽ ഞാൻ പിടിച്ചുകൊള്ളാം. വഴിയുടെ സ്വഭാവം അറിയാതെ റോഡിൽ തെററി വീഴരുതല്ലോ.

ഇങ്ങനെ അവർ ഇരുവരുമായി നടന്നു. ആ ഇരുട്ടത്തു് ആഗതനു് പുതിയ മിത്രത്തിൻെറ പ്രായം നിശ്ചയിക്കുക സാദ്ധ്യമായിരുന്നില്ല. എന്നാലും അവളുടെ സ്വരത്തിലും വാക്കുകളിലും നിന്നു് ആ കുട്ടി വളരെ ചെറിയ ഒരു ബാലികയാണെന്നു് അയാൾ ഊഹിച്ചു. ഈ ഊഹത്തോടെ അയാൾ ചോദിക്കുന്നു:—

"ആട്ടെ; നിനക്കു് എത്ര വയസ്സ് പ്രായംവരും?"

"എനിക്കു് പതിനൊന്നു വയസ്സാകാറായി."

"നിൻെറ പേരു്?"

"രാധാറാണി!"

ആഗതൻ:—ആട്ടെ; രാധാറാണി നിന്നെപ്പോലുള്ള ഒരു കൊച്ചുകുട്ടി യാതൊരുത്തരുടേയും സഹായംകൂടാതെ അത്ര ദൂരത്തുള്ള ഒരു ഗ്രാമത്തിലെ തേരോട്ടം കാണ്മാൻ പോകാൻ കാൎയ്യം? ഇതത്ര ബുദ്ധിപൂൎവ്വമായില്ല.

ഇങ്ങനെ പറഞ്ഞുകൊണ്ടു് ആ മനുഷ്യൻ നടന്നു് ക്രമേണ, രാധാറാണിയിൽ നിന്നു് അവളുടെ യാത്രയുടെ ഉദ്ദേശവും ഏതെങ്കിലും വിധത്തിൽ പൈസ ഉണ്ടാക്കാമെന്നു വിചാരിച്ചു് ശ്രമിച്ചതിൽ പററിയ നിരാശയും മനസ്സിലാക്കി. അവൾ തേരോട്ടസ്ഥലത്തു് പോയതു് വല്ല വിശേഷപ്പെട്ട കാഴ്ചയും ഉദ്ദേശിച്ചായിരുന്നില്ല എന്നും രോഗിണിയായ പ്രിയമാതാവിനെ സഹായിക്കുവാൻ അല്പം എന്തെങ്കിലും ആദായം ഉണ്ടാക്കുവാൻ മാത്രമായിരുന്നു എന്നും ആഗതൻ അറിഞ്ഞപ്പോൾ അയാൾ കുറേക്കൂടെ ദയാലുവായി. വിശേഷിച്ചു്, ബുദ്ധിമുട്ടോടെ നെഞ്ചോടു ചേർത്തു പിടിച്ചിരുന്ന ആ കാട്ടു

പൂമാലകളെ അയാൾ ഇരുട്ടിനിടയിലും മനസ്സിലാക്കു കയും ചെയ്തു.

ആഗതൻ:—ആട്ടെ; ഈ മാലകൾ വളരെ വിശേഷപ്പെട്ടവയായിരിക്കുന്നല്ലോ. ഞങ്ങളുടെ വീടുവക ഒരു ക്ഷേത്രമുണ്ടു്. ആ ക്ഷേത്രത്തിലെ ബിംബത്തിൽ ചാർത്താൻ ഇത്തരം മാലകൾ വളരെ യോജിക്കും. ഉത്സവസ്ഥലത്തു് മഴയുടെ ആധിക്യത്താൽ ആളുകളാരും അധികനേരം നിന്നില്ല. അല്ലാത്തപക്ഷം ഞാൻ ഇത്തരം മാല വാങ്ങുമായിരുന്നു. ആട്ടെ; ഇതിൽ ഒരു മാല എനിക്കു് വിലയ്ക്കു തരുമോ?

ഈ ചോദ്യം ബാലികയ്ക്കു് വളരെ സന്തോഷകരമായിത്തോന്നി. എങ്കിലും ആ രാത്രിയിൽ തനിക്കു് വേണ്ട സഹായം ചെയ്യാമെന്നേററു് വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോകുന്ന ഒരാളിനോടു് മാലയ്ക്കു വില ചോദിക്കുന്നതു എങ്ങനെയാണു് എന്നും അങ്ങനെ വില കൈപ്പററാത്ത പക്ഷം മാതാവിനു് മരുന്നു വാങ്ങാനും മററും പണം എവിടെനിന്നാണു് എന്നും അവൾ ചിന്തിച്ചു് വളരെ കുഴങ്ങി. ഏതായാലും ഒരു മാലകൊടുക്കുകതന്നെ എന്നു് നിശ്ചയിച്ചു് ആഗതനെ ഏൽപ്പിച്ചു.

ആഗതൻ:—"ഇതിൻെറ വില നാലു പൈസയാണു്. അല്ലേ?"

എന്ന ചോദ്യത്തോടെ ആഗതൻ നാലു നാണയങ്ങൾ അവളുടെ കയ്യിൽ കൊടുത്തു.

രാധാറാണി ആ നാണയങ്ങൾ വാങ്ങിയശേഷം പറയുന്നു:—

"വില നാലു പൈസാതന്നെ. പക്ഷെ, ഇതു് പൈസാ തന്നെയോ? കുറെ വലിയ പൈസായായിരിക്കുന്നു.

ആഗതൻ:—മായി, ഇതു രണ്ടു പൈ നാണയമാണു്. രണ്ടു്.

രാധാറാണി:—എന്തായാലും ഈ ഇരുട്ടത്തും അവ മിനുങ്ങുന്നുണ്ടു്. തെററിപ്പോയതാണോ? രണ്ടു രൂപായാണോ തന്നതു്?

ആഗതൻ:—ഹെയ് രൂപയോ? രൂപായൊന്നുമല്ല; പുത്തൻ രണ്ടു പൈ നാണയങ്ങളാണു്.

രാധാറാണി:—ആട്ടെ; ഇപ്പോൾ എന്തുമാകട്ടെ. വെളിച്ചത്തു് കൊണ്ടുപോയി നോക്കാമല്ലോ. നോക്കുമ്പോൾ ഇതു് രണ്ടു രൂപായാണെങ്കിൽ ഞാൻ ബാക്കി തിരിയെ തരും.

ഇങ്ങനെ അവർ ഇരുവരുമായി നടന്നു് രാധാറാണിയുടെ താമസസ്ഥലം അടുത്തു. അപരിചിതനായ ആഗതനോടു് ബാലിക പറയുന്നു:—

"ഇങ്ങോട്ടൊന്നു വരണം. ഞാൻ വിളക്കുകത്തിച്ചു നാണയം ഇന്നതാണെന്നു നോക്കിക്കൊള്ളട്ടെ. രൂപയാണെങ്കിൽ തിരിയെ ബാക്കി തരണമല്ലോ."

ആഗതൻ:—ഹെയ്; ആവശ്യമില്ല. ഞാൻ ഇവിടെ ത്തന്നെ നില്ക്കാം. നീ അകത്തുപോയി ഈ നനഞ്ഞ വസ്ത്രങ്ങൾ മാററുക.

രാധാറാണി:—എനിക്കു് മാററുവാൻ വേറെ വസ്ത്രമൊന്നുമില്ല. എനിക്കു് ഉടുക്കാനുള്ളതു് അലക്കുവാൻ ഏല്പിച്ചു കഴിഞ്ഞു. മുണ്ടൊക്കെ അല്പം നനഞ്ഞാൽ ഉണങ്ങുന്നതുവരെ ഞാൻ ഈ നനഞ്ഞ വസ്ത്രംതന്നെ ധരിച്ചുകഴിയുകയാണു്. അതുകൊണ്ടു് ഞങ്ങൾക്കു് ഒരു സുഖക്കേടും ഇല്ല. ആട്ടെ; ഞാൻ വിളക്കു കത്തിക്കുന്നതുവരെ ഇവിടെ അല്പനേരം നില്ക്കുമോ?

രാധാറാണി പെട്ടെന്നു് വീട്ടിനുള്ളിലേക്കു് കടന്നു. അവളും വീട്ടിനു ചുററും നടന്നു് ചില പുൽക്കൊടികൾ പെറുക്കിക്കൊണ്ടുവന്നു് വെളിച്ചം ഉണ്ടാക്കി നാണയം പരിശോധിച്ചപ്പോൾ ആയതു് രണ്ടു രൂപായാണെന്നു ബോദ്ധ്യപ്പെട്ടു. പെട്ടെന്നവൾ ആഗതനെ അന്വേഷിച്ചു് വെളിയിൽ എത്തി. പക്ഷേ, അവിടെ ആരുംതന്നെയില്ലായിരുന്നു.

ബാലികയ്ക്കു് വലിയ നിരാശ തോന്നി. സകല വിവരങ്ങളും അവൾ മാതാവിനെ അറിയിച്ചു എന്താണു വേണ്ടതെന്നു് ചോദിച്ചു. അവളുടെ അമ്മ പറഞ്ഞു:—

“നമുക്കു് എന്തുചെയ്യാം മകളേ? അദ്ദേഹം ആരായിരുന്നാലും നാണയം തെററിപ്പോയിട്ടാണു് തന്നതെന്നു വിചാരിക്കേണ്ട. നമ്മുടെ കഥയൊക്കെ അറിഞ്ഞതിനാൽ എന്തോ ദയവുതോന്നി അദ്ദേഹം സ്വമനസ്സാലേ തന്നതായിരിക്കും. നാം ഇപ്പോൾ വെറും യാചകരെപ്പോലെ ആയിരിക്കുകയാണല്ലോ. അതുകൊണ്ടു് ആവശ്യമില്ലാത്ത ദുരഭിമാനം കരുതി കിട്ടിയ സഹായം ഉപേക്ഷിക്കരുതു്.”

മാതാവും പുത്രിയും ഇപ്രകാരം സംഭാഷണത്തിൽ ഏർപ്പെട്ടിരുന്ന സന്ദർഭത്തിൽ ആരോ ഒരാൾ എത്തി പെട്ടെന്നു കതകിൽ തട്ടി. തെററായി നാണയം ഏല്പിച്ചിരുന്ന ആളായിരിക്കും അതെന്നു തെററിദ്ധരിച്ചു് ബാലിക കതകു തുറക്കുവാൻ ഓടിയെത്തി. എന്നാൽ വന്നയാൾ ഗ്രാമത്തിലെ തുണിക്കച്ചവടക്കാരനായ പത്മലോചനൻ ആയിരുന്നു. അയാളുടെ കൈവശം പുതിയ രണ്ടു സാരിയും ഉണ്ടായിരുന്നു.

പത്മലോചനൻ:—ഇതു് ഇവിടത്തെ രാധാറാണിയ്ക്കാണു്.

രാധാറാണി:—അയ്യോ, അതു് അത്ഭുതമായിരിക്കുന്നു. തെററിപ്പോയതായിരിക്കാം.

പത്മലോ:—അതൊന്നും എനിക്കറിഞ്ഞുകൂട. ഒരു ബാബു വില തന്നുവാങ്ങി ഇവിടെ കൊണ്ടുവന്നുതരാൻ എന്നെ ഏൽപ്പിച്ചിരിക്കുകയാണു്.

രാധാറാണി:—അതേ; അതു് അദ്ദേഹംതന്നെ. തീർച്ചയായും അദ്ദേഹംതന്നെ. അദ്ദേഹം ഈ സാരിവാങ്ങി എനിക്കായിട്ടു കൊടുത്തയച്ചിരിക്കുകയാണു്.

പത്മലോ:—നിങ്ങളുടെ കുടുംബം നല്ലനിലയിലായിരുന്നകാലത്തു് അദ്ദേഹത്തിനു് അറിയാമായിരുന്നിരിക്കണം.

രാധാറാണി:—അദ്ദേഹത്തെ നിങ്ങൾക്കു് അറിയാമോ?

പത്മലോ:—എന്തോ കുഞ്ഞേ നിനക്കദ്ദേഹത്തെ അറിഞ്ഞുകൂടേ?

രാ. റാ:—ഹെയ്; അറിഞ്ഞുകൂട.

പത്മ:—അദ്ദേഹം നിങ്ങളുടെ വല്ല ബന്ധുവുമായിരിക്കുമെന്നു് ഞാൻ കരുതി. എനിക്കദ്ദേഹത്തെ അറിഞ്ഞുകൂട.

പത്മലോചനൻ പോയതോടുകൂടി രാധാറാണി തന്നെ ചന്തയിലേയ്ക്കു പോയി അവളുടെ അമ്മയ്ക്കു് ആവശ്യമുള്ള മരുന്നും വീട്ടിലേക്കു വേണ്ട ചില സാമാനങ്ങളും വാങ്ങി. എണ്ണ മേടിച്ചുകൊണ്ടുചെന്നു വിളക്കു കത്തിച്ചു. അവളുടെ മാതാവിനു വേണ്ട ആഹാരം പാകംചെയ്തു. ഇതിനിടയ്ക്കു് അവൾ പുരമുറി അടിച്ചു വാരിക്കൊണ്ടിരുന്നപ്പോൾ ഒരു മൂലയ്ക്കു് കാണപ്പെട്ട കടലാസ്സു കഷണം അവളുടെ അമ്മയുടെ അടുത്തു കൊണ്ടുചെന്നു കാണിച്ചു.

അമ്മ:—കുഞ്ഞേ, ഇതൊരു കറൻസിനോട്ടാണു്.

രാ. റാ:—എന്നാൽ ഇതും അദ്ദേഹം ഈ മുറിയ്ക്കകത്തേയ്ക്കു് എറിഞ്ഞതായിരിക്കാം.

അമ്മ:—അതേ; അദ്ദേഹം നിനക്കൊരു സമ്മാനം തന്നതായിരിക്കാം.

രധാറാണി:—അങ്ങനെയാണെങ്കിൽ അദ്ദേഹം എത്ര നല്ല ഒരാളായിരിക്കും? അമ്മേ, ഇത്ര നല്ല ഒരാളിനെപ്പററി ഇതിനുമുമ്പെങ്ങാൻ അമ്മകേട്ടിട്ടുണ്ടോ?

മാതാവു്:—ദേ, നോക്കു്; അദ്ദേഹത്തിൻെറ പേരും ആ നോട്ടിൻെറ ഒരുററത്തു് കുറിച്ചിട്ടുണ്ടു്: അങ്ങനെ പേരെഴുതിയിരിക്കുന്നതു് എന്തിനാണെന്നു് അറിയാമോ? ഈ നോട്ടു് ആരുടെ പക്കൽനിന്നും മോ

ഷ്ടിച്ചതല്ല എന്നറിയിക്കാനാണ്. അദ്ദേഹത്തി ൻെറ പേരു നോക്കട്ടെ—'രുക്മിണികമാരറായി' എന്നാണ്.

അടുത്ത ദിവസം തന്നെ ആ മാതാവും പുത്രിയും കൂടി 'രുക്മിണികമാരറായി' ആരാണെന്ന് അറിവാൻ ഒരു അന്വേഷണം നടത്തി. എന്നാൽ ശ്രീരാമപുരത്തിലോ സമീപത്തുള്ള മറേറതെങ്കിലും ഗ്രാമത്തിലോ ഇങ്ങനെ ഒരാൾ ഉള്ളതായി അവർക്ക് മനസ്സിലാക്കാൻ കഴി ഞ്ഞില്ല. ഏതായാലും ആ നോട്ടു ചില്ലറയായി മാററാ തെ അവർ സൂക്ഷിച്ചതേയുള്ളു. അവർ വളരെ പാവപ്പെ ട്ടവരായിരുന്നെങ്കിലും തീരെ അത്യാഗ്രഹം ഉള്ളവരല്ലാ യിരുന്നു.

## II

രാധാറാണിയുടെ മാതാവിനു ഉദ്ദേശിച്ചിരിക്കാത്ത വിധമുള്ള ശുശ്രൂഷകൾക്കും ചികിത്സകൾക്കും സാധിച്ചതു് വലിയ ഒരു അനുഗ്രഹമായി. എന്നാൽ അവരുടെ രോഗത്തിന്നു് പറയത്തക്ക കുറവൊന്നും തന്നെ ഉണ്ടായില്ല. അവർ ഒരുകാലത്തു് ധാരാളം പണമുണ്ടായിരുന്ന ഒരു കുടുംബത്തിലെഅംഗമായിരുന്നു. എന്നാൽ ഇപ്പോൾ കേവലം നിർദ്ധനാവസ്ഥയിൽ എത്തിപ്പോയിരുന്നു. ശരീര ക്ഷീണം കൊണ്ടും മനസ്സിന്റെ ക്ലേശം കൊണ്ടും ആ മാതാവിന്റെ ശക്തി മുഴുവൻ ക്ഷയിച്ചിരുന്നു. അവരുടെ രോഗം നാൾക്കുനാൾ വർദ്ധിച്ചുവന്നു. ഒടുവിൽ, അവർ മരിച്ചുപോകുമെന്നുള്ള നിലയിലും എത്തി.

അക്കാലത്തായിരുന്നു, ലണ്ടനിലെ ബഹുമാനപ്പെട്ട പ്രിവീകൗൺസിൽ കോടതിയിൽ നിന്നു് ആ സ്ത്രീക്കു് ഗുണകരമായ വിധി സിദ്ധിച്ചതു്. ഈ വിധി പരസ്യമായതോടുകൂടി ആ നിസ്സഹായയുടെ വസ്തുക്കളും വകകളും തിരിച്ചു കിട്ടുവാനും കോടതിച്ചെലവെന്ന ഇനത്തിൽ എതിർ കക്ഷികൾ കൊടുത്തിരുന്നതു തിരിയെ ലഭിക്കുവാനും അവർക്കു് അവകാശം സിദ്ധിച്ചു. കാമാഖ്യനാഥബാബു എന്നൊരാളായിരുന്നു, അവരുടെ വക്കീലായി വാദിച്ചിരുന്നതു്. അദ്ദേഹം മേൽ പറയപ്പെട്ട [illegible] അറിഞ്ഞ ഉടൻതന്നെ അവരുടെ പാവ

പ്പെട്ട കട്ടിലിൽ എത്തി. മിക്കവാറും മരണശയ്യയിൽ കിടന്നിരുന്ന ആ സ്ത്രീക്ക് കേസ്സ്ജയത്തെപ്പററിയുള്ള വർത്തമാനം വളരെ സന്തോഷകരമായിരുന്നു. ആനന്ദബാഷ്പം ഒഴുക്കിക്കൊണ്ടു് ആ സ്ത്രീ പറഞ്ഞു:—

"അണയാൻപോകുന്ന ദീപത്തിനു് അവിടുന്നു് ഇപ്പോൾ വേണ്ടുവോളം എണ്ണ ഒഴിക്കുകയാണുചെയ്തതു്. എന്നാൽ എൻെറ ആയുസ്സിനെ ദീർഘിപ്പിക്കാൻ ഈ സന്തോഷവർത്തമാനത്തിനും സാധിക്കുമെന്നുതോന്നുന്നില്ല. എനിക്കിനി ജീവിതം വളരെ കുറച്ചുമാത്രമേയുള്ളു. എന്നാൽ എനിക്കു് ഇത്രയും ഒരു സമാധാനം ഉണ്ടു്. എൻെറ പാവപ്പെട്ട മകൾപട്ടിണി കിടക്കേണ്ടിവരികയില്ലല്ലോ. എന്തോ, അതും അത്ര തീർച്ചപ്പെടുത്താൻ പാടില്ല. എൻെറ കുട്ടി വെറും ഒരു കൊച്ചു പെൺകിടാവാണു്. അവളുടെ അവകാശങ്ങളേയും വസ്തുക്കളേയും ആരാണു പരിപാലിച്ചുകൊടുക്കുന്നതു്? അവിടത്തോടു, അതുകൊണ്ടു് എനിക്കു് ഒരു അപേക്ഷയുണ്ടു്. എൻെറ കുഞ്ഞിനു് ഒരു പിതാവും രക്ഷകർത്താവുമായി അവിടുന്നു മാത്രമേയുള്ളു."

കാമാഖ്യനാഥബാബു എന്ന ഈ വക്കീൽ അത്യന്തം വിശ്വസ്തനും ദയാലുവും സത്യവാനും ആയിരുന്നു. അദ്ദേഹം രാധാറാണിയുടെ പിതാവിൻെറ ഒരു വിശ്വസ്തമിത്രമെന്ന നിലയിൽ ആ കുടുംബത്തിൻെറ സ്നേഹ

ത്തിനും ആദരവിനും പാത്രീഭവിച്ചുമിരുന്നു. എന്നാൽ ആ കുടുംബത്തിന്നു് ആപത്തുകൾ അടിയ്ക്കുടി വന്നു ചേർന്ന ഘട്ടത്തിൽ രാധാറാണിയേയും മാതാവിനേയും സ്വന്തഭവനത്തിൽ താമസിച്ചുകൊള്ളുവാൻ ഇദ്ദേഹം ക്ഷണിക്കുകയുണ്ടായി. എന്നാൽ രാധാറാണിയുടെ മാതാവു് ആ ക്ഷണം സ്വീകരിച്ചില്ല. തൽക്കാലം അവരുടെ കൈവശം ആവശ്യത്തിനുള്ള പണം ഉണ്ടെന്നും അത്യാവശ്യം നേരിടുമ്പോൾ വിവരം അറിയിക്കാമെന്നും പറഞ്ഞു് ആ സ്ത്രീ ഒഴിയുകയാണു് ചെയ്തതു്. എന്നാൽ ആരുടെയെങ്കിലും സഹായത്തിനു് അവർ പാത്രീഭവിച്ചിരുന്നുവെങ്കിൽ ആയതു് രുഗ്മിണികുമാരബാബുവിൽനിന്നു മാത്രമായിരുന്നു. അവർക്കു് എന്തെല്ലാം ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും നേരിടാനുണ്ടായിരുന്നു എന്ന സംഗതിപോലും കാമാഖ്യനാഥന്നു് അറിവുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ കക്ഷി തൻെറ അപേക്ഷ ഒന്നുകൂടെ ആവർത്തിച്ചതു കേട്ടപ്പോൾ അദ്ദേഹം വളരെ ദയയോടെ ഇങ്ങനെ പറഞ്ഞു:—

"അങ്ങനെ അപേക്ഷിക്കേണ്ട. ഇന്നവിധം ചെയ്യണം എന്നു് എന്നോടു് ആജ്ഞാപിച്ചാൽ മതിയാകും. അവിടുന്നു് എന്താഗ്രഹിക്കുന്നുവോ, ആയതു്, അക്ഷരംപ്രതി നിർവഹിക്കുവാൻ ഞാൻ തയ്യാറാണു്."

രാധാറാണിയുടെ മാതാവു്:—ഞാൻ ഈ ലോകം വിടേണ്ട ഘട്ടം അടുത്തിരിക്കുന്നു. എൻെറ പെൺകിടാ

വിനെ ഞാൽ വിട്ടേച്ചുപോകാതെ തരമില്ല. എന്റെ ഭർത്താവിന്റെ പിതാവ് സ്വമനസ്സാലെ അദ്ദേഹത്തിന്റെ മകന്നു നൽകിയ സ്വത്തു മുഴുവൻ കോടതി വിധി മൂഖേന എന്റെ മകൾക്കാണ് ലഭിക്കുന്നതു്. അവളെ ഒന്നു രക്ഷിക്കണേ എന്നുള്ള ഒററ അപേക്ഷ മാത്രമേ എനിക്കുള്ളു. പണക്കാരുടെനേരെ അക്രമം പ്രവർത്തിക്കാൻ ഒരുങ്ങുന്നവരിൽ നിന്നു് അവളെ രക്ഷിച്ചുകൊള്ളണമേ. ഇതൊന്നുമാത്രമാണു് എന്റെ അവസാനത്തെ അപേക്ഷ.

വക്കീൽ:—രാധാറാണിയെ ഒരു പുത്രിയേക്കാൾ കാര്യമായി ഞാൻ നോക്കിക്കൊള്ളാം എന്നു് ഇതാ, സത്യംചെയ്തു പറയുന്നു.

മരിക്കാറായിക്കിടന്ന ആ സ്ത്രീ ഈ സത്യവാചകംകേട്ടു് അടുത്തു നിൽക്കുന്ന ആളിനെ നോക്കി. അദ്ദേഹത്തിന്റെ കണ്ണുകൾ കണ്ണുനീർ നിറഞ്ഞു കാണപ്പെട്ടു. രോഗിയുടെ അധരങ്ങളിൽ ഒരു മന്ദഹാസം കളിയാടി. ആസ്ത്രീയുടെ അന്ത്യ നിമിഷങ്ങൾ അടുത്തുവന്നു. ആ നിലയിൽ എങ്കിലും ഇനിയും സമയം കളയാതെ തന്നോടുകൂടെ ആ സ്ത്രീ ചെന്നു താമസിയ്ക്കണമെന്നു് കാമാഖ്യബാബു അഭിപ്രായപ്പെട്ടു. അഥവാ, കോടതി വിധി അനുസരിച്ചു സ്വന്തം ഭവനം ഒഴിഞ്ഞുകിട്ടുമ്പോഴും ആ

തിൽ താമസിക്കുവാൻ തയ്യാറാകണമെന്നു് അദ്ദേഹം അപേക്ഷിച്ചു. ഇതു കേട്ടപ്പോൾ തന്റെയും പുത്രിയുടേയും നിർദ്ധനത്വവും നിസ്സഹായതയും നിശ്ശേഷം പോയി എന്ന വിചാരം ആ സ്ത്രീയിൽ മുന്നിട്ടുനിന്നു. സുഖക്കേടിനു് അല്പം വാശി കാണുന്നതോടുകൂടി ആ സ്ഥലം വിട്ടുമാറാൻ സമ്മതമാണെന്നു് രോഗിണി സമ്മതിക്കുകയും ചെയ്തു.

ചികിത്സകൊണ്ടുള്ള പ്രയോജനം ക്രമേണ കുറഞ്ഞു. തന്റെയും പുത്രിയുടേയും സ്വത്തുക്കൾ തിരിയെ കിട്ടി എന്നറിഞ്ഞ ദിവസങ്ങൾക്കിടയ്ക്കു് തന്നെ രോഗിണി മരിച്ചു. ആ സ്ത്രീയുടെ പുത്രിക്കു് ന്യായമായി സിദ്ധിക്കേണ്ട എല്ലാ അവകാശങ്ങളും ലഭിക്കുവാൻ കാമാഖ്യബാബു നിരന്തരം യത്നിച്ചു. എന്നാൽ അവൾ ഒരു കൊച്ചു പെൺകിടാവായതുകൊണ്ടു് സ്വത്തു് എല്ലാം ആ വക്കീൽ തന്നെ സംരക്ഷകൻ എന്ന നിലയിൽ സൂക്ഷിച്ചുപോന്നു.

രാധാറാണിയുടെ പിതാവിന്റെ സ്വത്തു് അവൾക്കു് ശരിയായി അവകാശപ്പെട്ടു കിട്ടിയതോടുകൂടി കാമാഖ്യബാബു ഉചിതമായ മേൽനോട്ടം വഹിച്ചു. അക്കാലത്തെ സമുദായനിയമം അനുസരിച്ചു് ബാല്യവിവാഹം നിഷിദ്ധമല്ലായിരുന്നു. എന്നാൽ രാധാറാണിയെപ്പോലെയുള്ള ഒരു കൊച്ചു പെൺകുട്ടിയെ അത്ര

ത്തെ വിവാഹബന്ധത്തിൽ ഉൾപ്പെടുത്തുവാൻ അവ ളുടെ സംരക്ഷണകർത്താവു് കരുതിയില്ല. അദ്ദേഹം അവളെ വിദ്യാഭ്യാസം ചെയ്യിക്കാൻ തീർച്ചയാക്കി. വിദ്യാഭ്യാസത്തിന്റെ ശേഷം, തക്കതായ പ്രായപൂർത്തി എത്തുമ്പോൾ മാത്രം അവളെ വിവാഹത്തിൽ ഉൾപ്പെടുത്തിയാൽ മതിയാകുമെന്നും അദ്ദേഹം തീരുമാനിച്ചു.

## III

വർഷം അഞ്ചു് മെല്ലെ മെല്ലെ കഴിഞ്ഞു. രാധാറാണി ഇപ്പോൾ പതിനാറു വയസ്സുള്ള, ഏററവും സൌന്ദൎയ്യമേറിയ ഒരു ചെറുയുവതിയായി കാണപ്പെടുന്നു. അക്കാലത്തെ ആചാരം അനുസരിച്ചു് അവളെ വെളിയിൽ ആർക്കുംതന്നെ കാണാമായിരുന്നില്ല. അവളെ മററൊരുവനുമായി വിവാഹബന്ധത്തിൽ ഏർപ്പെടുത്തേണ്ട ഘട്ടം അടുത്തു. അവളുടെ വിവാഹകാൎയ്യത്തിൽ മററാരുമല്ല, വരനെ നിശ്ചയിക്കേണ്ടതു് എന്നും, അവളുടെ ഇഷ്ടംപോലെയുള്ള ഒരാളെ അവൾ സ്വീകരിക്കട്ടെ എന്നും ആയിരുന്നു,സംരക്ഷകൻെറ അഭിപ്രായം. അവൾ തനിയെ ഒരു ഭവനത്തിൽ കഴിഞ്ഞുകൂടുന്നതു നിമിത്തം മുഷിവു തോന്നാതിരിക്കുവാൻ കാമാഖ്യബാബുവക്കീൽ, മകൾ വസന്തകുമാരിയെ രാധാറാണിയുടെ ഒരു മിത്രം എന്ന നിലയിൽ ആ ഭവനത്തിൽ താമസിപ്പിച്ചിരുന്നു. ഈ രണ്ടു ബാലികമാരും സമ പ്രായക്കാരായിരുന്നതിനാൽ അവർ തമ്മിൽ അത്യധികം സ്നേഹവിശ്വാസങ്ങളോടെ പെരുമാറിപ്പോന്നു. രാധാറാണി, അതിപ്രധാനമായ അവളുടെ വിവാഹത്തെപ്പററി ഏതുതരം അഭിപ്രായമാണു് പുലർത്തുന്നതു് എന്നറിവാൻ കാമാഖ്യബാബു മകളെ പ്രത്യേകം പ്രേരിപ്പിക്കുകയും ചെയ്തു. ഒരു ദിവസം വസന്തകുമാരി, പിതാവിനോടു് ഇപ്രകാരം ചോദിച്ചു:—

"രുഗ്മിണികുമാർറായി എന്നൊരാൾ ഉണ്ടോ അച്ഛാ?"

കാമാഖ്യബാബുവിനു അല്പം ആശ്ചര്യം തോന്നി പറയുന്നു:—

"എന്തോ എനിക്കറിഞ്ഞുകൂടാ. നീ ചോദിച്ചതെന്തിനാണു്?"

വസന്തകുമാരി:—രാധാറാണി ആരെയെങ്കിലും വിവാഹം കഴിക്കുന്ന പക്ഷം, അതു് രുഗ്മിണികുമാർറായിയെത്തന്നെ ആയിരിക്കും എന്നു കേട്ടു.

ഇതു കേട്ട വക്കീൽ അല്പനേരം നിശ്ശബ്ദമായി ഇരുന്നുപോയി. അനന്തരം അദ്ദേഹം ചോദിക്കുന്നു:—

"എനിക്കറിഞ്ഞുകൂടാത്ത ഒരു ചെറുപ്പക്കാരനെ രാധാറാണിക്കു് എങ്ങനെ പരിചയമായി? നീ പറയുന്നതെന്താണു്?"

രാധാറാണി നിസ്സഹായയും നിർദ്ധനയും ആയി കഴിഞ്ഞുകൂടിയ ഒരു കാലത്തു് പ്രത്യേകസഹായം ചെയ്ത രുഗ്മിണീകുമാരറായിയെപ്പററി വസന്തകുമാരി കേട്ടിട്ടുള്ള കഥ ആ ചെറു യുവതി പിതാവിനെ അറിയിച്ചു. ഇതു കേട്ടു് കാമാഖ്യബാബു മകളോടു് ഇങ്ങനെ പറഞ്ഞു:—

എന്നാൽ നീ അവളോടു പറഞ്ഞേയ്ക്കണം. വിവാഹം എന്നു പറയുന്നതു് ഒരു [illegible] അല്പം [illegible]

ളുടെ നിസ്സഹായതയിൽ അവളെ സഹായിച്ച ആളി നോടു കൃതജ്ഞത കാണിക്കേണ്ടതു ശരിതന്നെ. പക്ഷേ അതു തക്ക സന്ദർഭം വന്നുചേരുമ്പോഠം ആയിരിക്കണം. എന്നാൽ ആ ആളിനെത്തന്നെ വിവാഹം കഴിക്കുക എന്നു പറയുന്നതു് വളരെ വ്യത്യാസമുള്ള ഒരു സംഗ തിയാണു്. അയാളുടെ ജാതി, അയാളുടെ ഇന്നത്തെ നില, തൊഴിൽ, പ്രായം എന്നിവയെപ്പററി നാം ചി ന്തിക്കേണ്ടേ?. മിക്കവാറം, അയാഠം വിവാഹം കഴിഞ്ഞു ഒരു കുടുംബം പുലർത്തിവരുന്ന ആളാണെങ്കിലോ? ആ വിധത്തിലായാൽ അയാഠംക്കു് രാധാറാണിയെ വിവാ ഹംകഴിക്കാൻ ഇടകിട്ടുമോ?

വസന്തകുമാരി:——അച്ഛാ, അതൊക്കെ ശരിതന്നെ. ഇതെ ല്ലാം രാധാറാണിക്കു് നല്ലപോലെ അറിയാമെന്നു ള്ളതുതന്നെ. എന്നാൽ അവഠം നിസ്സഹായ എന്ന നിലയിൽ ആ തേരോട്ടം കണ്ടു തിരിയെ എത്തിയ ആ രാത്രിയിൽ സഹായിച്ച ആളിനെ അവഠം അന്നുതൊട്ടേ ആരാധിച്ചുവരികയാണു്. അവഠം നമ്മോടുകൂടി താമസിച്ചിരുന്ന അഞ്ചുവർഷത്തിൽ ഒരൊററ ദിവസമെങ്കിലും അദ്ദേഹത്തെപ്പററി സംസാരിക്കാതിരുന്നിട്ടില്ല. അവളെ, അതുകൊണ്ടു വേറേ ആർക്കുതന്നെ വിവാഹം കഴിച്ചു കൊടു

ന്നാലും അതു് അവരംക്കു് തീരെ സന്തോഷകരം ആയിരിക്കുകയില്ല.

കാമാഖ്യബാബു:——ഹടട! ഇതൊരു പുതിയ കഥതന്നെ! ഈ സുഖക്കേടിനു തക്ക ചികിത്സ ചെയ്യാതെ തരമില്ല. ഏതായാലും ആദ്യമായുള്ള ചികിത്സ ഈ 'രുഗ്മിണികുമാരറായി'യെ ഇന്നാരെന്നു് ഒന്നു മനസ്സിലാക്കുന്നതു തന്നെ.

ഇതനുസരിച്ചു് അദ്ദേഹം, ആ ഔദാര്യം ഏറിയ അപരിചിതനെ കണ്ടുപിടിക്കാൻ വളരെ ശ്രമങ്ങരം നടത്തി. അനവധി സ്നേഹിതന്മാർ മുഖേന വേണ്ടപോലെ അന്വേഷണം ചെയ്തു. തൻെറ അനവധി കക്ഷികരംക്കു്, ഇങ്ങനെയൊരാരം ഉണ്ടെങ്കിൽ കണ്ടുപിടിച്ചു കൊടുക്കണം എന്നു കാണിച്ചു് അനവധി കത്തുകരം അയച്ചു. പല വർത്തമാനക്കടലാസ്സുകളിലേക്കും താഴെ കാണുന്ന വിധം ഒരു പരസ്യം കൊടുത്തു:——

"ബാബുരുഗ്മിണികുമാരറായി എന്ന മാന്യൻ ദയവുചെയ്തു താഴെ കാണുന്ന പേരുകാരനുമായി ഒരു പ്രൈവററ സംഭാഷണത്തിനു് തയ്യാറാകുമെങ്കിൽ ദിവസവും സമയവും അറിയിക്കുവാൻ അപേക്ഷിക്കുന്നു. ആ സംഭാഷണം കൊണ്ടു് അദ്ദേഹത്തിനു് ഒരു പ്രത്യേക തരത്തിലുള്ള ഗുണമാണു് സംഭവിക്കുന്നതെന്നുകൂടെ ഉറപ്പു പറഞ്ഞുകൊള്ളുന്നു.

വക്കീൽ, കാമാഖ്യാബാബു"

 No: 3065

എന്നാൽ ഈ ശ്രമങ്ങൾ ഏതും വിഫലമായതേ ഉള്ളൂ. ദിവസങ്ങളും ആഴ്ച്ചകളും എന്നല്ല, മാസങ്ങളും വർഷങ്ങളും മുറയ്ക്കു നീങ്ങിക്കൊണ്ടിരുന്നു. 'രുഗ്മണീകമാരറായി' എന്ന ആൾ ഇനിയും വെളിയിൽ ആർക്കും പരിചയപ്പെടുന്നവനായി കണ്ടില്ല. ഇങ്ങനെ കഴിയുന്ന കാലത്തു് രാധാറാണിയുടെ സംരക്ഷകനായ കാമാഖ്യബാബു വക്കീലും എന്തോ രോഗത്താൽ ബാധിതനായി മരണം അടഞ്ഞു. ഇങ്ങനെ വീണ്ടും രാധാറാണി നിസ്സഹായ ആയി. ഇതു സംബന്ധിച്ച അടിയന്തിരത്തിനു ശേഷം രാധാറാണി സ്വന്തം ഭവനത്തിൽ സ്വാതന്ത്ര്യമായി കുടുംബസ്വത്തുക്കളെ സംരക്ഷിച്ചുകൊണ്ടു പാർക്കുവാൻതന്നെ തീർച്ചയാക്കി.

ഇപ്രകാരം തന്റെ പിതൃസ്വത്തുക്കൾ കൈവശം വന്നുചേർന്നതോടുകൂടി രാധാറാണി നിർവഹിച്ച പ്രധാന കൃത്യം രണ്ടു ലക്ഷം രൂപ ഗവർമ്മെന്റിനെ ഏൽപിച്ചു നിർദ്ധനർക്കും രോഗാതുരർക്കും വേണ്ട രക്ഷ നൽകുന്നതിനുള്ള ഒരു മന്ദിരം തീർപ്പിച്ചതായിരുന്നു. ആ മന്ദിരത്തിന്നു് "രുഗ്മിണീകമാർ പ്രാസാദം" എന്ന പേരും നൽകി.

ഈ പേരു പുതിയ കെട്ടിടത്തിന്നു കല്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റുദ്യോഗസ്ഥന്മാർക്കു് ചില അഭി

പ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു. എന്നാൽ കെട്ടിടത്തിനുവേണ്ടി പണം ചെലവുചെയ്ത ആളിൻെറ അഭിമതം ആ പേരുതന്നെ വേണം എന്നായിരുന്നല്ലോ. അവളുടെ ദാരിദ്ര്യപീഡാകാലത്തു് അമ്മയും മകളുമായി നാടുവിട്ടതും 'ശ്രീരാമപുരം' എന്ന ഗ്രാമത്തിൽ അവളുടെ മാതാവു് പുതിയ ഒരു കുടിൽ കെട്ടി പാർത്തതും അവൾ എപ്പോഴും ഓർമ്മിച്ചുപോന്നിരുന്നു. ഇതു് സ്വന്തം നാടായ രാജപുരത്തു് നിർദ്ധനരായി കഴിഞ്ഞുകൂടുന്നതു് വലിയ അഭിമാനക്ഷയത്തിന്നു കാരണമാകും എന്ന വിചാരത്തിലായിരുന്നല്ലോ. ഇപ്പോൾ രാധാറാണി സ്വന്തം നാടായ രാജപുരത്തിൽ സ്വന്തം ഭവനത്തിൽ നിന്നു് അധികം അകലെയല്ലാതെ, ഒരു നിർദ്ധനസംരക്ഷണസദനം ഉണ്ടാക്കി അവളുടെ ബാല്യകാലത്തിലെ കഷ്ടപ്പാടുകൾക്കു് അതു് ഒരു സ്മാരകമന്ദിരമെന്ന നിലയിൽ പുലർത്തിവന്നു. ഈ മന്ദിരത്തിൽ കഴിഞ്ഞുകൂടുവാൻ അനവധി സ്ഥലങ്ങളിൽനിന്നു് അനവധി ആളുകൾ പ്രതിദിവസം എത്തിക്കൊണ്ടിരുന്നു.

## IV

ഒന്നോ രണ്ടോ സംവത്സരം കഴിഞ്ഞശേഷം, രാധാറാണിയുടെ അനാഥസംരക്ഷണാഭവനത്തിൽ ഒരു മാന്യൻ എത്തി. അയാൾക്ക് മുപ്പത്തിഅഞ്ചുവയസ്സ് പ്രായം തോന്നിക്കുമായിരുന്നു. അയാളുടെ മുഖഭാവം ഗൗരവയുക്തവും ദയാപൂർണ്ണവും ആയിരുന്നു. സുഖസമ്പൂർണ്ണമായ പരിതഃസ്ഥിതികളിൽ കഴിഞ്ഞുകൂടുന്ന ഒരാളായിരുന്നു അതെന്നു ആർക്കും ഊഹിക്കാം. അയാൾ അല്പനേരം രുഗ്മിണീകുമാർ പ്രാസാദത്തിൻെറ പുറം ഗേററിൽ കാത്തുനിന്നശേഷം ആ മന്ദിരം ആരുടെ വസതിയാണു" എന്നു് അവിടെ കാണപ്പെട്ട സേവകന്മാരോടു ചോദിച്ചു. അതു ആരുടേയും പ്രത്യേകിച്ചുള്ള ഭവനമല്ലായിരുന്നു എന്നും അനാഥരും നിർദ്ധനരും ആയ ആളുകൾക്കുവേണ്ടിയുള്ള ഒരു വാസസങ്കേതമാണെന്നും സേവകന്മാർ പറഞ്ഞു. ആ മന്ദിരത്തിൻെറ പേരും സ്ഥാപകയും ഇന്നതാണെന്നും ഇന്നയാളാണെന്നും കൂടെ ആഗതനു മനസ്സിലായി. അയാൾക്ക് ആ മന്ദിരം സന്ദർശിച്ചാൽ കൊള്ളാമെന്നു് ആ മനുഷ്യൻ തൻെറ ആഗ്രഹം പ്രകാശിപ്പിച്ചു.

"അനാഥരും നിർദ്ധനരും ആയ മനുഷ്യർക്ക് ഒരു അഭയസ്ഥാനമായ ഈ മന്ദിരത്തിൽ ആർക്കും യഥേഷ്ടം

കടന്നുചെല്ലാം" എന്നു സേവകന്മാർ പറഞ്ഞതു കേട്ട് ആഗതൻ അകത്തു പ്രവേശിച്ച് സൂക്ഷ്മമായി ആ മന്ദിരം പരിശോധിച്ചശേഷം തിരിയെ എത്തി സേവകരോടു പറയുന്നു.—

"ഞാൻ ആ മന്ദിരം ഒട്ടുക്ക് ചുററിനടന്നു നോക്കി. നിർദ്ധനരും രോഗാർത്തരും ആയ അശരണർക്കു വേണ്ടി ഈ മന്ദിരത്തിൽ നിർവഹിച്ചിട്ടുള്ള ഓരോ ഏർപ്പാടും എത്രയും സ്തുത്യർഹമായിരിക്കുന്നു. ഈ മന്ദിരം ആരുടെ ഔദാര്യത്തിൻെറ ഫലമാണെന്നു അറിഞ്ഞാൽ കൊള്ളാം. അയാളുടെ പേരു് രുഗ്മിണീകുമാർ എന്നായിരിക്കുമോ?"

സേവകന്മാർ:—അല്ല, ഞങ്ങളുടെ യജമാനത്തിയാണ് ഈ മന്ദിരം സ്ഥാപിച്ചിട്ടുള്ളതു്. ശ്രീമതി രാധാറാണി എന്ന മഹതി.

ആഗതൻ:—എന്നാൽപ്പിന്നെ ഈ മന്ദിരത്തിന്നു് 'രുഗ്മിണീകുമാർ പ്രസാദം' എന്ന പേരു കൊടുത്തിരിക്കുന്ന കാരണം?

സേവകന്മാർ:—അതു് ഞങ്ങൾക്കറിഞ്ഞുകൂടാ.

ആഗതൻ:—ആരാണ് ഈ രുഗ്മിണീകുമാർ എന്നറിയാമോ?

സേവകന്മാർ:—അതും ഞങ്ങൾക്കറിഞ്ഞുകൂട.

ആഗതൻ:—എന്നാൽ ഈ മന്ദിരത്തിന്റെ സ്ഥാപക താമസിക്കുന്നതു് എവിടെ എന്നറിയാമോ?

ഇതുകേട്ടു് ആ പരിചാരകർ സമീപത്തു് ഒരു ഭവനം ചൂണ്ടിക്കാണിച്ചു. ഇതു കണ്ടു് ആഗതൻ ചോദിക്കുന്നു.—

"നിങ്ങളുടെ യജമാനത്തി വിവാഹം കഴിഞ്ഞയാളാണോ?"

പരിചാരകൻ:—അല്ല; വിവാഹം കഴിഞ്ഞയാളുമല്ല, വിധവയുമല്ല. യജമാനത്തി വലിയൊരു കുടുംബത്തിലെ അംഗമാണു്. അവരുടെ ബന്ധുക്കളെല്ലാം മരിച്ചുപോയി. അവരെ വിവാഹംകഴിച്ചുകൊടുക്കാൻ ചുമതലയുള്ളവർ ആരുമില്ല.

ആഗതൻ:—അങ്ങനെയാണെങ്കിൽ ആ യജമാനത്തി പുരുഷന്മാരോടു സംസാരിക്കുന്ന കൂട്ടത്തിലാണോ?" ചോദിക്കുന്നതുകൊണ്ടു പരിഭവിക്കരുതേ. ഇക്കാലത്തു് പലരും പുരുഷന്മാരുമായി സ്വാതന്ത്ര്യത്തിൽ സംസാരിക്കുന്നവരാണു്. ചിലർക്കു് അതു ഇഷ്ടമല്ലാതേയും ഉണ്ടു്. അതുകൊണ്ടാണു് ചോദിച്ചതു്.

പരിചാരകർ:—ഞങ്ങളുടെ യജമാനത്തി അക്രൂട്ടത്തി
ലല്ല. ബന്ധുക്കൾ തന്നേയായാലും പുരുഷന്മാർ
വളരെ അപൂർവ്വമായേ കാണ്മാൻ ചെല്ലാറുള്ളൂ. അ
വരുമായി സംസാരിക്കുന്നതും അതുപോലെതന്നെ.

ഇതു കേട്ട ആഗതൻ ആ അപരിചിതയെ ഒന്നു
കാണണമെന്നുള്ള ഉദ്ദേശത്തിൽ അവരുടെ വാസസ്ഥല
ത്തു് ചെന്നു് ഗേററിന്ന സമീപം നിന്നു.

---

V

ആഗതൻ അക്കാലത്തെ ഒരു മാന്യ ബംഗാളിയുടെ രീതിയിൽ വസ്ത്രധാരണം നിർവഹിച്ചിരുന്നു. അയാളുടെ കൈവിരലിൽ തിളങ്ങുന്നുണ്ടായിരുന്ന വജ്രമോതിരത്തിന്റെ കതിർവീശൽ ആ ഭവനത്തിന്റെ ഗേറ്റുസൂക്ഷിപ്പുകാരെ വളരെ ആകർഷിച്ചു. അയാളോടുകൂടെ വേറെ യാതൊരുമനുഷ്യരും ഇല്ലായിരുന്നു. പരിചാരകർ ആഗതനെ ഇന്നാരെന്നു് അറിയുവാൻ പ്രത്യേകം ആഗ്രഹമുള്ളവരായി എങ്കിലും അയാൾ, താനാരെന്നു തെളിയിച്ചു പറയുവാൻ സന്നദ്ധനായില്ല. രാധാറാണിയുടെ പ്രധാന കാര്യദർശിയെക്കണ്ടു്, അയാളുടെ കൈവശം ഏൽപ്പിക്കുവാൻ ഒരു കത്തു കൊടുത്തയച്ചു. "ഈ കത്തു് താങ്കളുടെ യജമാനത്തിയെ കാണിച്ചു്, ദയവുചെയ്തു്, മറുപടി അറിയിക്കുക." എന്നുംകൂടെ അപേക്ഷിച്ചു. കത്തു കണ്ടപ്പോൾ കാര്യദർശി ആഗതനെ ഇങ്ങനെ അറിയിച്ചു:—

"സർ, ഞങ്ങളുടെ യജമാനത്തി അവിവാഹിതയാണു് വിശേഷിച്ചു യുവതി. അതിനാൽ യജമാനത്തിക്കു വരുന്ന കത്തുകൾ, ഞാൻ പൊട്ടിച്ചു വായിച്ചു നോക്കിയശേഷം മാത്രമേ അവിടെ അറിയിക്കാൻ പാടുള്ളു എന്നുള്ളതു് ഇവിടെ പ്രത്യേകനിയമമാണു്."

ഇതുകേട്ടു് ആഗതൻ ആ കത്തു് കാൎയ്യദൎശിയെ വായിച്ചുകൊള്ളുവാൻ അനുവദിച്ചു. കത്തു് ഇപ്രകാരമായിരുന്നു:—

പ്രിയസഹോദരി, ഈ കത്തു് അവിടെ അയയ്ക്കുന്ന ആൾ ഒരു പുരുഷൻ ആണു് എങ്കിലും, അയാളുമായി ഒരു അഭിമുഖസംഭാഷണം അനുവദിക്കണമെന്നു് അപേക്ഷിക്കുന്നു."

താങ്കളുടെ പഴയ സുഹൃത്തു്,
ശ്രീമതി വസന്തകുമാരി.

കാമാഖ്യബാബുവിൻെറ പുത്രിയായ വസന്തകുമാരിയുടെ കൈയൊപ്പു് നല്ലപോലെ പരിചിതമായിരുന്നതിനാൽ രാധാറാണിയുടെ കാൎയ്യദൎശിക്കു് ആഗതനെ പ്രവേശിപ്പിക്കുവാൻ യാതൊരു തടസ്സവും ഉണ്ടായിരുന്നില്ല. അതനുസരിച്ചു് കത്തു് അകത്തേയ്ക്കു് കൊടുത്തയയ്ക്കപ്പെട്ടു.

അല്പനേരം കഴിഞ്ഞപ്പോൾ ഒരു ഭൃത്യ എത്തി ആഗതനെ ആ ഭവനാധിപയുടെ സമീപത്തേക്കു് കൂട്ടിക്കൊണ്ടുപോകാൻ എത്തി. അയാളെ പുരുഷന്മാർ ആരുംതന്നെ പിൻതുടരുകയുണ്ടായില്ല. അപ്രകാരമായിരുന്നു അവിടത്തെ നിയമം.

ഭൃത്യ ആഗതനെ രാധാറാണിയുടെ പ്രത്യേക ഇരിപ്പുമുറിയിലേക്കു് പ്രവേശിപ്പിച്ചു. ആ വിശേഷപ്പെട്ട മുറിയിൽ ഇതാദ്യമായിട്ടായിരുന്നു, ഒരു പുരുഷൻ പ്രവേശിച്ചതു്. ആഗതനെ കണ്ട ഉടൻതന്നെ ഇങ്ങനെ ഒരാൾ എത്തിയവിവരം യജമാനത്തിയെ അറിയിക്കാൻ മറെറാരു ഭൃത്യ ബദ്ധപ്പെട്ടു നടന്നു. മറെറാരാൾ എത്തി ആ സന്ദർശകൻെറ വസ്ത്രധാരണരീതികളെപ്പററി ഒരു സൂക്ഷ്മ പരിശോധന നടത്തി. അയാളുടെ മുഖഭാവം മറെറാരാൾ സൂക്ഷിച്ചു. ഒരു പുതിയ മുല്ലപ്പൂവിൻെറ ശോഭാവിശേഷം ആ മുഖത്തു് കളിയാടിയിരുന്നു. അയാളുടെ ശരീരം വേണ്ടുവോളം പൊക്കമുള്ളതും ബലവത്തും ആയിരുന്നു. നെററിത്തടം വിസ്താരമേറിയതും തലമുടി ചുരുളുകൾ പ്രത്യേകം നൃത്തമാടുന്നതും ആയിരുന്നു. അയാളുടെ കണ്ണുകൾ പ്രകാശമാനങ്ങളും, വിസ്താരമുള്ളവയും ആയിരുന്നു. അയാളുടെ ദീർഘ ബാഹുക്കളുടെ അററത്തു വിരലുകളിൽ ഒന്നിൽ മനോഹരമായ ഒരു വജ്രമോതിരവും തിളങ്ങുന്നുണ്ടായിരുന്നു.

രാധാറാണി മുറയ്ക്കു് തൻെറ പ്രത്യേക മുറിയിൽ എത്തി ഭൃത്യയെ പറഞ്ഞയച്ചു. ആഗതൻ അവിടെ പ്രവേശിച്ചപ്പോൾ കാണപ്പെട്ട സുന്ദരീരത്നം അയാളെ ആശ്ചര്യപരവശനാക്കി, അവളുടെ പുത്തനായ ആ

സൗന്ദര്യം അയാൾക്ക് അത്യാനന്ദം പ്രദാനം ചെയ്തു. അവിടെ കണ്ട യുവതിയെക്കാൾ പ്രായക്കൂടുതലുള്ള ആൾ എന്ന നിലയിലും ഒരു പുരുഷൻ എന്ന സ്ഥിതിക്കും ആഗതൻ തന്നെ ആദ്യമേ വർത്തമാനം പറയാൻ മുതിർന്നു എങ്കിലും പുതിയ അതിഥിയെ കണ്ട ഗൃഹനായികതന്നെ അയാളോട് ഇങ്ങനെ ചോദിച്ചു:—

എന്നോടു വർത്തമാനം പറയാൻ ഉദ്ദേശിച്ച് എത്തിയ താങ്കൾക്ക് എന്താണ് അറിയിക്കാനുള്ളതെന്നു ചോദിച്ചുകൊള്ളട്ടെ. ഞാൻ ഒരു അവിവാഹിതയാണ്. ആ സ്ഥിതിക്ക് താങ്കളുടെ അപേക്ഷ സമ്മതിച്ചതു് എന്റെ പ്രിയസഖിയായ വസന്തകുമാരിയുടെ ശുപാർശ അനുസരിച്ചു മാത്രമാണ്."

ആഗതൻ:—എന്നാൽ താങ്കളുടെ അടുത്തു് എത്തണമെന്നു് എനിക്ക് അത്ര വലിയ ആഗ്രഹം ഉള്ളതായി പറയാനുമില്ല.

രാധാറാണി:—ഓഹോ! അങ്ങനെയാണോ? താങ്കൾ എന്നെ കാണുവാൻ ആഗ്രഹിക്കുന്നതു് ഇന്ന ആവശ്യത്തിലേയ്ക്കാണെന്നു് വസന്തകുമാരി എന്നെ അറിയിച്ചിട്ടും ഇല്ല. അതു് താങ്കളിൽ നിന്നു തന്നെ മനസ്സിലാക്കിക്കൊള്ളാം.

ഇതുകേട്ട ആഗതൻ ഒരു പഴയ വർത്തമാനക്കട ലാസ്സ് കൈവശം ഉണ്ടായിരുന്നതു് വിടർത്തി 'രുഗ്മിണീകുമാർ' എന്നയാളിനെ കാണ്മാൻ ആഗ്രഹിച്ച കാമാഖ്യബാബു വക്കീൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു പരസ്യത്തിൻെറ ഭാഗം ഗൃഹനായികയെ കാണിച്ചു. ആ കടലാസ്സുഭാഗം കണ്ടതോടുകൂടി രാധാറാണി പെട്ടെന്നു് ഭയം ആശ്ചര്യം എന്നിവകൊണ്ടു് സ്തംഭിച്ച പോലെ നിലകൊണ്ടു. അതോടുകൂടി അവൾ ആ അപരിചിതൻെറ മുഖത്തു് സൂക്ഷിച്ചൊന്നു നോക്കി. അവളുടെ അതിബാല്യകാലത്തിലെ സഹായക്കാരൻ അതു തന്നെയായിരിക്കുമോ എന്നവൾ സംശയിച്ചു. ഈ നിലയിൽ വാസ്തവം അറിയുവാനുള്ള ഉൽക്കണ്ഠയാൽ രാധാറാണി ചോദിക്കുകയാണു്:—

"സർ, താങ്കൾ തന്നേയാണോ ഈ രുഗ്മിണീകുമാരബാബു എന്ന ആൾ?"

ആഗതൻ:—അല്ല, ഞാനല്ല.

ഇതുകേട്ട ഉടൻതന്നെ രാധാറാണി പെട്ടെന്നു ഒരു കസാല നീക്കിയിട്ടു് അതിൽ ഇരുന്നു. കാരണം ആശ്ചര്യവും സംശയവും അവളിൽ അധികമായി അവൾക്കു് നിൽക്കുന്നതു് അസാദ്ധ്യമെന്നതുതന്നേയായിരുന്നു. ആഗതൻ തുടർന്നു പറഞ്ഞു:—

"ഞാനാണ് രുഗ്മിണീകുമാരബാബു എങ്കിൽ ഈ പരസ്യം താങ്കളുടെ സംരക്ഷകനു് അന്നു് പത്രങ്ങളിൽ കൊടുക്കുകയില്ലായിരുന്നു. അദ്ദേഹത്തിനു് എന്നെ നല്ല പോലെ അറിയാമായിരുന്നു."

രാധാറാണി:—"സർ, ഈ പരസ്യവുമായിട്ടു് താങ്കൾക്കു് യാതൊരു ബന്ധവും ഇല്ലാത്തപക്ഷം, ഈ പത്രക്കടലാസ്സു് താങ്കൾ ഇത്ര കാര്യമായി സൂക്ഷിച്ചതു് എന്തിലേയ്ക്കായിരുന്നു?"

ആഗതൻ:—ഹെയ്; വെറും ഒരു നേരമ്പോക്കു കരുതി മാത്രം. ഏഴെട്ടു് വർഷങ്ങൾക്കു് മുമ്പു് ഞാൻ കാൽ നടയായി പലേ സ്ഥലങ്ങളിലും അങ്ങനെ സഞ്ചരിക്കുക ഒരു പതിവായിരുന്നു. ഇങ്ങനെ ഒരു കാൽനട സവാരിക്കാരനായിക്കഴിഞ്ഞുകൂടിയാൽ ആളുകളുടെ ആക്ഷേപത്തിനു പാത്രമാകുമെന്നു കരുതി ഞാൻ പേരൊന്നുമാററി രുഗ്മിണീകുമാര ബാബു എന്നൊരു പേർ തന്നത്താൻ എടുത്തു. ഈ പേരു് വേറെ ആർക്കെങ്കിലും ഉള്ളതായി തോന്നുന്നില്ല. കൂടാതെ, എൻെറ ഈ പേരു് അഥവാ വല്ലവരും അറിഞ്ഞാൽപോലും അവർക്കു് എന്നെ അന്വേഷിക്കുവാൻ യാതൊരു കാരണവും ഉണ്ടായിരിക്കുകയില്ല എന്നുകൂടെ ഞാൻ വിചാരിച്ചു. അങ്ങനെയിരിക്കവേയാണു് പത്രത്തിൽ

എന്നെ സംബന്ധിച്ച ഒരു പരസ്യംകാണ്മാൻ ഇടയായതു്. എന്നാൽ പരസ്യം ഉടമസ്ഥനെ ഞാൻ ചെന്നു കാണുകയുണ്ടായതും ഇല്ല.

രാധാറാണി:—എന്നിട്ടു്?

ആഗതൻ:—എന്നിട്ടു് താങ്കളുടെ സംരക്ഷകൻ മരിച്ചു എന്നു കേട്ടു. അദ്ദേഹത്തിൻെറ പുത്രന്മാർ വിവരം എന്നെ അറിയിച്ചു. അന്നു ചില അത്യാവശ്യ കാര്യങ്ങൾ ഉണ്ടായിരുന്നതു നിമിത്തം പോകുവാൻ സാധിച്ചില്ല. അതുകഴിഞ്ഞു് നാട്ടിൽ എത്തിയപ്പോൾ ഞാൻ ആദ്യമായി ചെയ്തതു് കാമാഖ്യബാബുവിൻെറ ഭവനത്തിൽ എത്തിയതായിരുന്നു. അദ്ദേഹത്തിൻെറ പുത്രന്മാരെക്കണ്ടു വിവരം പറഞ്ഞു. വർത്തമാനങ്ങൾക്കിടയ്ക്കു്, അവരുടെ പിതാവു് പ്രസിദ്ധപ്പെടുത്തിയിരുന്ന പരസ്യത്തെപ്പററി ചോദിച്ചു. അതു് 'രാധാറാണി' എന്നൊരാളിൻെറ ആവശ്യം അനുസരിച്ചാണു് എന്നു് അവർ പറഞ്ഞു. അപ്പോൾ ഞാൻ ഏതാനുംകാലംമുമ്പു് ഈ പേരിൽ ഒരു കൊച്ചുപെൺകുട്ടിയെ കണ്ടിട്ടുണ്ടായിരുന്നല്ലോ എന്നതു് ഓർത്തു. യാതൊരാളും സഹായത്തിനില്ലാതെ രാത്രി കഠിനമായ മഴയത്തു് ഏതാനും മാലകളുമായി നനഞ്ഞു വിഷമിച്ചു നടന്ന ആ പെൺകിടാവു്!

രാധാറാണി:—ആ പാവപ്പെട്ട പെണ്ണിൻെറ കഥ എന്തു മാകട്ടെ. അതിനെപ്പററി ഇത്രയൊക്കെ പറയാനെന്താണ്? ആട്ടെ; താങ്കൾ വന്നകാൎയ്യം എന്താണെന്നു പറയുമോ?

ആഗതൻ:—അവളെപ്പററി അങ്ങനെ പറയരുതേ. ഈ ലോകത്തു് ഇത്രയും നല്ല ഒരു പെൺകിടാവിനെ ഞാൻ കണ്ടിട്ടില്ല. അവളുടെ ആ ലാഘവം കൂടിയ സംഭാഷണത്തിൻെറ സുഖം ഒന്നു വേറെ തന്നെയാണ്.

ഇങ്ങനെ പ്രസ്താവിക്കുന്നതിനിടയ്ക്കുതന്നെ, "ആ മനോഹരമായ ശബ്ദംതന്നേയാണ് ഞാൻ ഇപ്പോഴും കേൾക്കുന്നതു്" എന്നു ആത്മഗതം ചെയ്തു. അയാൾ രാധാറാണിയുടെ വർത്തമാനം കേട്ടിട്ടു് എത്രയോ വർഷം കഴിഞ്ഞിരുന്നു.

അതെ; അയാൾ ബാലികയായ രാധാറാണിയെ കണ്ടിട്ടു് എത്രയോ വർഷം കഴിഞ്ഞിരിക്കുന്നു. എന്നിട്ടും അന്നത്തെ ഓർമ്മ ആസ്പദമാക്കി ആ യുവതി പഴയ ബാലിക തന്നെയാണെന്നു ഊഹിക്കുവാൻ അയാൾക്കു് സാധിച്ചു. മുമ്പിൽ നിൽക്കുന്ന യുവതി പക്ഷേ, പഴയ പെൺകിടാവല്ലെങ്കിൽ പററാവുന്ന ബുദ്ധിഹീനതയെപ്പററി അയാൾ അല്പനേരം ചിന്തിച്ചു. അയാൾ വിചാരിക്കുകയാണ്:—

"ഞാനെന്തൊരു ബുദ്ധിഹീനൻ! ഞാൻ അന്നു കണ്ട പെൺകുട്ടി ഒരു പാവപ്പെട്ട അനാഥപ്പെൺകുട്ടിയായിരുന്നു. ഇപ്പോൾ എൻെറ മുമ്പിൽക്കാണുന്നതോ സർവ്വാംഗസുന്ദരിയായ ഒരു പ്രഭുകുമാരിയാണ്. ഇപ്പോഴും ആ പെൺ കൊടിയുടെ ശബ്ദം എൻെറ ചെവിയിൽത്തന്നെ മുഴങ്ങുന്നു. അന്നു ഞാൻ ആ രാത്രിയിൽ വർത്തമാനം പറഞ്ഞതല്ലാതെ ആ ബാലിക സൗന്ദര്യവതിയാണോ അല്ലയോ എന്നറിവാൻപോലും എനിക്ക് സാധിച്ചില്ല. ഈ കാണുന്ന സുന്ദരിയായ യുവതി ആ കൊച്ചു കുട്ടിയുടെ ഒരു പത്തിലൊരംശം ലാവണ്യത്തോടുകൂടിയവൾ മാത്രമാണ് എങ്കിൽ പോലും ഒരു പുരുഷൻെറ അനുരാഗത്തിനു് എത്രമാത്രം യോഗ്യയാണ്!"

രാധാറാണിയാകട്ടെ, ആ അപരിചിതൻെറ വാക്കുകളിൽ മുഴുകിയപ്പോലെയായതേയുള്ളു. അവളുടെ ഹൃദയത്തെ അന്നോളം പരിചിതമല്ലാതിരുന്ന ഒരു സന്തോഷകരമായ വികാരം ആക്രമിച്ചു. അവൾ വിചാരിക്കുകയാണ്:—

"അല്ലയോ സുന്ദരയുവാവേ, താങ്കൾ അഭിനന്ദനപരമായി എന്തെല്ലാം കരുതുന്നുവോ, അതൊക്കെയും തന്നെ താങ്കളെപ്പററിയായിരിക്കുന്നതാണ് ഏററവും നന്നു്. ഈ എട്ടുവർഷവും എങ്ങുമേ കാണാതിരുന്ന

താങ്കൾ ഇപ്പോൾ എവിടെ നിന്നായിരിക്കും എത്തു ന്നതു്? ഏതോ ഒരു ദേവതയേപ്പോലെ താങ്കൾ സ്വർഗ്ഗ ലോകത്തു നിന്നു തന്നെ എത്തുകയായിരിക്കുമോ? താങ്ക ളുടെ അന്നത്തെ ആ പെൺകിടാവിനോടു തോന്നിയ ദയവാണോ താങ്കളെ ഇപ്പോൾ ഇവിടെ എത്തിക്കുകയു ണ്ടായതു്? എൻെറ ഈ പാവപ്പെട്ട ഹൃദയം അങ്ങയെ എത്ര കാലമായി ആരാധിച്ചു പോരികയാണു് എന്ന പരമാർത്ഥം അങ്ങു് ഗ്രഹിക്കുകയുണ്ടായോ?"

പകൽസമയത്തു് സ്പഷ്ടമായി അവർ ഇരുവരും തമ്മിൽ കാണുന്നതു് ഇപ്പോൾ മാത്രമാണു്. ആ സന്ദ ർഭത്തിൽ രണ്ടുപേരും ഇപ്രകാരം വീണ്ടും വിചാ രിച്ചു:—

"താങ്കളെപ്പോലെ മററാരേയാണു് കാണ്മാൻ കിട്ടുക? താങ്കളെപ്പോലെ അത്ര സുന്ദരമായ ഒരാളിനെ ഈ ഭൂലോകത്തു് മററെവിടെ കാണാൻ സാധിക്കും? താങ്കളുമായി സിദ്ധിച്ച പരിചയത്തിന്നു് ഏഴെട്ടു വർ ഷത്തെ പഴക്കം ഉണ്ടെങ്കിലും അതു് ഇപ്പോഴും പുത്ത നായിത്തന്നെ കാണുന്നു. ഓരോ നിമിഷത്തിലും താ ങ്കൾ പുതിയതെന്നുള്ള ഒരു തോന്നൽ മാത്രമല്ലേ ഉണ്ടാ കുന്നുള്ളു!

ആ യുവതിയുടെ നേത്രങ്ങളിൽ നിന്നു് ആനന്ദ ബാഷ്പം ചൊരിഞ്ഞുകൊണ്ടു് അവൾ പറയുന്നു:—

"സർ, താങ്കൾ ഇതേവരെയും അന്നു കണ്ട പാവപ്പെട്ട പെൺകുട്ടിയെപ്പററി ഏതാണ്ടോ പറയുന്നു എന്നല്ലാതെ ഇവിടെ വന്നകാര്യത്തെപ്പററി യാതൊന്നും ശബ്ദിക്കുന്നില്ലല്ലോ."

ആഗതൻ:—അതേ; ഞാൻ അക്കാര്യം പറയാൻ ആരംഭിക്കുന്നതേയുള്ളു. താങ്കളെ ഒന്നു കണ്ടതോടുകൂടി അന്നത്തെ ആ കൊച്ചുപെൺകിടാവു് എൻെറ ഓർമ്മയിൽ എത്തി. ഇങ്ങനെ ഞാൻ ഓർമ്മിച്ചു് ആ ബാലികയുടെ അന്നത്തെ ലക്ഷണങ്ങൾ എല്ലാം ഒന്നിച്ചു ആലോചിച്ചു ഭവതിയെ സൂക്ഷിച്ചു നോക്കുമ്പോൾ അന്നത്തെ എൻെറ ആ രാധാറാണി തന്നേയാണു് ഇപ്പോൾ എൻെറ മുമ്പിൽ നിൽക്കുന്നതു് എന്നെനിക്കു് തോന്നിപ്പോകുന്നു.

രാധാറാണി:—നിങ്ങളുടെ രാധാറാണിയോ?

ആഗതൻ:—അതെ; എൻെറ അന്നത്തെ ആ രാധാറാണി! ഞാൻ ഏഴെട്ടു വർഷത്തിനു മുമ്പു് ഒരു ദിവസം രാത്രി കണ്ടതേ ഉള്ളു. എന്നാൽ എനിക്കു് അശേഷം തെററിപ്പോയില്ല എന്നു് നല്ല നിശ്ചയമുണ്ടു്. ഇതു് എൻെറ അന്നത്തെ രാധാറാണിതന്നേയാണു്.

ഈ സംശയം തോന്നിയതുകൊണ്ടുമാത്രമാണ്, ഞാൻ കാമാഖ്യബാബുവിൻെറ പുത്രനോട് രാധാറാണി ഏതാണെന്ന് ചോദിക്കുകയുണ്ടായത്. എന്നാൽ എന്തു കാരണത്താലോ, എൻെറ സംശയങ്ങൾക്കെല്ലാം തക്കതായ സമാധാനം അയാൾ തരികയുണ്ടായില്ല. "ഞങ്ങളുടെ കുടുംബത്തിൻെറ ഒരു പഴയമിത്രം" എന്നു മാത്രമാണ് അയാൾ അന്നു എന്നോടു പറഞ്ഞത്. എന്തു കാരണത്താലോ കാര്യങ്ങൾ വിശദമാക്കാൻ മനസ്സില്ലാത്ത ഒരാളിനെ കൂടുതൽ നിർബന്ധിക്കണമെന്നും ഞാൻ കരുതിയില്ല. രാധാറാണി എന്തു കാര്യത്തിന്മേലാണ് രുക്മിണികുമാരിനെ അന്വേഷിക്കുന്നത് എന്നു ഞാൻ ചോദിച്ചു. ആവശ്യമുള്ളപക്ഷം രുക്മിണികുമാറിനെപ്പററി ചില വിവരങ്ങൾ ഞാൻ അറിയിക്കാം എന്നുകൂടെ അയാളോടു പറഞ്ഞു. എന്നാൽ അക്കാര്യങ്ങളെപ്പററി അയാൾക്കു തന്നേയും യാതൊരു നിശ്ചയവും ഇല്ല എന്നാണ് ആ മനുഷ്യൻ പറകയുണ്ടായത്. അയാളുടെ പിതാവ് തന്നെ അതു സംബന്ധിച്ച കാര്യങ്ങൾ മുഴുവൻ വളരെ രഹസ്യമായി സൂക്ഷിക്കുകയായിരുന്നുവത്രേ. എന്നാൽ അയാളുടെ സഹോദരിക്ക് കാര്യങ്ങൾ ഏതാണ്ട് അറിയാമായിരുന്നതിനാൽ രുക്മിണികുമാറിനെപ്പററി ചില കാര്യങ്ങൾ അറിയാവുന്ന എന്നോടു ഏതാണ്ട് ആലോ

ചിക്കണമെന്നു് ആ യുവതിക്കു് തോന്നി. ഈ വിവരം അയാളിൽ നിന്നാണു് എനിക്കു് മനസ്സിലായതു്. അല്പം കഴിഞ്ഞപ്പോൾ അയാൾ അകത്തേയ്ക്കു പോവുകയും, ഞാൻ ഒരു സാക്ഷിപത്രമോ അഭിനന്ദനപത്രികയോ പോലെ ഇവിടെ ഹാജരാക്കിയ കത്തു് എന്നെ ഏൽപ്പിക്കുകയും ചെയ്തു. എന്നെ അയാളുടെ സഹോദരി ഏൽപ്പിച്ച കത്തു് ഇവിടെ എത്തിക്കുക മാത്രം ചെയ്താൽ മതിയാകുമെന്നു് അയാൾ അറിയിച്ചു. ഞാൻ അതനുസരിച്ചു പ്രവർത്തിച്ചതിൽ വല്ല തെററും ഉണ്ടെങ്കിൽ ദയവുചെയ്തു ക്ഷമിക്കണേ."

രാധാറാണി:—താങ്കൾ വലുതായ ഒരു തെററു ചെയ്കയുണ്ടായി. ആ തെററിനെപ്പററി ഞാൻ പിന്നെപ്പറഞ്ഞുകൊള്ളാം. ഇപ്പോൾ ഇത്രയും മാത്രം അറിയിച്ചുകൊള്ളട്ടെ. താങ്കളെ ഇവിടെ വരുവാൻ ഞാൻ അനുവദിച്ചതു് ഒരു വലിയ തെററിദ്ധാരണയിന്മേലായിരുന്നു. താങ്കൾ സംസാരിക്കുവാൻ ഉദ്ദേശിച്ച രാധാറാണി ഏതായിരുന്നുവെന്നു് എനിക്കറിഞ്ഞുകൂട. അവളെ ആദ്യമായി താങ്കൾ കണ്ടവിധം ഒന്നു പറഞ്ഞു തരാമെങ്കിൽ എൻെറ തെററിദ്ധാരണ നീങ്ങുന്ന വിധത്തിൽ ഞാൻ പറയാം.

ഇതുകേട്ട രുഗ്മിണീകുമാർബാബു, ഏഴെട്ടുവർഷ ത്തിന്നു മുമ്പ് ഒരു രാത്രിസമയത്തു് തേരോട്ടം കാണ്മാൻ പോയി ആരുമേ സഹായത്തിനില്ലാതെ വീട്ടിലേക്കു തിരിച്ച ആ പാവപ്പെട്ട പെൺകുട്ടിയെ കാണുവാനിട യായ ഏല്ലാം വിവരിച്ചു പ്രസ്താവിച്ചു. അവളുടെ ഭയാശ ങ്കകളിൽനിന്നു് അവളെ രക്ഷിച്ചതും വീട്ടിലേക്കു കൂട്ടി ക്കൊണ്ടുപോയതും ആയ സകല ഏല്പങ്ങളേയും രുഗ്മി ണീകുമാർബാബു വളരെ തന്മയത്വത്തോടെ വിസ്തരി ച്ചു കേൾപ്പിച്ചു. എന്നാൽ അയാൾ കാണിച്ച ദയാലുത്വ ത്തെയും ചെയ്ത സഹായത്തേയും പററി മാത്രം യാതൊ ന്നും പ്രസ്താവിക്കുകയുണ്ടായില്ല.

രാധാറാണി പറയുന്നു:—ഞാൻ ഇപ്പോൾ ചോദിച്ചതു് അർത്ഥമില്ലാത്ത ചോദ്യമല്ല. ഒരു അപരിചിത നായ ആൾ എന്നോടു ചെയ്ത തെററ് എന്തായി രുന്നുവെന്നു് അവിടെ അറിയിക്കാൻ മാത്രമായി ട്ടായിരുന്നു. താങ്കൾ പ്രസ്താവിച്ച കഥ പരമാർത്ഥ മാണെങ്കിൽ താങ്കൾക്കു് എന്നോടു് നേരത്തെ പരമാർത്ഥങ്ങൾ തുറന്നു പറയാമായിരുന്നു. അതു പോലെ തന്നെ ആ പാവപ്പെട്ട പെൺകുട്ടിക്കു് താങ്കൾ എന്തു സഹായമാണു് നിവ്വഹിച്ചതു്? അക്കാര്യമൊന്നും പറയുകയും ഉണ്ടായില്ല. എന്താ വല്ല സഹായവും അന്നു ചെയ്തുവോ?

ആഗതൻ:—എനിക്കു് അന്നത്തെ, ആ സന്ദർഭത്തിന്റെ സ്വഭാവം അനുസരിച്ചു് എന്തു ചെയ്യാമായിരുന്നുവോ, ആ സഹായം ഞാൻ ചെയ്യുകയുണ്ടായി. അന്നത്തെ തേരോട്ടം കാണുവാൻ ഞാൻ ചെന്നു ചേർന്നതു് ബോട്ടുമാർഗ്ഗമായിട്ടായിരുന്നു. അന്നു വൈകുന്നേരം അസാധാരണമായ ഒരു കൊടുങ്കാററടി ഉണ്ടായി. മിക്കവാറം ഭദ്രമല്ലാതിരുന്ന ഒരു ചെറു ബോട്ടിൽ തിരിയെ പോകുന്നതു് ഏതായാലും നന്നല്ല എന്നു ഞാൻ കരുതി. അതിനാൽ നടന്നുതന്നെ തിരിയെ നാട്ടിൽ വന്നു ചേരാം എന്നു വിചാരിച്ചു. എന്റെ കൈവശം അപ്പോഠ വളരെ കുറച്ചു പണം മാത്രമേ ഉണ്ടായിരുന്നുള്ളു. അതിൽ ഒരു ഭാഗം ആ പാവപ്പെട്ട പെൺകുട്ടിക്കു് കൊടുത്തു. എന്റെ ആ പുതിയ പരിചയക്കാരിയെപ്പററി കൂടുതൽ വിവരങ്ങഠ പിറേറ ദിവസം തിരക്കി അറിഞ്ഞുകൊള്ളാം എന്നു സമാധാനപ്പെട്ടുകൊണ്ടു അന്നു ഞാൻ അവിടംവിട്ടു. എന്നാൽ അന്നു രാത്രിതന്നെ എനിക്കു് അത്യാവശ്യമായവിധം ഒരു കമ്പികിട്ടി. എന്റെ പിതാവു് ബനാറീസ്സിൽ അപായകരമായവിധം സുഖക്കേടിൽപെട്ടിരിക്കയാണു് എന്നു്. ഞാൻ അന്നു ബനാറീസ്സ വിട്ടിട്ടു് ഒരു വർഷ

മായിരുന്നു. ഞാൻ ബനാറീസ്സിൽ നിന്ന് തിരിയെ എത്തി പഴയ ചെറു മിത്രത്തേയും ആ കുട്ടിയുടെ രോഗിണിയായ മാതാവിനേയും തിരക്കി. പക്ഷേ, യാതൊരു ഫലവും ഉണ്ടായില്ല. അമ്മയും മകളും ആ സ്ഥലം വിട്ടിരുന്നു എന്നു മനസ്സിലാക്കി.

രാധാറാണി:—ആട്ടെ, എനിക്കു് വലിയൊരു സംശയം ഉണ്ടു്. താങ്കൾക്കു് അന്നത്തെ ആ രാധാറാണി എന്ന പെൺകുട്ടിയോടു് അത്ര വളരെ സ്നേഹം തോന്നാനുള്ള കാരണം കേൾക്കട്ടെ. ആ ഒരു കാര്യം അറിവാൻ എനിക്കു തോന്നുന്ന ആഗ്രഹം ക്ഷമിക്കുമല്ലോ. അന്നത്തെ ആ കൊടുങ്കാററിലും മഴയിലും നിന്നു് രക്ഷനേടുവാൻ താങ്കൾ രാധാറാണിയുടെ വീട്ടിൽ എത്തുകയുണ്ടായെങ്കിൽ എത്ര നേരമായിരിക്കും; അവിടെ കഴിച്ചുകൂട്ടിയതു്?

ആഗതൻ:—ഏതാനും നിമിഷങ്ങൾമാത്രം. ആ പെൺകുട്ടി ഒരു വിളക്കു് കത്തിക്കുന്ന സമയംവരെ എന്നുമാത്രമേ പറവാനുള്ളു. ഇതിനിടയ്ക്കു് അടുത്തകടയിൽ നിന്നു ഒരു സാരി മേടിക്കുവാൻ ഞാൻ അവിടം വിട്ടിരുന്നു.

രാ. റാ:—താങ്കൾ അവൾക്ക് മററൊന്തെങ്കിലും സമ്മാനം കൊടുക്കുകയുണ്ടായോ?

ആഗതൻ:—ഞാൻ മററെന്തു കൊടുക്കാനാണ്? എൻെറ കൈവശം ചില്ലറ ഒരു നോട്ടുണ്ടായിരുന്നു എന്നു തോന്നുന്നു. അതു് ഞാൻ ആ കുടിലിൽ വച്ചിരുന്നു.

ഇതുകേട്ട് രാധാറാണി പെട്ടെന്നു് അവിടെനിന്നു മറഞ്ഞു. ഈ പറയപ്പെട്ട "നോട്ടു" അവൾ സൂക്ഷിച്ചു വച്ചിരുന്നു. ആ നോട്ട് കൊണ്ടുവന്നു ആ ഗൃഹനായിക ആഗതനെ കാണിച്ചു.

ശുദ്ധമേ പാവപ്പെട്ടവരുടെ ഒരു കുടിലിൽ ഇത്തരം ഒരു നോട്ടു അന്നു ഇട്ടിട്ടുപോയതു് തീരെ ബുദ്ധിപൂർവ്വകമായില്ല. താങ്കളുടെ കയ്യിൽ നിന്നു ഇതു കളഞ്ഞുപോയതായിരിക്കും എന്നല്ലേ, അവർ കരുതുവാൻ ഇടയുള്ളതു്?

ആഗതൻ:—അങ്ങനെയല്ല. പെൻസിൽ കൊണ്ടു് ആ നോട്ടിന്മേൽ ഞാൻ രാധാറാണിക്കു് എന്നു എഴുതിയിരുന്നു. എന്നു മാത്രമല്ല, ഞാൻ ആ നോട്ടിൽ രുക്‌മിണികുമാർബാബു എന്നപേരും എഴുതിയിരുന്നു. അല്ലാത്തപക്ഷം ആ സാധുക്കൾ നോട്ടെടുത്തതിനുശേഷവും മാറാതെ എന്നെ അന്വേഷിക്കുമായിരുന്നുവെന്നു എനിക്കറിയാം.

രാ, റാ:—സർ, താങ്കൾ വളരെ കഠിനഹൃദയത്തോടെ ചെയ്ത അപരാധം എന്തെന്നു പറയട്ടെ. ഇത്രയും കാലം താങ്കൾ ആ പാവപ്പെട്ട രാധാറാണിയുടെ കൃതജ്ഞത അറിയിക്കുവാൻ അവളെ സമീപിക്കാതിരുന്നതു് തീർച്ചയായും ക്ഷമിക്കാൻ പാടില്ലാത്ത ഒരു അപരാധം തന്നേയാണു്. രാധാറാണിയുടെ ആ പത്തുകാലത്തു് സഹായിച്ച താങ്കളോടു് നന്ദിയുള്ളവളായിരിക്കാൻ അവൾക്കു് തക്ക കാരണം ഉണ്ടെന്നുള്ളതു് താങ്കൾക്കു അറിയാമല്ലോ.

ഈ വാക്കുകളോടെ അവൾ ആ നോട്ടു് അവിടെ നിന്ന ആഗതൻെറ കൈവശം ഏൽപ്പിച്ചു. അയാളുടെ മുമ്പിൽ നമസ്കരിച്ചു കൊണ്ടു് പറയുന്നു:—

അല്ലയോ ആപത്തുകാലത്തു വലിയ ഉപകാരം ചെയ്ത ഔദാര്യശേഖരമേ, അന്നു അങ്ങു കാണിച്ച ദയവു കൊണ്ടു് എൻെറ അമ്മയെ മരണത്തിൽ നിന്നു രക്ഷിക്കാൻ സാധിച്ചു. നിർദ്ദയന്മാരെക്കൊണ്ടു നിറഞ്ഞ ഈ ലോകത്തു് അങ്ങു് ചെയ്ത ഉപകാരത്തിനു് ഞാൻ അവിടത്തോടു് ഏററവും നന്ദിയുള്ളവളായിരിക്കുന്നു.

# VI

ആ രണ്ടുപേരും പരസ്പരമുള്ള സ്നേഹം എന്ന വികാരത്തിന്റെ അങ്ങേഅററത്തെ നിലയിൽ എത്തി. ഒടുവിൽ രാധാറാണി പറഞ്ഞു:—

സാർ, താങ്കളുടെ പേരു് രുക്മിണീകുമാർബാബു എന്നല്ല എന്നു പറഞ്ഞുവല്ലോ. അങ്ങനെയാണെങ്കിൽ അങ്ങയുടെ യഥാർത്ഥ നാമധേയം എന്താണെന്നു ഒന്നു അറിയിക്കുമോ?

ആഗതൻ:—എന്റെ പേരു് ദേവേന്ദ്രനാഥറേ എന്നാണു്

രാധാറാണി:—ഓഹോ, രാജാദേവേന്ദ്രനാഥറേ എന്നു എല്ലാപേരും പുകഴ്ത്തുന്ന ആ മഹാനോ?

ദേവേന്ദ്രനാഥറേ:—നാട്ടുംപുറത്തുള്ള ആളുകളാണു് എന്നെ അങ്ങനെ വിളിക്കുന്നതു്. ഭവതിയോടു പറയുന്നതു് എന്റെ നാമധേയം കുമാരദേവേന്ദ്രനാഥറേ എന്നായിരിക്കും.

രാധാറാണി:—അങ്ങനെയാണെങ്കിൽ എനിക്കു് ഒരപേക്ഷ അവിടെ സമർപ്പിക്കുവാൻ ഉണ്ടു്. നമ്മുടെ

നാട്ടിൽ സാമുദായികമായ അസമത്വങ്ങൾ ഇനിയും നീങ്ങിയിട്ടില്ലാത്തതുകൊണ്ടു് അങ്ങ് എൻെറ സൽക്കാരം സ്വീകരിക്കണം എന്നു പറയാൻ എനിക്കു അത്ര വളരെ ധൈൎയ്യം ഇല്ല.

ദേവേന്ദ്ര:—ഭവതി അങ്ങനെ സൽക്കാരം സ്വീകരിക്കണമെന്നു് ആഗ്രഹിക്കുന്ന പക്ഷം, ആയതു നിരസിക്കുവാൻ എനിക്കു് ശക്തിയില്ല എന്നുതന്നെ പറഞ്ഞുകൊള്ളട്ടെ.

ഇതു കേട്ടുകഴിഞ്ഞ ഉടൻതന്നെ രാധാറാണിയുടെ ആജ്ഞാപനം അനുസ്സരിച്ച് ദേവേന്ദ്രനാഥടാഗൂറിന്നു് വിഭവസമന്വിതമായ ഊണു് ഒരുക്കപ്പെട്ടു. ആ ധനികയായ ഗൃഹനായിക തന്നേയാണു് വിളമ്പുകാൎയ്യത്തിൽ ഏർപ്പെട്ടതും. അതിഥി ഊണുകഴിഞ്ഞതശേഷം, രാധാറാണി അദ്ദേഹത്തോടു് ഇങ്ങനെ പറഞ്ഞു:—

"അവിടുന്നു് എനിക്കു് അവസരോചിതമായി [illegible]ിച്ച സഹായം ഞങ്ങൾ ഏററ ദിവസംതൊട്ടു് [illegible]ത കാണണമെന്നു് എനിക്കു് അത്യധികമായ ആഗ്രഹം തോന്നീട്ടുള്ളതാണു്. ഇപ്പോൾ അവിടെ ഏൽപ്പിക്കുവാൻ ഒരു ചെറിയ സമ്മാനം ഞാൻ സൂക്ഷിച്ചിട്ടുണ്ടു്. ഇതാ, എൻെറ ഈ ഹൈരമാല അവിടത്തെ ധർമ്മദാരങ്ങൾ സന്തോഷത്തോടെ സ്വീകരിക്കുവാൻ അവിടുന്നു കൊണ്ടുപോകണം എന്നും അവിടത്തോടു

വളരെ നന്ദിയുള്ളവളായിരിക്കുവാൻ കടമപ്പെട്ട ഒരാളാണു് ഈ എളിയ സമ്മാനം അവിടെ ഏൽപ്പിക്കുന്നതെന്നും കരുതുമാറാകണം."

ഇങ്ങനെ പറഞ്ഞുകൊണ്ടു രാധാറാണി മനോഹരങ്ങളായ രത്നങ്ങളാൽ പ്രശോഭിതമായ ഒരു മാല കൊണ്ടു ചെന്നു ഭക്തിബഹുമാനങ്ങളോടെ ദേവേന്ദ്രനാഥരേയുടെ കൈവശം ഏൽപ്പിച്ചു.

ദേവേന്ദ്രനാഥ്:—ബഹുമാനപ്പെട്ട മിത്രമേ, എൻെറ ബാല്യകാലവിവാഹത്തിലെ ചെറു പത്നി മരിച്ചിട്ടു് എത്രയോ വർഷമായി. അതിനുശേഷം ഞാൻ വിവാഹം കഴിച്ചിട്ടേ ഇല്ല.

രാധാറാണി സന്തോഷാധിക്യത്താൽ ഇതികർത്തവ്യതാ മൂഢയായി. അവൾ അവളുടെ ആനന്ദം ഒരു വിധത്തിലൊക്കെ അമർത്തുവാൻ ശ്രമിച്ചു. ആ വിധത്തിൽ വാക്കുകൾ ഇടറിയിടറിക്കൊണ്ടു് അവൾ പറഞ്ഞു:—

"അങ്ങനെയാണെങ്കിൽപോലും അവിടത്തോടു് ഏററവും ബഹുമാനാദരങ്ങൾ കരുതുന്ന ഒരാൾ സന്തോഷത്തോടെ നൽകുന്നതു് എന്ന നിലയിൽ ഈ മാല അവിടുന്നു് സ്വീകരിക്കുമാറാകണം. ഈ മാല അവിടുത്തെ ബഹുമാന്യമായ ഗളതലത്തിൽ ചാർത്തുവാൻ എനിക്കു് അനുവാദം നൽകുവാൻ അപേക്ഷിക്കുന്നു."

ഈ വാക്കുകളോടെ രാധാറാണി ആ മനോഹര മായ മാലയെ ദേവേന്ദ്രനാഥറേയുടെ ഗളതലത്തിൽ അണിയിച്ചു. ഇപ്രകാരം തന്നെ ആഹ്ലാദകരമായ വിധത്തിൽ ബഹുമാനിച്ചതുകണ്ടു ആ ചിരകാല മിത്രം വളരെ സന്തോഷം പ്രാപിച്ചു നിലകൊണ്ടു. അദ്ദേഹം ചോദിക്കുകയാണ്:—

“ഈ മനോഹരമായ മാല എൻേറതു തന്നേയാണെന്നു കരുതാമോ?”

രാധാറാണി:—അവിടുന്നു് സന്തോഷത്തോടെ സ്വീകരിക്കുന്നപക്ഷം, അങ്ങനെ കരുതാം.

ദേവേ:—ഓഹോ, ഞാൻ സന്തോഷത്തോടെ സ്വീകരിക്കുന്നു. എന്നു മാത്രമല്ല, ഈ മാല എൻെറ വകയായതിനാൽ എനിക്കു് ഇഷ്ടമുള്ള ഏതെങ്കിലും ആൾക്കു് ഈ മാല ഒരു സമ്മാനമായി കൊടുക്കാൻ എനിക്കു് അവകാശവും നൽകുമല്ലോ.

രാധാ:—അവിടത്തേക്കു് സ്വീകരിപ്പാൻ ഇഷ്ടമില്ലാത്തതാണെങ്കിൽ ആർക്കു കൊടുക്കുന്നതും സമ്മതം തന്നേയാണ്.

ദേവേ:—ഈ മാല എനിക്കു് തീരെ യോജിച്ചതല്ല. അഥവാ എനിക്കു് തീരെ യോഗ്യതയില്ല. ഇത്ര

മനോഹരമായ ഒരു മാല ധരിക്കുന്നതിനു് ഭവതിക്കു് തന്നേയാണു് യോഗ്യതയുള്ളതു്.

അക്കാലത്തെ നടപ്പനുസരിച്ചു് കാമിനീകാമുകന്മാർ വിവാഹഘടിതരാകുന്നതു മാലകൾ പരസ്പരം കൈമാററം ചെയ്താായിരുന്നു. ദേവേന്ദ്രനാഥറേ അത്യന്തം സന്തോഷത്തോടെ ആ മാല രാധാറാണിയുടെ ഗളതലത്തിൽ സമർപ്പിച്ചു. "ആട്ടെ പകരം എനിക്കു ഒരു മാല തരുമോ?" എന്നും അദ്ദേഹം ചോദിച്ചു.

രാ. റാ:—"ഏതാണു് വേണ്ടതു്?"

ദേ:—ഭവതിയുടെ കഴുത്തിൽ കിടക്കുന്നതു്.

അത്യന്തസന്തോഷത്തോടെ രാധാറാണി സ്വന്തം കഴുത്തിൽ നിന്നു ആ മാലയെടുത്തു് ബഹുമാന്യനായ ദേവേന്ദ്രനാഥറായി എന്ന ആ പ്രഭുയുവാവിൻെറ കഴുത്തിൽ ധരിപ്പിച്ചു.

ഇപ്രകാരം ഈ വധൂവരന്മാർ പരസ്പരപ്രണയത്താൽ ബദ്ധരായി അധികം താമസിയാതെതന്നെ അവർ തമ്മിൽ വിവാഹവും കഴിഞ്ഞു് രാധാറാണിയും ദേവേന്ദ്രനാഥറായിയും അനേക കാലം സസുഖം വസിച്ചു.

---

# മീനാംബിക.

ഉദ്ദേശം ക്രിസ്തുവർഷം പതിനഞ്ചാം ശതകത്തിൽ ബംഗാളിൽ ഹരിഹയപുരം എന്ന ഗ്രാമത്തിൽ സൽഗുണസമ്പന്നനായ നീലലോഹിതൻ എന്നൊരു പ്രഭു നിവസിച്ചിരുന്നു. അദ്ദേഹത്തിന് അവസാനമില്ലാത്ത പണം ഉണ്ടായിരുന്നു എന്നു മാത്രമല്ല, അനവധി ഏക്കർ പാടങ്ങളും പറമ്പുകളും സ്വന്തമായിട്ടുണ്ടായിരുന്നു. അതുപോലെതന്നെ മൂന്നുനാലു മണിമന്ദിരങ്ങളുണ്ടായിരുന്നവയിൽ ഒന്നിലാണു ആ പ്രഭു താമസിച്ചു പോന്നിരുന്നതു്. നീലലോഹിതന്റെ പത്നിയായ രോഹിണീദേവി ഒരൊററ പുത്രനെ മാത്രമേ സന്താനമായി ഭർത്താവിനു് നൽകിയുള്ളു. ഈ പുത്രനു് പ്രായപൂർത്തിയെത്തിയതോടെ അയാൾ വിവാഹം കഴിക്കുകയും ഏറെത്താമസിയാതെ അയാളുടെ മാതാവു് പരലോകം പ്രാപിക്കുകയും ചെയ്തു. ഈ ദുഃഖകരമായ സംഭവം നീലലോഹിതനെ അത്യധികം വിഷമിപ്പിച്ചു. അദ്ദേഹം ഒരു ചെറുരാജ്യത്തിലെ മന്ത്രിയെന്ന ഉദ്യോഗം വഹിച്ചിരുന്നുവെങ്കിലും ഭാര്യയുടെ ചരമത്തോടെ വിശ്രമമനുഭവിക്കുന്നതാണു് നന്നെന്നു കരുതി ഉദ്യോ

ഗത്തിൽ നിന്നു പിന്മാറി. അപ്പോൾ അദ്ദേഹത്തിനു് അറുപതു വയസ്സു പ്രായമുണ്ടായിരുന്നു എങ്കിലും ശരീരത്തിനാകട്ടെ മനസ്സിനാകട്ടെ വാർദ്ധക്യസഹജമായ യാതൊരു ക്ഷീണവും തട്ടുകയുണ്ടായില്ല. അദ്ദേഹത്തിന്റെ നിലം പുരയിടം മുതലായവ പാട്ടത്തിനേൽപ്പിച്ചിരുന്നവരിൽ നിന്നു് യഥാകാലം കരം ഈടാക്കുക, സ്വത്തുക്കൾ എല്ലാം ശരിയായി പരിപാലിക്കുക എന്നിവ മാത്രമായിരുന്നു, നീലലോഹിതന്നു് പെൻഷൻ പററിയശേഷം ഉണ്ടായിരുന്ന തൊഴിൽ. അദ്ദേഹത്തെപ്പോലുള്ള ഒരാളിന്നു് സമ്പത്തിന്റെ ധാരാളതയനുസരിച്ചു് എത്രയോ ഏറെ സുഖാനുഭവങ്ങളിൽ മുഴുകാം എന്നിരുന്നിട്ടും വിഭാര്യനായ പ്രഭു യാതൊരു ലൗകികസുഖവും കൊതിക്കാതെ ദിനരാത്രങ്ങൾ കഴിച്ചുപോന്നു.

നീലലോഹിതന്നു് അറുപത്തിനാലു വയസ്സു തികഞ്ഞദിവസം പ്രഭാതത്തിൽ, അയാളുടെ പുത്രൻ പിതൃജന്മനക്ഷത്രം ആഘോഷിക്കുവാൻ എത്തിയിരുന്നു. അയാൾ തിരിയെ പോകുന്നതിനു മുമ്പു് പിതാവിനോട്ടു് ഇങ്ങനെ പറഞ്ഞു:—

പ്രിയ പിതാവേ, അവിടുന്നു ദീർഘായുസ്സായിട്ടിരുന്നുകാണുവാൻ ഞങ്ങൾ എല്ലാപേർക്കും വളരെ ആഗ്രഹമുണ്ടു്. എന്നാൽ അവിടത്തെ സ്വത്തുക്കൾ അന്വേഷിക്കുന്നതിനായി സമയവും ശ്രദ്ധയും പ്രത്യേകം ചെ

ലവുചെയ്യുന്നതു് പക്ഷേ അവിടത്തെ ആരോഗ്യത്തെ സാരമായി ബാധിക്കും. പാടങ്ങളും പറമ്പുകളും സംബന്ധിച്ച ആദായവും മററ പണവും എല്ലാം തിട്ടപ്പെടുത്തുന്നതും കണക്കുകൾ സൂക്ഷിക്കുന്നതും അവിടത്തേയ്ക്കു് ക്ലേശകരമായിരിക്കും. അതിനാൽ എനിക്കു് ഒരു കാര്യം അവിടെ അറിയിക്കുവാനുണ്ടു്. ഈ സ്വത്തുക്കൾ സംബന്ധിച്ച ഭരണം ഇനി ഞാൻ ഏററുകൊള്ളാം. അവിടുന്നു് ശാന്തവും സമാധാനപരവുമായി കുളി ഊണു മുതലായവ കഴിച്ചു സുഖമായി വസിച്ചാൽ മതിയാകുമല്ലോ."

പുത്രൻെറ വാക്കുകൾ കേട്ട പിതാവു് പറയുന്നു:—

"എനിക്കിനി ഒരൊററ ദിവസം മാത്രമേ ജീവിച്ചിരിക്കാൻ ഉള്ളു എങ്കിൽപ്പോലും ഈ വസ്തുവകകളുടെ മേൽനോട്ടത്തിനും ആദായമെടുപ്പിന്നും ഞാൻ തന്നെ ഏർപ്പെടണം എന്നാണു് എൻെറ ആഗ്രഹം. ആ ക്ലേശകരങ്ങളായ പ്രവൃത്തികളിൽ ഏർപ്പെട്ടു് നിങ്ങളാരും തന്നെ ബുദ്ധിമുട്ടണമെന്നില്ല. നിങ്ങളുടെയൊക്കെ ഭാവി ശുഭകരമായിരിക്കുവാൻ ഞാൻ ഏതു ക്ലേശം സഹിക്കുവാൻ തയ്യാറാണു്."

പുത്രൻ ഇതുകേട്ടു് മടങ്ങി. പിതാവാകട്ടെ, പതിവുപോലെ സ്വത്തുക്കൾ സംബന്ധിച്ച അന്വേഷണം നടത്തി പാട്ടം സംബന്ധിച്ച തുകകൾ പിരിച്ചും കട്ടം

ബകാൎയ്യങ്ങൾ എല്ലാം വേണ്ടവിധം നടത്തിയും നാട്ടു കാർക്കെല്ലാം വളരെ പ്രീതിപ്രദനായും കാലംകഴിച്ചു പോന്നു.

ഇങ്ങനെ ഏതാനുംകാലം കഴിഞ്ഞ ഒരു ദിവസം അദ്ദേഹം നാട്ടിൻപുറത്തുള്ള വസ്തുക്കളിലെ ആദായം ഈടാക്കുവാൻ പോയി. ഇതു സംബന്ധിച്ചു് അദ്ദേഹം അവിടങ്ങളിൽ ഏതാനും നാൾ കൂടുതൽ താമസിക്കേണ്ട ആവശ്യം നേരിട്ടു. ഒരു ദിവസം ഉച്ചകഴിഞ്ഞു അദ്ദേഹം നിലവും പുരയിടങ്ങളും ഒന്നു ചുററിക്കാണുവാനായി തിരിച്ചു. ഇങ്ങനെ നടക്കവേ സമീപത്തുള്ള ഒരു കുളത്തിൽ കുളിക്കുവാൻ യൗവ്വനമദ്ധ്യസ്ഥയായ ഒരു തരുണിയും കൂടെ ഒരു വൃദ്ധയും എത്തുന്നതു് അദ്ദേഹം കണ്ടു. നീലലോഹിതൻ വാർദ്ധക്യം പ്രാപിച്ച ഒരു പ്രഭുവായിരുന്നു എങ്കിലും സ്നാനത്തിനു പോകുന്ന തരുണിയെ അയാൾ എന്തോ കൗതുകത്തോടെ നോക്കുവാൻ ഇടയായി. അദ്ദേഹം സ്വന്ത വസ്തുക്കൾ ചുററിനടന്നു കണ്ടശേഷം തിരിയെ എത്തിയ സന്ദർഭത്തിൽ ആ കുളത്തിൽ നിന്നു മുൻ പറയപ്പെട്ട തരുണിയും വൃദ്ധയും കുളികഴിഞ്ഞു പോകുന്നതും അദ്ദേഹം കണ്ടു. അദ്ദേഹത്തിന്നു് ആ തരുണിയോടു് അവിചാരിതമായ ഒരു സ്നേഹം തോന്നി.

തരുണി കേവലം ഒരു പാവപ്പെട്ട കുടുംബത്തിലെ അംഗമായിരുന്നു എങ്കിലും, അവളുടെ സൗന്ദൎയ്യം ആരേ

യും ആകർഷിക്കുന്നതായിരുന്നു. നീലലോഹിതൻ ആ സൗന്ദര്യത്തെ വളരെ വിലമതിച്ചു. അദ്ദേഹത്തിനു് തരുണിയോടു് ഒരു പ്രത്യേകമായ അഭിനിവേശം തോന്നി. അദ്ദേഹം തരുണിയേയും വൃദ്ധയേയും പിൻതുടർന്നു് അവർ ഏതു ഭവനത്തിലാണു് പ്രവേശിക്കുന്നതെന്നു് അറിവാൻ ഒരു ശ്രദ്ധശ്രമം നടത്തി. ഒടുവിൽ ആ വൃദ്ധയും യുവതിയും ഒന്നൊന്നര നാഴിക അകലത്തിൽ ഒരു മുളംകൂട്ടം നിൽക്കുന്നതിനു സമീപത്തുള്ള ഒരു വാതിലിനുള്ളിൽ കടക്കുന്നതു് അദ്ദേഹം കണ്ടു. മനസ്സുകൊണ്ടു് എന്തോ ചില നിശ്ചയങ്ങൾ ചെയ്തശേഷം ആ പ്രഭു, സമീപസ്ഥനായ ഒരു ഗ്രാമീണനെ വിശ്വാസമായി അടുത്തു് വിളിച്ചു് അയാളെ സ്വന്തം താമസസ്ഥലത്തേയ്ക്കു കൂട്ടിച്ചുകൊണ്ടുപോയി. താൻ തിരിയെപ്പോരുന്ന സന്ദർഭത്തിൽ അതി സൗന്ദര്യവതിയായ ഒരു യുവതിയെ കാണുകയുണ്ടായി എന്നും അവളെ വിവാഹം കഴിച്ചാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്നുവെന്നും, അതിലേയ്ക്കു് അവളുടെ രക്ഷകർത്തക്കന്മാരുമായി ഒരു രഹസ്യാലോചന നടത്തണമെന്നും; പ്രഭു, ഗ്രാമീണനോടു് ആവശ്യപ്പെട്ടു. സമ്മതമുള്ളപക്ഷം ആ യുവതിയെ വിവാഹം കഴിക്കുന്നതിനു ദിവസം നിശ്ചയിക്കാൻ കൂടെ താൻ തയ്യാറാണെന്നും കൂടെ പ്രഭു ആ കൃഷീവലനോടു് പറയാതിരുന്നില്ല.

നിർദ്ധനകുഡുംബത്തിലെ ഒരു അംഗമായ തരുണി യെ നീലലോഹിതനെപ്പോലുള്ള ഒരു പ്രഭു വിവാഹം കഴിക്കുക എന്നതു് കേവലം അസംഭാവ്യമെന്നു് ഗ്രാമീണന് തോന്നി എങ്കിലും, അയാൾ ആ പ്രഭുവരൻെറ അഭിമതം തരുണിയുടെ രക്ഷകർത്താക്കളെ അറിയിക്കുവാൻ തന്നെ നിശ്ചയിച്ചു.

പ്രഭുവിൻെറ പ്രേമത്തിന്നു പാത്രീഭവിച്ചു തരുണിയുടെ നാമധേയം മീനാംബിക എന്നായിരുന്നു. അവളുടെ പിതാവും മാതാവും സൽക്കുലജാതരായിരുന്നുവെങ്കിലും തീരെ സമ്പന്നരായിരുന്നില്ല. എന്നു മാത്രമല്ല, അവർ ആ ബാലികയുടെ ശൈശവസ്ഥിതിയിൽത്തന്നെ മരിച്ചുപോവുകയും ചെയ്തിരുന്നു. ഇങ്ങനെ അനാഥയായ ആ ബാലികയെ വളർത്തിവന്നതു് അവളുടെ മാതാമഹിയായിരുന്നു. ഈ വൃദ്ധയെ അരനിമിഷനേരത്തേക്കുപോലും വിട്ടുപിരിയാതെ മീന, എല്ലാസമയവും അമ്മൂമ്മയോടുകൂടിത്തന്നെ കഴിച്ചുകൂട്ടിവന്നു. ഈ വസ്തുതകളെല്ലാം പ്രഭുവിനെ അറിയിച്ചിട്ടുണ്ടായിരുന്നു ഗ്രാമീണൻ മീനാംബികയുടെ ഭവനത്തിൽ എത്തി മാതാമഹിയെക്കണ്ടു് വിവരമെല്ലാം അറിയിച്ചു. അയാൾ പറയുകയാണു്:—

"അമ്മേ, വലിയൊരു ഭാഗ്യമാണു് വന്നുചേരുന്നതെന്നു അറിയണം. നീലലോഹിതനെപ്പോലെ ഒരു പ്രഭുവിനെ ഈ അടുത്ത നാടുകളിലെങ്ങും തന്നെ കാണ്മാൻ കിട്ടുകയില്ല. അദ്ദേഹത്തിനു് വയസ്സ് അറുപതുകഴി

ഞ്ഞു എന്നൊരു കുററമല്ലാതെ മററൊന്നും തന്നെ ആർക്കു മേ പറയുവാൻ സാധിക്കുകയില്ല. അസാധാരണമായ സ്വത്തിൻെറ അധിപനാണ് അദ്ദേഹം. അദ്ദേഹത്തിനു ഒരൊററപ്പുത്രൻ മാത്രമേയുള്ളു. അയാൾ ഭാര്യയോടു കൂടി താമസിക്കുന്നു. തൻെറ ഭാര്യ മരിച്ചിട്ട് അനവധി വർഷങ്ങളായി എങ്കിലും പ്രഭു ഇതേവരെ അവിവാഹിതനായിത്തന്നെ കഴിഞ്ഞുകൂടുന്നു. ഇപ്പോൾ അദ്ദേഹത്തിനു വിവാഹം കഴിക്കണമെന്ന് എങ്ങനെയോ ഒരാശകൂടനുകൂടി അദ്ദേഹം അമ്മയുടെ ചെറുമകളെ ഇന്നു കണ്ടു. ആ കുട്ടിയെ വിവാഹം കഴിച്ചാൽ കൊള്ളാമെന്നു ആവശ്യപ്പെട്ടുകൊണ്ട് നിങ്ങളുടെയൊക്കെ സമ്മതം എങ്ങനെയെന്നു അറിയുവാൻ എന്നെ അയച്ചിരിക്കുകയാണു്."

"നീലലോഹിതൻെറ പത്നീപദം പ്രാപിക്കുന്നതോടുകൂടി മീനാംബികയും പ്രഭു സാധാരണമായ രീതിയിൽ തന്നെ ജീവിക്കുവാൻ ശക്തയാകും. അതേ; അദ്ദേഹത്തിൻെറ അവസാനമില്ലാത്ത സ്വത്ത് ഇഷ്ടംപോലെ കൈകാര്യം ചെയ്യുവാൻ സാധിക്കുന്നതു് തീർച്ചയായും ഒരു ഭാഗ്യമല്ലേ? വളരെ വിലപിടിക്കുന്ന പട്ടുകൾ, രത്നാഭരണങ്ങൾ മുതലായവ ധരിക്കാനും സുഖസന്തോഷപൂർണ്ണമായി ഭക്ഷണം കഴിക്കാനും ആവശ്യപ്പെടുന്നതിനൊക്കെ ധാരാളംപണം ചെലവിടുവാനും സാധിക്കുന്ന ഒരു ജീവിതം പുത്രിക്കു് തീർച്ചയായും ഗുണപ്രദമായിരിക്കുമല്ലോ. എനിക്കു് ഒരു ഭയം മാത്രമേയുള്ളു

വന്നുചേരുന്ന ഈ ഭാഗ്യത്തെ നിങ്ങൾ പക്ഷേ അനാദരിച്ചെങ്കിലോ, എന്നു്"

ഗ്രാമീണനായ അഭ്യുദയകാംക്ഷിയുടെ വാക്കുകൾ ഏറ്റും കുറിക്കുകൊണ്ടു് വൃദ്ധ പൗത്രിയെ നീലലോഹിതനു് തന്നെ വിവാഹം കഴിച്ചുകൊടുക്കാൻ സമ്മതിച്ചു സന്തുഷ്ടനായ ആ ദൂതൻ വിവരം പ്രഭുവിനേയും അറിയിച്ചു.

മുറയ്ക്കു് വിവാഹദിവസം നിശ്ചയിക്കപ്പെട്ടു. ശോഭനമായ ആ മുഹൂർത്തത്തിൽ വിവാഹമണ്ഡപത്തിൽ നിൽക്കുന്ന വധൂവരന്മാരുടെ കാഴ്ച കാണികളെ വിസ്മയഭരിതരാക്കി. ഒരു വശത്തു് തലമുടി മുഴുവൻ നരച്ച വൃദ്ധൻ. അടുത്തായി നിൽക്കുന്നതു് വർദ്ധിച്ച യൗവ്വനത്തിൻെറ മദ്ധ്യസ്ഥിതയും സൗന്ദര്യവതിയും സർവ്വാഭരണങ്ങളെക്കൊണ്ടു് വിഭൂഷിതയും പട്ടുവസ്ത്രങ്ങൾ ധരിച്ചവളും ആയ ഒരു യുവതീരത്നം.

അക്കാലത്തു് ഏതാനുംനാൾ ഗ്രാമഭവനത്തിൽ താമസിച്ചിരുന്ന നീലലോഹിതൻ വിവാഹം കഴിഞ്ഞു് നാലാമത്തെ ദിവസം വധുവുമായി സ്വന്തം ഭവനത്തിലേക്കു തിരിച്ചു. പുതിയ ഭാര്യയെ, പുത്രനും പുത്രഭാര്യയ്ക്കും ഒരു പുതിയ ബന്ധുവെന്ന നിലയിൽ അദ്ദേഹം കൂട്ടിച്ചുകൊണ്ടുപോയി. പ്രഭുവരനായ നീലലോഹിതൻ വാർദ്ധക്യദശ തീരെ വകവയ്ക്കാതെ നാട്ടുംപുറത്തുനിന്നു ഒരു പുതിയ പത്നിയുമായി എത്തിയ വാർത്ത ആ നാ

ട്ടിലെ ആളുകൾക്ക് അത്ഭുതകരമായിരുന്നു. എങ്കിലും പ്രഭുവിൻെറ അസാധാരണ സമ്പത്തിനെപ്പററി വളരെ മതിപ്പു ഉണ്ടായിരുന്ന കൂട്ടരിൽ ആരുംതന്നെ അദ്ദേഹത്തെ കുററപ്പെടുത്തിയില്ല. എല്ലാപേർക്കും വളരെ സന്തോഷകരമായിരുന്ന ആ വിവാഹം കൊണ്ടു് വളരെ അസംതൃപ്തരാകുന്നതു് ആരായിരിക്കുമെന്നു് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. അതേ, നീലലോഹിതൻെറ പുത്രനും അയാളുടെ ഭാര്യയും പ്രഭുവിൻെറ ഈ പുതിയ വിവാഹത്തിൽ വളരെ അസന്തുഷ്ടരായി. എങ്കിലും ആ വസ്തുത അവർ പുറമേ ആരോടും ശബ്ദിക്കാതെ കഴിച്ചുകൂട്ടിയതേയുള്ളു. ചിലപ്പോൾ ആ പുത്രൻ അയാളുടെ ഭാര്യയോടു് ഇങ്ങനെ രഹസ്യമായി പറയുമായിരുന്നു:--

"എന്തുപറയട്ടെ. അമ്പത്തെട്ടാമത്തെ വയസ്സനായ ശേഷമാണു് അച്ഛനു് വിവാഹം കഴിക്കാൻ ആഗ്രഹം! കാററത്തു അണയാറായ വിളക്കിൻെറ നിലയിൽ എത്തിയിട്ടും ലോകസുഖങ്ങൾ കൂടുതലായി അനുഭവിക്കണമെന്നുള്ള ആഗ്രഹത്തെപ്പററി എന്താണു പറയേണ്ടതു്! ഈ വിവാഹത്തിൻെറ അനന്തരഫലങ്ങളെക്കുറിച്ചു ചിന്തിക്കുവാൻ അച്ഛനു് ലേശംപോലും ബുദ്ധിശക്തിയില്ലാതെ പോയതു് ആശ്ചര്യം തന്നെ. യൌവ്വനത്തിൻെറ മദ്ധ്യത്തിൽ നിൽക്കുന്ന ഒരു ചെറുപ്പക്കാരിയെ വാർദ്ധക്യത്തിൻെറ അമ്പത്തെട്ടാമത്തെ നിലയിൽ എത്തിയ ഒരാൾ വിവാഹം കഴിക്കുന്നു! തീർച്ചയായും ആ യുവതിക്കു് വൃദ്ധനോടു് യാതൊരനുരാഗവും തോന്നുകയില്ല. അ

വളുടെ പാതിവ്രത്യത്തിനുതന്നെ ഭംഗംവരികയില്ലേ എന്നാണു് എൻെറ സംശയം. ആട്ടെ, നോക്കിയിരിക്കുക. ഈ പുതിയ ചെറുപ്പക്കാരി അച്ഛൻെറ പണം കണ്ടുകൊണ്ടു് ഇറങ്ങിതിരിച്ചിരിക്കുകയാണു്. അവൾക്കു് പട്ടുവസ്ത്രങ്ങൾക്കും ആഭരണങ്ങൾക്കും അത്യാഗ്രഹമായിരിക്കും. ഇവയിൽ ഓരോന്നിലേയ്ക്കും ഈ പുതിയ ചിററമ്മ അച്ഛനെ അലട്ടും. അദ്ദേഹം യാതൊന്നും ചിന്തിക്കാതെ ദിവസവും അതിരില്ലാത്ത സംഖ്യകൾ ചെലവുചെയ്യും. ഒടുവിൽ അദ്ദേഹത്തിൻെറ സകല സ്വത്തുകളും ഈ പുതിയ സ്ത്രീ കൈക്കലാക്കി ഭർത്താവായ സാധുവിനെ നിരാധാരമാക്കിയശേഷമേ വീട്ടിലേക്കു മടങ്ങുകയുള്ളു. ഒടുവിൽ നമുക്കു് അതൊരു വലിയ ഭാരമായും തീരും."

ഇങ്ങനെ പല സന്ദർഭങ്ങളിലും പ്രഭുപുത്രനും ഭാര്യയും തമ്മിൽ പുതിയ വധുവിൻെറ വരവിനെപ്പററി അതൃപ്തിയോടെയും ആക്ഷേപകരമായും സംസാരിക്കാറുണ്ടായിരുന്നതു ക്രമേണ വൃദ്ധൻെറ ചെവിയിലും എത്തി. അദ്ദേഹത്തിനു് ഇതു കേട്ടപ്പോൾ വളരെ വ്യസനമാണു് തോന്നിയതു് എങ്കിലും, അതെല്ലാം വളരെ മനശ്ശക്തിയോടെ സഹിച്ചു. ഭാഗ്യവശാൽ അദ്ദേഹത്തിൻെറ പുതിയപത്നി സൽഗുണവതിയായിരുന്നതിനാൽ യാതൊരുകാര്യം പ്രമാണിച്ചും ആ വിവാഹം ഒരു പരാജയമായി എന്നു അദ്ദേഹം സങ്കടപ്പെടേണ്ടിവന്നില്ല. പ്രഭുവിൻെറ ഭവനത്തിലുണ്ടായിരുന്ന ബന്ധുക്ക

ള്ളേ...ടും ഭൃത്യന്മാരോടും മീന വളരെ സ്നേഹസന്തോഷ ങ്ങ...ളോടെ പെരുമാറിവന്നതിനാൽ ആർക്കും തന്നെ അ വ...ളെപ്പററി യാതൊരാക്ഷേപവും പറയാനും ഇല്ലായി രു...ന്നു.

വിവാഹം കഴിഞ്ഞ നാലഞ്ചുമാസത്തിനുശേഷം മീന ഗർഭവതിയായി. മുറയ്ക്കു് ആ സ്ത്രീ ഒരു ആൺകു ഞ്ഞിനെ പ്രസവിച്ചു. ഈ വർത്തമാനം നീലലോഹി തനും അദ്ദേഹത്തിൻെറ ബന്ധുക്കൾക്കും സ്നേഹിതന്മാർ ക്കും ഏററവും കർണ്ണാനന്ദകരം ആയിരുന്നു. ഭാസുരൻ എന്ന പേരാണു് ആ കുഞ്ഞിനു് നൽകപ്പെട്ടതു്. പ്രഭു വിൻെറ ആദ്യപുത്രൻെറ പേരു് ഭാനുമാൻ എന്നും ആ യിരുന്നു.

നീലലോഹിതൻ അറുപത്തിഅഞ്ചാമത്തെ വയ സ്സിനോടടുത്തു. അദ്ദേഹത്തിൻെറ ജന്മദിനംവളരെ ആ ഘോഷമായി കൊണ്ടാടപ്പെട്ടു, ക്ഷണിക്കപ്പെട്ട അതി ഥികൾ സദ്യയിൽ പങ്കുകൊണ്ടശേഷം, അദ്ദേഹത്തി ൻെറ നൂതനമായ പുത്രസമ്പത്തിനെപ്പററി വളരെ സ ന്തോഷിച്ചു അദ്ദേഹത്തെ അഭിനന്ദിച്ചു:

ഇങ്ങനെ നീലലോഹിതനും അദ്ദേഹത്തിൻെറബന്ധു ക്കളും സ്നേഹിതന്മാരും വളരെ സന്തുഷ്ടരായികാണപ്പെട്ടു് എങ്കിലും ആ പ്രഭുവിൻെറപുത്രനായ ഭാനുമാനു് യാതൊരു സന്തോഷവും സംതൃപ്തിയും ഇല്ലാതെഅയാൾദിവസങ്ങൾ

നയിച്ചു. അറുപത്തിഅഞ്ചുവയസ്സിനോടടുത്ത ഒരു വൃദ്ധൻ വീണ്ടും പുത്രോൽപ്പത്തിക്കു ശക്തനാകയില്ല എന്നും മററും പറഞ്ഞു് അയാൾ നാട്ടൊട്ടുക്കു് മീനാക്ഷിയെപ്പററി അളവററ ധൃഷ്ടതയോടെ പല പരിഹാസകഥകളും പറഞ്ഞു പരത്തി.

പുതിയപുത്രനു് ഒരു വയസ്സ തികഞ്ഞ ദിവസം വളരെ ആഘോഷമായി കൊണ്ടാടപ്പെട്ടു. ആ സന്തോഷം കാണുന്നതു് കേവലം അസഹ്യമായിരുന്നതിനാൽ ഭാനുമാൻ എന്തൊ ചില കാര്യങ്ങൾക്കെന്നുള്ള ഭാവത്തിൽ ആയിടെ ഭവനത്തിൽനിന്നു് നാട്ടുംപുറത്തുചെന്നു താമസിക്കുകയായിരുന്നു. മൂത്തപുത്രൻ ഇങ്ങനെ അവിടെയെങ്ങുമേ ഇല്ല എന്നറിഞ്ഞിട്ടും അയാളെ കൂടെ ആ സന്ദർഭത്തിൽ വരുത്തുവാൻ പ്രട്ട പ്രത്യേകം ശ്രദ്ധിക്കയുണ്ടായതും ഇല്ല.

പിതാവിൻെറ രണ്ടാമത്തെ പുത്രനോടും അവൻെറ മാതാവിനോടും നീലലോഹിതനു തോന്നിയിരുന്ന സ്നേഹം കാലാന്തരത്തിൽ തനിക്കു് ഉപദ്രവകരമായിത്തീരുമെന്നു് ഭാനുമാൻ മനസ്സിലാക്കി. അയാളുടെ ധൃഷ്ടത അതേവിധത്തിൽ പിതാവു് ധരിക്കാതെയുമിരുന്നില്ല. എന്നാൽ ഏതെങ്കിലും വിധത്തിൽ പുത്രനോടു് ഒരു പ്രതീകാരം നിർവഹിക്കുന്ന പക്ഷം, അയാൾ രണ്ടാം പുത്രനോടു് മേലാൽ വളരെ ക്രൂരമായി പെരുമാറാൻ ഇടയുണ്ടെന്നു് ഭയന്നു് നീലലോഹിതൻ തൻെറ കോപതാപങ്ങൾ ഉള്ളിലടക്കുകയാണു് ചെയ്തതു്.

ഇളയപുത്രനു് നാലു വയസ്സ തികഞ്ഞതോടെ ആ ബാലനെ പിതാവു് മുറയ്ക്കു വിദ്യാഭ്യാസം ചെയ്യിക്കാൻ ഏർപ്പെടുത്തി. അക്കാലത്തെ നടപ്പനുസരിച്ച ഒരു പ്രത്യേക ഗുരുനാഥൻെറ പ്രത്യേക വിദ്യാശാലയിലേയ്ക്കാണു ബാലന്മാരെ വിദ്യാഭ്യാസാർത്ഥം അയച്ചുപോന്നതു്. ഭാസുരനെ അയച്ചതു്, ഭാനുമാൻെറ പുത്രനായ കുട്ടി വിദ്യ അഭ്യസിച്ചുപോന്ന 'കലാസാഗരൻ' എന്ന ഗുരുവിൻെറ നികടത്തിലായിരുന്നു. രണ്ടു കുട്ടികളും ഏകദേശം സമപ്രായരായിരുന്നതിനാൽ അവർക്കു് പ്രത്യേകിച്ചൊരു യോജിപ്പും ഉണ്ടായിക്കൊള്ളുമല്ലോ എന്നു പ്രഭു കരുതുകയുണ്ടായി.

എന്നാൽ ഭാനുമാനു് ഇതത്ര രസിച്ചില്ല. അയാളുടെ പുത്രൻ ഭാസുരനുമൊന്നിച്ചു ഒരേ ഗുരുവിൻെറ വിദ്യാശാലയിൽ പഠിക്കുന്നപക്ഷം, എന്തോ ഒരു സ്വാതന്ത്ര്യക്കുറവു് ആ ബാലനു സിദ്ധിക്കുമെന്നും, ആ ബാലൻ ഭാസുരനെ ചിററപ്പൻ എന്നു വിളിക്കാൻ ഇടവരുമെന്നും ഇങ്ങനെ പ്രഭുവിൻെറ പുത്രനു് ആളുകളുടെ മതിപ്പിൽ ഒരു സ്ഥാനം ലഭിക്കുമെന്നും ഭാനുമാൻ കരുതി. അതിനാൽ ഭാസുരൻ പള്ളിക്കൂടത്തിൽ പോയ്ക്കൊണ്ടിരുന്നതുതൊട്ടു ഏതാനും ദിവസം ഭാനുമാൻ പുത്രനെ അവിടെ അയയ്ക്കാതിരുന്നു. അവനു് ഓരോ സുഖമില്ലായ്മകളാണു് അതിലേയ്ക്കു് കാരണമെന്നും പറഞ്ഞുപോന്നു. ഇങ്ങനെ ഏതാനും ദിവസം കഴിച്ച ശേഷം, ഭാനുമാൻ മകനെ മററൊരു ഗുരുവിൻെറ അടു

ക്കലേയ്ക്കു് പറഞ്ഞയയ്ക്കുകയുണ്ടായി. ഈ വസ്തുത യഥാർത്ഥമായി മനസ്സിലാക്കിയ നീലലോഹിതൻ ആ ഭാവമൊന്നും പുറമേ കാണിക്കുകയുണ്ടായില്ല.

അങ്ങനെയിരിക്കെ ഒരു ദിവസം നീലലോഹിതനെ ഒരു പനി പിടിപെട്ടു. ഏതാനും നാളത്തെ ചികിത്സകൊണ്ടും ആ രോഗത്തിനു് യാതൊരു ശമനവും ഉണ്ടായില്ല. തുടർന്നു് അദ്ദേഹം കഠിനമായ വാതരോഗത്തിന്നു വിധേയനായി ഏതാനും മാസം ശയ്യയെ ശരണം പ്രാപിച്ചു. അനവധി വൈദ്യന്മാരുടെ ചികിത്സകളും മീനാംബികയുടെ ശുശ്രൂഷയും മുടങ്ങാതെ നടന്നു. യാതൊരു ഫലവും ഉണ്ടായില്ല. എന്നുമാത്രമല്ല, നീലലോഹിതന്റെ ദേഹവിയോഗത്തിനു രണ്ടു ദിവസംകൂടി മാത്രമേ ഉള്ളൂ എന്ന നിലയും എത്തി.

ഈ വർത്തമാനം അറിഞ്ഞ് ഭാനുമാൻ, പിതാവിന്റെ സുഖക്കേടന്വേഷിച്ചു പല തവണയും ആ പ്രഭുവിന്റെ താമസസ്ഥലത്തു് എത്തിക്കൊണ്ടിരുന്നു. എന്നാൽ ആ വൃദ്ധന്റെ രോഗസ്വഭാവം നല്ലപോലെ മനസ്സിലാക്കിയപ്പോൾ അയാൾക്കു് ഉള്ളിനാൽ ആഹ്ലാദമാണു് തോന്നിയതു്. പ്രഭുവരൻ താമസിയാതെ മരണം പ്രാപിക്കുമെന്നും അദ്ദേഹത്തിന്റെ സ്വത്തെല്ലാം യാതൊരു വിഷമവും കൂടാതെ തനിക്കു് അവകാശപ്പെട്ടുത്താം എന്നും ആയിരുന്നു, അയാളുടെ വിചാരം. ഈ വിചാരത്തോടെ ഭാനുമാൻ ആ ഭവനത്തിലെ ഭരണാ

ധിപത്യവും ഏറെറടുത്തതായി നടിച്ചു. പ്രഭുവിൻെറ പത്നിയും പുത്രനും വളരെ വ്യസനിച്ചു കഴിച്ചുകൂട്ടി.

തൻെറ രോഗം മൂർദ്ധന്യത പ്രാപിക്കുന്നുവെന്നു് നീലലോഹിതനും ഏറെക്കുറെ ബോദ്ധ്യമായി. അതനുസരിച്ചു് അദ്ദേഹം മൂത്ത പുത്രനെ അടുത്തു വിളിച്ചു് അദ്ദേഹത്തിൻെറ സ്വത്തുക്കളുടെ ഒരു ലിസ്റ്റു് ആ മകനെ ഏൽപ്പിച്ചു. അതോടുകൂടി അദ്ദേഹം ഒരു പ്രമാണവും മകൻെറ കയ്യിൽ കൊടുത്തു. പ്രമാണത്തിൻപടി അദ്ദേഹത്തിൻെറ സ്വത്തിൻെറ ഭരണാവകാശം ഭാനുമാനു തന്നേയായിരുന്നു. അയാൾ ആ സ്വത്തുക്കളുടെ ആദായം എടുത്തുകൊള്ളണമെന്നും, അതോടുകൂടിത്തന്നെ തൻെറ അനുജനായ ഭാസുരനേയും അവൻെറ മാതാവിനേയും യാതൊരു ബുദ്ധിമുട്ടിനും ഇടയാക്കാതെ സൂക്ഷിച്ചുകൊള്ളണമെന്നും വ്യവസ്ഥചെയ്തിരുന്നു. എന്നാൽ മീനാംബിക മറെറാരു വിവാഹം ഇഷ്ടപ്പെടുന്നപക്ഷം അങ്ങനെയായിക്കൊള്ളട്ടെ എന്നു പ്രഭു സമ്മതിച്ചിരുന്നു. പുത്രനായ ഭാസുരൻെറ കാര്യത്തിലാണു് അദ്ദേഹം മൂത്തപുത്രൻെറ സഹായം ആവശ്യപ്പെടുകയുണ്ടായതു്.

പ്രമാണവും . ലിസ്ററും കൈവശം എത്തിയപ്പോൾ ഭാനുമാനുണ്ടായ സന്തോഷം അതിരററതായിരുന്നു. അയാൾ ഏററവും അനുസരണയുള്ള ഒരു മക

ൻെറ നിലയിൽ തൻെറ പിതാവിനോട്, അദ്ദേഹത്തിൻെറ അഭിമതം അനുസരിച്ചുതന്നെ പ്രവർത്തിച്ചു കൊള്ളാം എന്നു് ഏററു.

ഭർത്താവിൻെറ മിക്കവാറും നിർദ്ദയമായ ഈ അവകാശദാനം മീനാംബികയെ അത്യധികം വ്യസനിപ്പിച്ചു. അദ്ദേഹത്തിൻെറ വിശ്വസ്തപത്നി എന്ന നിലയിൽ അതേവരെ കഴിഞ്ഞുകൂടിയ തനിക്കും പുത്രനും യാതൊരു സ്വത്തും നൽകാതെ ആ സ്വത്തു മുഴുവൻ ആദ്യപുത്രനുതന്നെ അവകാശപ്പെടുത്തിയതു കണ്ടു് ആ നിസ്സഹായ ദുഃഖിച്ചു ഭർത്താവിനോടു് ഇങ്ങനെ പറഞ്ഞു:—

"അവിടുന്നു് എൻെറ കുഞ്ഞിനെ ശത്രുവായിട്ടാണോ കണാക്കാക്കിയിരിക്കുന്നതു്? അവിടത്തെ സന്താനമാണെന്നുള്ള കരുണ അല്പമെങ്കിലും ഈ കുഞ്ഞിനോടു് കാണിക്കുകയുണ്ടായോ? ഞാനും എൻെറ കുട്ടിയും അവിടത്തെ കാലശേഷം എങ്ങനെ ജീവിക്കണമെന്നാണു് അവിടുന്നു് നിശ്ചയിച്ചിരിക്കുന്നതു്. സ്വത്തെല്ലാം മൂത്ത മകനു് മാത്രമായി അവകാശപ്പെടുത്തി കൊടുത്തുകഴിഞ്ഞു."

ഇതുകേട്ടു് പ്രഭു പറയുന്നു:—

"നിനക്കു് അത്രയ്ക്കുള്ള ആലോചനാശക്തിയേ കാണാൻ തരമുള്ളു. സമാധാനമായി കേൾക്കുക. ഭാനുമാൻ വെറും ഒരു അവിവേകിയാണു്. അവനും ഭാസുരനും ഞാൻ സ്വത്തെല്ലാം തുല്യമായി ഭാഗിച്ചുകൊടു

ത്താൽ ഏതെല്ലാം തരത്തിൽ ഈ ഇളയ കുട്ടിയെ ഉപ ദ്രവിക്കാമോ ആ വിധമെല്ലാം അവൻ ശ്രമിക്കും. അതു കൊണ്ടു് സ്വത്തെല്ലാം ആ മൂത്തവൻെറ ഭരണത്തിൽ തന്നെയാകട്ടെ എന്നു് ഞാൻ തന്നെ നിശ്ചയിച്ചതാണു്. അങ്ങനെയാകുന്നപക്ഷം, അവനു് നിങ്ങൾ സമമായി എന്ന കാര്യം പ്രമാണിച്ചു് ഒരു വിരോധം ഉണ്ടാകു വാൻ ഇടയില്ലല്ലൊ."

മീനാംബിക:—അതൊന്നും എനിക്കറിഞ്ഞുകൂട. ഒരാ ളിനു് രണ്ടു മക്കളുണ്ടായിരുന്നാൽ സ്വത്തു് രണ്ടു പേർക്കും തുല്യമായി വീതിച്ചുകൊടുക്കുക എന്ന താണല്ലോ, ലോകന്യായം.

നീല: ലോ:—ആട്ടെ; ആ ലോകന്യായമെല്ലാം എനി ക്കും അറിയാം. നീ ഒരു കാര്യം ചെയ്യുക. നിൻെറ മകനെ ഭാനുമാൻെറ പ്രത്യേക മേൽനോട്ടത്തിൽ താമസിപ്പിക്കുക. നിനക്കു് ഇഷ്ടമുള്ളപക്ഷം വേറെ ഒരു ഭർത്താവുമായി കഴിഞ്ഞുകൂടുന്നതിനും എനിക്കു് വിരോധമില്ല.

മീനാം:—അവിടുന്നു് ഇത്ര കഠിനഹൃദയനാണോ? എനിക്കു് മറെറാരു ഭർത്താവിനെ സ്വീകരിക്ക ണമെന്നല്ല ഞാൻ അറിയിക്കുന്നതു്. ഈ ജീവിത ത്തിൽ ഇനിയൊരു ഭർത്താവുണ്ടായിരിക്കണം എന്നു് ഞാൻ കരുതുന്നുമില്ല. കാരണം അറിയ രുതേ? എൻെറ കുട്ടിക്കു് ഞാനല്ലാതെ മററാരും ഒരു ശരണമില്ല.

നീല. ലോ:—ആട്ടെ; അത്ര നിർബന്ധമായി നീ ഇനി മറെറാരു വിവാഹത്തിൽ ഏർപ്പെടുകയില്ലെന്നാണോ?

മീനാം:—അതെ; അങ്ങനെതന്നെ.

നീ. ലോ:—അങ്ങനെയാണെങ്കിൽ നിങ്ങൾ ഇരുവരുടേയും സുഖമായ കാലക്ഷേപത്തിനു് ഞാൻ വേണ്ടവക പ്രത്യേകം കരുതിയിട്ടുണ്ടെന്നു മനസ്സിലാക്കിക്കൊള്ളുക.

ഈ വാക്കുകളോടെ പ്രഭുവരൻ തന്റെ കിടക്കയിൽ തലയുടെ അടിയ്ക്കുനിന്നു് എന്തോ ഒരു സാധനം എടുത്തു് ഭാൎയ്യയെ ഏൽപ്പിച്ചു. അതെന്തോ പ്രമാണമായിരിക്കുമെന്നാണു് അവൾ ആദ്യം കരുതിയതു്. എന്നാൽ സൂക്ഷിച്ചുനോക്കിയപ്പോൾ ആ കടലാസ്സ് ഒരടി വീതിയും രണ്ടടി നീളവും ഉള്ള ഒരു ചിത്രമാണെന്നു് മനസ്സിലായി.

മീനാം:—ഈ പടംകൊണ്ടു് ഞാൻ എന്തുചെയ്യണമെന്നാണു് അവിടുന്നു് കരുതുന്നതു്?

നീലലോഹിതൻ:—ഇതൊരു കുടുംബാംഗങ്ങളുടെ ഛായാചിത്രമാണു്. ഇതിനുള്ളിൽ അതിപ്രധാനമായ ഒരു രഹസ്യം അടങ്ങിയിട്ടുണ്ടു്. ഈ ചിത്രം വളരെ ഭദ്രമായും വളരെ ശ്രദ്ധമായും സൂക്ഷിച്ചുകൊള്ളണം. നിന്റെ മകനു് പ്രായപൂർത്തി എത്തിയിട്ടും ഭാഗ്യമാൻ, അവൻ ഏററിട്ടുള്ളതുപോലെ സ്വത്തൊന്നും കൊടുക്കാത്തപക്ഷം, ഈ

ചിത്രത്തെ നീ ന്യായസ്ഥനായ ഒരു നീതിന്യായാധിപതിയുടെ അടുത്തു കൊണ്ടുചെന്നു കൊടുക്കുക. ഞാൻ ഏർപ്പാടുകൾ ചെയ്ത വിവരമെല്ലാം അദ്ദേഹത്തെ അറിയിച്ചശേഷം ഇതു സംബന്ധിച്ച രഹസ്യം എന്താണെന്ന് അപ്പോൾ നിനക്കു മനസ്സിലാകും. ആ നീതിന്യായാധിപൻ വേണ്ടതു ചെയ്യുതരും. അതോടുകൂടി നിനക്കും പുത്രനും വേണ്ട സ്വത്തുക്കളും ലഭിക്കും.

ഈ സംഭാഷണത്തിനുശേഷം, ഏതാനും നാൾ കഴിഞ്ഞു നീലലോഹിതൻ ഇഹലോകവാസം ഉപേക്ഷിച്ചു.

ഭാനുമാനാകട്ടെ, പിതൃസ്വത്തെല്ലാം തന്റെ പേരിൽ കിട്ടി എന്നു ബോദ്ധ്യപ്പെട്ടു വളരെ സന്തോഷിച്ചു. അയാൾ നീലലോഹിതന്റെ ഭവനത്തിൽ ഏകാധിപനായി ഭരണം തുടങ്ങി എന്നുതന്നേയല്ല, തന്റെ ചിററമ്മയോടും അനുജനോടും നിർദ്ദയമായി പെരുമാറാനും തുടങ്ങി. ആ ഭവനത്തിലെങ്ങാനും പിതാവു് രഹസ്യമായി വല്ല തുകയും സൂക്ഷിച്ചിരിക്കുമോ എന്നറിവാൻ അയാൾ എല്ലാ സ്ഥലത്തും വളരെ സൂക്ഷ്മമായ അന്വേഷണങ്ങളും നടത്തി.

ഈ അന്വേഷണം ഭാനുമാൻ ഉദ്ദേശിച്ചതുപോലെ ഫലപ്രദമായില്ല. അതിനാൽ അയാൾ, ഒന്നുരണ്ടു ദിവസം കഴിഞ്ഞു് ഒരു ആശാരിയെ ഏർപ്പാടുചെയ്തു് ആ

പിതൃവനം ഒന്നു പുതുക്കി പണികഴിപ്പിക്കാൻ നിശ്ച യിച്ചു. മീനാംബികയേയും പുത്രനേയും നാട്ടുംപുറ ത്തുള്ള ഒരു ജീർണ്ണിച്ച കെട്ടിടത്തിൽ താമസിച്ചുകൊ ള്ളാനായിരുന്നു അയാൾ ഉത്തരവിട്ടതു്. അവരുടെ താമസത്തിനു് വേണ്ട യാതൊരു സൗകര്യവും ചെയ്തു കൊടുക്കുകയും ഉണ്ടായില്ല. ആദ്യത്തെ ഏതാനും ദിവ സങ്ങളിൽ മീനാംബികയ്ക്കും പുത്രനും രണ്ടു ഭൃത്യന്മാർ ക്കും ഭക്ഷണത്തിനു് ആവശ്യമുള്ള സാധനങ്ങൾ വാങ്ങി അയച്ചുകൊണ്ടിരുന്നു. എന്നാൽ ഏതാനും ദിവസം കഴിഞ്ഞതോടുകൂടി ആ സൗജന്യവും നിറുത്തി. അശരണ യായ ആ പ്രഭുപത്നി വിധിയുടെ ക്രൂരത ഏററവും ക്ഷമ യോടെ സഹിക്കുക എന്നുതന്നെ തീർച്ചയാക്കി. അവൾ ക്കു് രണ്ടു ഭൃത്യന്മാർ ഉണ്ടായിരുന്നുവെങ്കിലും ഒടുവിൽ ഒരാൾ മാത്രം മതി എന്നു നിശ്ചയിച്ചു. ആ ഭൃത്യയ്ക്കും മീനാംബികയ്ക്കും പുത്രനും പോലും വേണ്ടപോലുള്ള ചെലവുകൾക്കു് യാതൊരു തുകയും ലഭിക്കാതെയായി.

മീനാംബികയും പുത്രനും ഇങ്ങനെ നാട്ടുംപുറത്തു നിസ്സഹായരായി കഴിയുന്നതു ഭാനുമാനു നല്ലപോലെ അറിയാമായിരുന്നു എങ്കിലും അയാൾ മനഃപൂർവ്വം യാതൊരു സഹായവും ചെയ്തില്ല. ഇതിലേക്കു് പ്രത്യേ കഉദ്ദേശവും ഉണ്ടായിരുന്നു. അയാളുടെ പിതൃപത്നിക്കു് വല്ല സഹായവും ചെയ്തുകൊടുക്കാത്തപക്ഷം അവൾ മററൊരാളിനെ ഭർത്താവായി സ്വീകരിക്കാൻ ഇട യില്ല. നേരമറിച്ചു് പിതാവിൻെറ സ്വത്തിൻെറ

യാതൊരംശവും കിട്ടാതെയാകുമ്പോൾ അവൾ താനേ മറെറാരു വിവാഹത്തിന്ന് സന്നദ്ധയാകും. അങ്ങനെ സന്നദ്ധയായാലോ അവളും പുത്രനും തൻെറ സംരക്ഷണത്തിൽനിന്നു ഒഴിയും. മേലാൽ സ്വത്തുക്കളിന്മേൽ യാതൊരവകാശവാദത്തിനും എത്തുകയും ഇല്ല. അതിനാൽ മീനാംബിക മറെറാരു വിവാഹം കഴിച്ചു സുഖമായി കഴിഞ്ഞുകൂടുന്നതാണ് നല്ലതെന്ന് അയാൾ ആ നിസ്സഹായയെ അറിയിച്ചു. അനവധി ദൂതന്മാരെ പറഞ്ഞയച്ചു. എന്നാൽ സൽഗ്ഗുണസമ്പന്നയായ ആ സ്ത്രീ അപ്രകാരം രണ്ടാമതൊരു വിവാഹബന്ധത്തിൽ യാതൊരു കാരണവശാലും പ്രവേശിക്കുകയില്ല എന്നു അയാൾക്ക് മനസ്സിലായതോടുകൂടി ഭാനുമാൻ പ്രസ്തുത ശ്രമങ്ങളിൽനിന്നു പിന്മാറിയതേയുള്ളൂ.

ഇങ്ങനെ ഏതാനും വർഷങ്ങൾ കഴിഞ്ഞു. ഭാസ്കരൻ കേവലം ഒരു ചെറുബാലൻ എന്ന നിലവിട്ടു. അവനു അല്പാല്പം കാൎയ്യബോധം ഉണ്ടായിത്തുടങ്ങി. അവന്ന് പതിന്നാലു വയസ്സായതോടുകൂടി അവൻെറ നിലയും മാതാവിൻെറ നിസ്സഹായ സ്ഥിതിയും ആ ബാലന്നു് വളരെ അസ്വാസ്ഥ്യകരമായി. അവൻ പിതൃസ്വത്തിൽ ഒരു ഭാഗം തനിക്കും മാതാവിനും കൂടെ ലഭിക്കുന്നതിനു ജ്യേഷ്ഠസഹോദരനോടു ചില അവകാശവാദങ്ങൾക്കുതന്നെ തയ്യാറായി. അവനോ അവൻെറ മാതാവിന്നോ ആഹാരം വസ്ത്രധാരണം എന്നീ ആവശ്യങ്ങൾക്കു് യാതൊരു മാർഗ്ഗവും ഇല്ലാതിരിക്കുന്നതും

അവൻെറ പിതാവിൻെറ സ്വത്തു മുഴുവൻ ഒരു സഹോദരൻ അപഹരിച്ചു വച്ചിരിക്കുന്നതും തീർച്ചയായും അന്യായം തന്നെയെന്നു അവൻ തീരുമാനിച്ചു. അതിനാൽ ഒരു ദിവസം അവൻ ജ്യേഷ്ഠൻെറ അടുത്തെത്തി. ഉദ്ദേശിക്കാത്ത ഒരു ഘട്ടത്തിൽ അനുജൻ എത്തിയതു കണ്ടു് ജ്യേഷ്ഠൻ ചോദിക്കുകയാണു്:—

"എന്താ നീയിങ്ങോട്ടു് പോന്നതു്?"

ഭാസുരൻ:—ജ്യേഷ്ഠ, ലോകമൊട്ടുക്കു് അറിയാം, ഞാൻ ഈ ദിക്കിലെ ഒരു വലിയ പ്രഭുവിൻെറ പുത്രനാണെന്നു്. എന്നാൽ ഇപ്പോൾ എനിക്കു് ധരിക്കാൻ വസ്ത്രംപോലും ഇല്ല.

ഭാനുമാൻ:—എന്താ നിൻെറ അമ്മയോടു ചോദിച്ചു വാങ്ങിക്കരുതേ?

ഭാസുരൻ:—അച്ഛൻെറ സ്വത്തു മുഴുവൻ അമ്മയുടെയല്ല ജ്യേഷ്ഠൻെറ കൈവശമല്ലേ ഇരിക്കുന്നതു്?

ഭാനുമാൻ:—ആട്ടെ; നീയിപ്പോൾ സ്വത്തവകാശം സ്ഥാപിച്ചു് ഓഹരി നിർണ്ണയിക്കുവാൻ എത്തിയിരിക്കുകയാണോ?

ഭാസുരൻ:—ഇന്നല്ലെങ്കിൽ നാളെ ആ സ്വത്തു് ഓഹരി വയ്ക്കാതെ തരമില്ല. പക്ഷേ ഞാനിപ്പോൾ അതിലെയ്ക്കെത്തിയതല്ല. എനിക്കു് ധരിക്കാൻ വസ്ത്രമില്ല. അതിലേക്കാണു് ഞാൻ വന്നതു്. അതെ; എൻെറ നിലയ്ക്കനുസരിച്ചു വസ്ത്രധാരണം എനിക്കു് വേണ്ടതല്ലേ?

ഭാനുമാൻ:—ഹൊ! നിൻെറ നില! എടാ, നീലലോഹി തൻ പ്രഭു വളരെ സ്വത്തുള്ള ആറം തന്നേയായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ സ്വത്തിൻെറ പ്രധാന അവകാശികളായി അദ്ദേഹത്തിൻെറ മൂത്തപുത്രനും അവൻെറ മകനുമല്ലേ, ആദ്യമായി ഗണിക്കപ്പെടുന്നതു്? അതിനുശേഷമല്ലേ, നിൻെറ കാര്യം? നീ അദ്ദേഹത്തിൻെറ പുത്രനാണെന്നുള്ള കാര്യം തന്നെ ആരാണു് സമ്മതിച്ചിരിക്കുന്നതു്? നിൻെറ അമ്മയെ ആ പ്രഭു വിവാഹം കഴിച്ചതെന്നു്? എവിടെവച്ചു്? നീ അദ്ദേഹത്തിൻെറ പുത്രനെന്നു് പറഞ്ഞതാരാണു്?

ഭാസുരൻ:—ആരാണു പറയേണ്ടതു്? ആട്ടെ ഇങ്ങനെ ഓരോന്നു പറഞ്ഞാൽ ഞങ്ങൾക്കു് യാതൊന്നും തരേണ്ട ആവശ്യമില്ലെന്നായിരിക്കാം, വിചാരം!

ഭാനുമാൻ:—ച്ഛീ, കടക്കെടാ, പുറത്തു നിൻെറ വിചാരവും കൊണ്ടു്. നിന്നെ ഇവിടെ വരാൻ പറഞ്ഞയച്ചതു് നിൻെറ തള്ള, ആ അത്യാഗ്രഹിതന്നെ ഇല്ലേ?

ഭാസുരൻ:—ഇല്ല, ഞാൻ പോകാനല്ല വന്നതു്. എനിക്കു് ധരിക്കാൻ വസ്ത്രമില്ല. അതിലേക്കു് ആവശ്യമുള്ള പണം തരേണ്ടതു് ചേട്ടൻെറ ചുമതലയാണു്. ആ പണം കിട്ടിയില്ലെങ്കിൽ ഞാൻ പോകയില്ല.

ഭാനുമാൻ:—അത്രയ്ക്കായോടാ, നീ പോകയില്ല ഇല്ലേ? ഏററവും കോപിച്ചുള്ള ഈ ചോദ്യത്തോടെ ഭാനുമാൻ

എന്ന ആ ദുഷ്ടൻ കൊച്ചുകുട്ടിയായ ഭാസുരൻെറ അടു ത്തെത്തി ആ ബാലനെ കഠിനമായി പ്രഹരിച്ച് അവിടെനിന്നു പുറത്തേക്കു വിട്ടു.

ഭാസുരനു് അത്യധികമായ കോപവും വേദനയും തോന്നി. അവൻ വീട്ടിലെത്തി മാതാവിനോടു് വിവര മെല്ലാം പറഞ്ഞു. എന്നാൽ ആ സാധു എന്തു ചെയ്യാ നാണു്!

പിതാവിൻെറ സ്വത്തുക്കൾക്കു് തന്നോടൊപ്പം അവകാശിയായ അനുജനെ ആട്ടിപ്പായിച്ചശേഷം, ഭാ നുമാൻ, അടുത്തദിവസം കുടുംബാംഗങ്ങളെയെല്ലാം ക്ഷണിച്ചുവരുത്തി അവരുടെ മുമ്പാകെ ഭാസുരൻെറയും മാതാവിൻെറയും ഓഹരികൾ നീലലോഹിൻെറ പ്രമാ ണം അനുസരിച്ചുതന്നെ ഭാഗിച്ചുകൊടുക്കുവാൻ നി ശ്ചയിച്ചു. അയാൾ ആ കുടുംബാംഗങ്ങളോടു് ഇങ്ങ നെ പറഞ്ഞു:—

"പ്രിയപ്പെട്ട ബന്ധുക്കളേ, ഇതാ ഇക്കാണുന്ന സ്ത്രീ ക്കും ആ കുട്ടിക്കും ഞാനല്ലാതെ മറെറാരു മനുഷ്യരും ഇത്രത്തോളംതന്നെ സഹായങ്ങൾ ചെയ്യുകയില്ലായി രുന്നു. എന്നിട്ടു് ഇന്നലെ ഈ അസത്തു് കൊച്ചൻ വീട്ടിൽ എത്തി എന്നോടു ചില അവകാശവാദങ്ങളൊ ക്കെ പുറപ്പെടുവിക്കുകയുണ്ടായി. അവൻ വളരെ ധിക്കാ രമായി സംസാരിച്ചതു് ഞാനല്ലാതെ മറെറാരു പുരുഷ നും ക്ഷമിക്കുകയില്ലായിരുന്നു. ആട്ടെ എന്തായാലും അച്ഛൻെറ പേരിനോടുള്ള ഭക്തിബഹുമാനങ്ങൾ മാത്രം

ആസ്പദമാക്കി ഈ തള്ളയ്ക്കും കുട്ടിക്കും കൂടെ ഞാൻ വസിക്കാൻ ഒരു ഭവനവും ധാന്യങ്ങൾ ധാരാളം കിട്ടത്തക്കവിധത്തിലുള്ള നിലങ്ങളും കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. അതേ, വന്ദ്യപിതാവു് എന്നെ ഏൽപ്പിച്ചിട്ടിട്ടുള്ള പ്രമാണം അനുസരിച്ചു് എന്തു കാണുന്നുവോ അങ്ങനെ ചെയ്യണമെന്നാണു് എൻെറ ആഗ്രഹം. ആ പ്രമാണത്തിൽ ഇങ്ങനെ തന്നെയാണോ, അതോ മറേറതെങ്കിലും വിധത്തിലാണോ പറഞ്ഞിട്ടുള്ളതെന്നു് അറിവാൻ ആർക്കെങ്കിലും ആഗ്രഹമുള്ളപക്ഷം, വന്നു നോക്കിക്കൊള്ളാം."

ഇതുകേട്ട ബന്ധുക്കൾ എല്ലാപേർക്കും ഭാനുമാൻെറ സ്വഭാവം നല്ലപോലെ അറിയാമായിരുന്നതിനിൽ അയാളുടെ വിരോധം സമ്പാദിക്കണമെന്നു ആർക്കുമേ തോന്നിയില്ല, അതിനാൽ അവരെല്ലാപേരും ആ സ്വത്തോഹരി സ്വീകരിക്കുവാൻ മീനാംബികയോടു പറഞ്ഞു ആ നിസ്സഹായ ആകട്ടെ, ഗത്യന്തരമില്ലാതെ, ഒരു പഴയ കെട്ടിടവും ഏതാനും തരിശുപോലുള്ള നിലങ്ങളും സ്വന്തംഭാഗം എന്ന നിലയിൽ സ്വീകരിച്ചു് പ്രമാണം വാങ്ങിക്കൊണ്ടു പിന്മാറി.

പുതുതായി തനിക്കു ലഭിച്ച ഓഹരി വസ്തുക്കളുടെ സ്വഭാവത്തെപ്പററി മീനാ വേണ്ട അന്വേഷണം നടത്തി. നിലങ്ങൾ് വെറും താഴ്ന്നതരത്തിലുള്ളവയായിരുന്നു. ഏററവും നല്ല വിളവെടുപ്പു ഉണ്ടായിരുന്നാൽ പോലും കൃഷി ചെലവിനുവേണ്ടി വരുന്നപണത്തിനു

പോലുമുള്ള നെല്ലുകിട്ടാത്ത വയലുകളാണെന്ന് അവയെന്ന് അവർ അറിഞ്ഞപ്പോൾ ആ സ്ത്രീ അതികഠിനമായി വ്യസനിച്ചു. ഇതുകണ്ടു് ഭാസുരൻ പറയുകയാണു്:—

"അമ്മേ, ഞാനും ഭാനുമാൻ ചേട്ടനും ഒരേപിതാവിൻെറ പുത്രന്മാരല്ലേ? ആ സ്ഥിതിക്കു് അച്ഛൻ എഴുതിയ പ്രമാണം അനുസരിച്ചു് എനിക്കു് ഇത്ര തുച്ഛമായ നിലം മാത്രമേ കിട്ടിയുള്ളോ? ഒരിക്കലും അങ്ങനെ വരികയില്ല. ഇതിൽ എന്തോ ഒരു രഹസ്യം ഉണ്ടു്. ഇവിടെ കാണിക്കുകയുണ്ടായ പ്രമാണം വെറും കള്ളവാണു്. ആ പ്രമാണം അച്ഛൻ കണ്ടിട്ടുള്ളതായിരിക്കയില്ല. ഇമ്മാതിരി പിൻതുടർച്ചാവകാശം സംബന്ധിച്ച ഓഹരിതിരിപ്പുകളിൽ ഒരിക്കലും ആരും സ്വന്തമക്കളെപ്പററി ഇത്ര വലിയ പക്ഷപാതബുദ്ധി കാണിക്കുമെന്നു് ഞാൻ കരുതുന്നില്ല. അതുകൊണ്ടു് ഈ വലിയ അനീതിക്കു പരിഹാരം നേടുവാൻ അമ്മ ഈ പ്രമാണത്തെ വല്ല ന്യായാധിപന്മാരുടെ അടുത്തും കാണിക്കേണ്ടതാണു്.

ഈ സന്ദർഭത്തിൽ മീനാംബികയ്ക്കു ഒരു പ്രത്യേകകാര്യത്തെപ്പററിയുള്ള ദൃഢസ്മരണയുണ്ടായി. അതായതു് നീലലോഹിതൻ ആ സ്ത്രീക്കു് രഹസ്യമായി നൽകിയിരുന്ന ചിത്രം. ചിത്രത്തിൻെറ കഥ അതേവരെ ആ ബാലനെ അറിയിക്കാതിരിക്കുകയായിരുന്നു. എന്നാൽ പിതാവു അറിഞ്ഞുകൊണ്ടു് യാതൊരു പക്ഷപാതവും കാട്ടുകയില്ല എന്നു മകനെ ബോദ്ധ്യപ്പെടുത്തു

വാൻ ആ ചിത്രം സംബന്ധിച്ച സംഗതികൾ മീനാ ഇപ്രകാരം അറിയിച്ചു:—

മകനേ, ആ പ്രമാണം നിന്റെ അച്ഛൻ എഴുതിയതോ അല്ലയോ എന്ന കാര്യം നീ സംശയിക്കേണ്ട. നിനക്ക് അന്ന് ബാല്യത്തിന്റെ ആരംഭമല്ലേ ആയിരുന്നുള്ളൂ. നിന്നെ നിന്റെ ജ്യേഷ്ഠൻ യാതൊരുവിധത്തിലും ഉപദ്രവിക്കാതിരിക്കുവാനും, നിനക്കെതിരായി യാതൊരു ദ്രോഹാലോചനകളിലും ഏർപ്പെടാതിരിക്കാനും ആയിട്ട് അദ്ദേഹം അങ്ങനെ ഒരു പ്രമാണം ഉണ്ടാക്കിയതായിരിക്കും. അതുകൊണ്ടു മൂത്തപുത്രനെ തന്നെ സകല സ്വത്തിനും അവകാശിയെന്നു അദ്ദേഹം അതിൽ എഴുതിയിരിക്കും. എന്നാൽ വേറെ ഒരു രഹസ്യം ഉണ്ട്. അദ്ദേഹം മരിക്കുന്നതിന് അല്പം മുമ്പ് എന്റെ കൈവശം ഒരു പ്രത്യേക രീതിയിലുള്ള ചിത്രം ഏല്പിച്ചിരുന്നു. ആ ചിത്രത്തിൽ അതിപ്രധാനമായ ഒരു രഹസ്യം അടങ്ങിയിരിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. ബുദ്ധിമാനായ ഏതെങ്കിലും ന്യായാധിപതിക്ക് മാത്രമേ ആ രഹസ്യം ഇന്നതെന്നു കണ്ടുപിടിക്കാൻ സാധിക്കയുള്ളൂ. എന്നും അദ്ദേഹം എന്നോട് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആ വിധത്തിൽ മഹാബുദ്ധിശാലിയും ന്യായസ്ഥനും ആയ ഒരു നീതിപാലകനെക്കണ്ടിട്ട് ചിത്രം അദ്ദേഹത്തെ ഏല്പിച്ചാൽ നീ അല്പം മുമ്പ് പറഞ്ഞ സംശയത്തിന്നു തീർ

ച്ചയായും പരിഹാരം ഉണ്ടാകും. ഇതുകേട്ട് ഭാസുരൻ പറയുകയാണ്:—

എന്താ, അമ്മ നേരത്തെ തന്നെ ഈ ചിത്രത്തിൻെറ കാര്യം എന്നോട് പറയാത്തത്? ആ പടം എവിടെ? ഞാൻഇതേവരെ അങ്ങനെഒന്നു കണ്ടിട്ടില്ലല്ലോ.

തൽക്ഷണം മീനാംബിക വീട്ടിലെ പുരമുറിയ്ക്കുള്ളിൽ പോയി താൻ ഏററവും ഭദ്രമായി സൂക്ഷിച്ചിരുന്നപെട്ടിയിൽ നിന്നു് ഒരു വിശേഷപ്പെട്ടചിത്രം കൊണ്ടുവന്നു മകൻെറ മുമ്പിൽ വെച്ച് പൊതിഞ്ഞ കടലാസ്സുമാററി ആ പടം അവനെ കാണിച്ചു.

വെറും ലഘുവായ ഒരു ചിത്രം അതിൽ ഒരു വൃദ്ധൻ ജീവനുള്ളവിധം അത്യസ്വാഭാവികമായി നിൽക്കുന്നു. ഒരു കൊച്ചുകത്തിനെ ഒരു വൃദ്ധൻ എളിയിൽ ബലമായി ധരിച്ചിരിക്കുന്നു. അയാളുടെ കണ്ണുകൾ അടുത്തെങ്ങോ ഉള്ള ചില വസ്തുക്കളിലേക്കു പതിഞ്ഞിട്ടുമുണ്ട്.

ഈ പടം ബാലൻ ആവർത്തിച്ചാവർത്തിച്ചു നോക്കിയിട്ടും എന്താണ് അതിലെ രഹസ്യം എന്നു മനസ്സിലായില്ല.

അവൻെറ മാതാവും അവനുമായി പല വിധത്തിലുള്ള ഊഹങ്ങൾ നടത്തി. എന്നിട്ടും അവരിരുവർക്കും യാതൊന്നും മനസ്സിലാകാതെ അല്പം നിരാശയോടുകൂടി തന്നെ ആ ചിത്രം മുമ്പിലത്തെപ്പോലെ സൂക്ഷിക്കപ്പെട്ടു.

ഏതാനും നാൾ കഴിഞ്ഞു ഒരു ദിവസം ഭാസുരൻ

അടുത്ത നഗരത്തിൽ എത്തി. ഈ ചിത്രത്തിലടങ്ങിയിരിക്കുന്ന രഹസ്യം എന്താണെന്നറിയിക്കുവാൻ സാമർത്ഥ്യമുള്ള ഒരാളെ കണ്ടുപിടിക്കുവാൻ യത്നിച്ചു. ഈ ഉദ്ദേശത്തോടെ അവൻ നടക്കവേ, കാളീക്ഷേത്രത്തിൽ ചില പൂജകൾ നടത്തുവാൻ പൂജാദ്രവ്യങ്ങളുമായി സമീപസ്ഥലത്തു് എത്തിയ ഏതാനും ആളുകളെ കാണ്മാൻ ഇടയായി. അന്നത്തെ പൂജ എന്തിലേയ്ക്കു വേണ്ടിയായിരുന്നു എന്നറിവാൻ ബാലനു് ഒരു പ്രത്യേക ഉൽക്കണ്ഠ തോന്നി. അവൻ അതെസ്സംബന്ധിച്ചു ചോദിച്ചപ്പോൾ, ഏററവും കഴിഞ്ഞ ഒരു കൊലപാതകക്കേസ്സിൽ അന്യായമായി വധശിക്ഷയ്ക്കു വിധിക്കപ്പെട്ട ചില ആളുകൾ നിരപരാധികളാണെന്നു് ഒരു പുതിയ നീതിന്യായാധിപൻ കണ്ടുപിടിച്ചതിന്മേൽ ആ രക്ഷപ്പെട്ടവർ ദേവീക്ഷേത്രത്തിൽ ചില വഴിപാടുകൾ നടത്തുവാൻ എത്തിയതാണു എന്നു ബാലനു് മനസ്സിലായി.

ഈ പ്രത്യേക ന്യായാധിപനെ പരിചയപ്പെട്ടു് അദ്ദേഹത്തിൻെറ ശ്രദ്ധയിൽ ഭാസുരൻെറയും മാതാവിൻെറയും നിസ്സഹായാവസ്ഥയെ എത്തിക്കുന്ന പക്ഷം, രക്ഷാമാർഗ്ഗം തീർച്ചയായും ലഭിക്കുമെന്നു് ആ ബാലനു ബോദ്ധ്യമായി. അതിനാൽ അവർ ഇരുവരുമായി ആ ന്യായാധിപൻെറ അടുത്തെത്തി ചിത്രം അദ്ദേഹത്തെ കാണിച്ചു. അദ്ദേഹമാകട്ടെ, മററു യാതൊരു ലക്ഷ്യങ്ങളോ പ്രമാണങ്ങളോ കൂടാതെ കേവലം ഒരു ചിത്രം

കൊണ്ടുവന്നു് ഒരു നിസ്സഹായ സ്ത്രീ ഏല്പിച്ചതു സംബന്ധിച്ചു് വളരെ അത്ഭുതപ്പെട്ടു. ഏതായാലും സ്ത്രീയേയും പുത്രനേയും പറഞ്ഞയച്ചശേഷം അദ്ദേഹം ആ ചിത്രത്തെ വളരെ ശ്രദ്ധയോടെ തിരിച്ചും മറിച്ചും, മറിച്ചും തിരിച്ചും നോക്കി. അതു് അന്തരിച്ച നീലലോഹിതന്റെ ഒരു ചിത്രമായിരിക്കുമെന്നു് ന്യായാധിപൻ സംശയിച്ചതു് അസ്ഥാനത്തിലായില്ല. എന്നാൽ ആ പടത്തിലെ മനുഷ്യൻ അടുത്തു് ഏതോ പറമ്പോ പാടമോ ചൂണ്ടിക്കാട്ടുന്ന നില കാണുന്നതിനാൽ അദ്ദേഹത്തിന്റെ കൈക്കുഞ്ഞിനെ രക്ഷിക്കുവാനുള്ള ഒരു ഉപായമായി അദ്ദേഹം എന്തോ കരുതിയിരിക്കാം എന്നും ന്യായാധിപൻ ഊഹിച്ചു.

എല്ലാ ദിവസവും ന്യായാധിപൻ അദ്ദേഹത്തിന്റെ കൈവശം ഏല്പിക്കപ്പെട്ട ചിത്രം വളരെ സൂക്ഷ്മമായി പരിശോധിച്ചുപോന്നു. ഇങ്ങനെ കഴിയവേ, ഒരു നിസ്സാര സംഭവം ആ ചിത്ര രഹസ്യം വെളിപ്പെടുത്തുവാൻ ഇടയാക്കിയെന്നതു് ഏററവും ആശ്ചര്യകരമായിരുന്നു. അതായതു് ഒരു ദിവസം വൈകുന്നേരം, ന്യായാധിപതി ഈ ചിത്രം കൈയിലെടുത്തു നോക്കവേ, അദ്ദേഹത്തിന്റെ ചൂടുള്ള പാനീയത്തിൽ ഒരു ഭാഗം ആ ചിത്രത്തിൽ പതിക്കുവാൻ ഇടയായി. ആയതു ഉണക്കുവാൻ സായാഹ്നസൂര്യന്റെ കിരണങ്ങൾക്കു് മുമ്പാകെ അദ്ദേഹം ആ ചിത്രം വെച്ചു. ചിത്രത്തിൽ സൂര്യകിരണങ്ങൾ തട്ടി ഏററവും മേന്മയുള്ള പുറം

താം കഴിഞ്ഞു നേരിയ ചില വരകൾ അടിയിൽ പ്രത്യക്ഷപ്പെട്ടു. അതൊരു വെറും കടലാസ്സായിരിക്കും എന്ന നിലയിൽ അദ്ദേഹം നോക്കിയപ്പോൾ അതിന്നടിയിൽ മറെറാരു കട്ടിക്കടലാസ്സ് എന്തോ എഴുതിയിരിക്കുന്നതോടെ പ്രത്യക്ഷപ്പെട്ടു. കടലാസ്സുകൾ എല്ലാം ഭദ്രമായി തമ്മിൽ ഒട്ടിക്കപ്പെട്ടിരുന്നതിനാൽ അടിയിലുള്ള പത്രം പ്രത്യേകം എടുത്തു വായിക്കുവാൻ അദ്ദേത്തിന്നു സാധിച്ചു. ആ വിചിത്രമായ കടലാസ്സിൽ ഇങ്ങനെ എഴുതപ്പെട്ടിരുന്നു:—

"ഈ പ്രമാണം എഴുതുന്ന ഞാൻ അഞ്ചു തവണ ഭരണകാര്യങ്ങളിൽ ഏർപ്പെട്ടിരുന്ന ഒരുവനാണ്. എനിക്കിപ്പോൾ അറുപത്തിനാലു വയസ്സിന്നുമേൽ പ്രായമാവുകയും ഇനിയും ലോകത്തു യാതൊരു സുഖാനുഭവത്തിനോടും യാതൊരാഗ്രഹവും ഇല്ലാതിരിക്കയും ചെയ്യുന്നു. എൻെറ രണ്ടാമത്തെ ഭാര്യയിൽ എനിക്കുണ്ടായ പുത്രനായ 'ഭാസുരൻ' വെറും കൊച്ചുകുഞ്ഞാണ്. അവൻെറ സ്വത്തവകാശം സംബന്ധിച്ച് ഞാൻ ഇതേവരെ യാതൊരു എഴുത്തുകുത്തും നടത്തിയിട്ടില്ല. എൻെറ ആദ്യത്തെ പത്നിയിലെ പുത്രനായ ഭാനുമാൻ എന്നോടാകട്ടെ, എൻെറ ഇളയ മകനോടാകട്ടെ യാതൊരു സ്നേഹവും ഇല്ലാതെ കഴിയുന്ന ഒരുവനാണ്. എൻെറ വക രണ്ടു വലിയ മണിമാളികകളും ചില വസ്തു വകകളും ഞാൻ ആദ്യ പുത്രനു് സ്വന്തമെന്ന നിലയിൽ കൊടുക്കുന്നു. രണ്ടാമത്തെ പുത്രനാകട്ടെ, എൻെറ വാസസ്ഥലത്തിനു്

സമീപമുള്ള അതിനിസ്സാരമായ ഒരു ഭവനമാണു് ഞാൻ കൊടുക്കുന്നതു്.

ഈ ചെറു ഭവനം അത്ര കേമമായി തോന്നുകയില്ല എങ്കിലും പരമാർത്ഥം അങ്ങനെയല്ല. ആ കെട്ടിടത്തിൻെറ വടക്കെ ചുവരിൻെറ മദ്ധ്യഭാഗത്തു താഴെയായി ഞാൻ അയ്യായിരം വെള്ളിനാണയം കുഴിച്ചുവച്ചു സൂക്ഷിച്ചിട്ടുണ്ടു്. ചുവരിൻെറ കിഴക്കു ഭാഗത്തു് അത്രയുംതന്നെ സ്വർണ്ണനാണയവും ഞാൻ സൂക്ഷിച്ചിരിക്കുന്നു. ഈ രണ്ടു തുകകളുംകൂടെ കൂട്ടിയാൽ ഞാൻ ഭാനുമാനു് നൽകിയ സ്വത്തിനോളംതന്നെ വരും.

ഈ ചിത്രത്തിലെ രഹസ്യം കണ്ടുപിടിക്കാൻ സാധിക്കുന്ന ബുദ്ധിമാനായ ന്യായാധിപനു് ആയിരം സ്വർണ്ണനാണയം പ്രത്യേകം കൊടുക്കുവാൻ ഞാൻ മററുള്ളവയോടുകൂടിത്തന്നെ സൂക്ഷിച്ചിരിക്കുന്നു.

ചിത്രത്തിൻെറ അടിയിലത്തെ പ്രമാണം മുഴുവൻ ഇങ്ങനെ വായിച്ചുനോക്കിയ ശേഷം, ന്യായാധിപൻ നീലലോഹിതൻെറ മൂത്തപുത്രനെ ആളയച്ചു വരുത്തി. എന്നാൽ അയാളുടെ അഴപ്പോഴത്തെ സ്ഥിതി എന്തായിരുന്നു. പിതാവിൽനിന്നു് ഒരിക്കലും ഉദ്ദേശിച്ചിരിക്കാത്ത വിധത്തിൽ അനവധി സ്വത്തു് ലഭിച്ചതിനാൽ ഭാനുമാൻ സകല രീതിയിലും ഉള്ള സുഖാനുഭവങ്ങൾ ഓരോന്നിലും മുഴുകുകയായിരുന്നു. എന്നാൽ ആ ദിക്കിലെ ന്യായാധിപൻ അയാളെ അന്വേഷിക്കുന്ന വിവരം ദൂതൻ അറിയിച്ചപ്പോൾ എന്തു കാര്യമാണു്

എന്നു അറിയാതെ, അയാൾ പെട്ടെന്നു് അവിടെ എത്തി. ന്യായാധിപൻ ചോദിക്കുകയാണു്:—

"ആട്ടെ; നീലലോഹിതൻ എന്ന പ്രഭുവിൻെറ മകനാണു് നിങ്ങൾ. അല്ലേ?

ഭാനുമാൻ:—അതേ; ഞാൻതന്നെ മകൻ.

ന്യായാധിപൻ:—അതെ; പ്രഭുവിൻെറ രണ്ടാമത്തെ ഭാര്യയായ മീനാംബിക എന്ന സ്ത്രീ നിങ്ങളെ പ്പററി ഒരു ആവലാതി ബോധിപ്പിച്ചിരിക്കുകയാണു്. ആ സ്ത്രീയേയും, പുത്രനേയും നിങ്ങൾ വീട്ടിൽനിന്നു ഇറക്കി വിട്ടു എന്നും, അവർക്കു് നിങ്ങളുടെ പിതാവിൻെറ വകയായ യാതൊരു സ്വത്തും കൊടുക്കുകയുണ്ടായില്ല എന്നും ആണു് ആവലാതി. ആട്ടെ; അതിനെപ്പററി നിങ്ങൾക്കു് എന്താണു് പറവാനുള്ളതു്?

ഭാനുമാൻ:—എൻെറ അനുജൻ എന്നു പറയപ്പെടുന്ന ഭാസുരൻ എന്നോടുകൂടിത്തന്നേയാണു് താമസിച്ചുപോന്നതു്. അവൻെറ ശൈശവകാലത്തുതന്നെ അച്ഛൻ മരിച്ചുപോയി. അതിനുശേഷം ഇന്നോളം ഞാൻ അവനെ ഏററവും ശ്രദ്ധയോടുംകൂടി വളർത്തിവരികയായായിരുന്നു. എന്നാൽ അടുത്ത കാലത്തു് അവൻെറ അമ്മയ്ക്കും അവനും പ്രത്യേകം മാറിത്താമസിക്കണം എന്നു് ഒരാഗ്രഹം തോന്നി. അല്ലാതെ ഞാനവരെ വീട്ടിൽനിന്നു ഇറക്കി വിട്ടതല്ല. അച്ഛൻെറ സ്വത്തെല്ലാം ഞാനെടുത്തു

എന്നു പറയുന്നുണ്ടെങ്കിൽ അതിലേക്ക് എന്നെ അധികാരപ്പെടുത്തിതന്നതായ മരണശാസന പത്രം അച്ഛൻ എഴുതിയതു എൻെറ കൈവശം ഉണ്ടു്.

ന്യായ:—ആട്ടെ; നിങ്ങളുടെ പിതാവിൻെറ കൈയക്ഷരത്തിലുള്ളതോ? അതെവിടെ?

ഭാനു:—അതേ; അതു വീട്ടിൽ സൂക്ഷിച്ചിരിക്കുകയാണു്. ഞാൻ പോയി എടുത്തുകൊണ്ടുവരാൻ അനുവാദം തന്നാൽ ഉടനെ ഇവിടെ എത്തിക്കാം.

ന്യായാധിപൻ:—ആട്ടെ; പതിനായിരത്തോളം വെള്ളിനാണയത്തിൻെറ സ്വത്തു് നിങ്ങളുടെ പിതാവിൻെറ വകയായി അവശേഷിച്ചിട്ടുണ്ടെന്നു് ആവലാതിക്കാർ പറയുന്നു. നിങ്ങൾക്കു് പിതാവിൻെറ പ്രമാണമനുസ്സരിച്ചു കിട്ടി എന്നു നിങ്ങളും പറയുന്നു. ആട്ടെ. നാളെ ഞാൻ ആവലാതിക്കാരെ ഇവിടെ വരുത്തും. നിങ്ങളുടെ ഭവനത്തിൽ ആ സ്വത്തുക്കളെപ്പററി ശരിയായി അന്വേഷണം നടത്താൻ വന്നുചേരുകയും ചെയ്യും.

അനന്തരം ന്യായാധിപൻ കോടതിയിലെ ഒരു ദ്യോഗസ്ഥനെ വിളിച്ചു് ഭാനുമാനെ പൊയ്ക്കൊള്ളുന്നതിനും മീനാംബികയും ആ സ്ത്രീയുടെ പുത്രനും തങ്ങളുടെ ആവലാതി സംബന്ധിച്ച തീരുമാനം കേൾക്കുവാൻ പിറെറ ദിവസം കോടതിയിൽ എത്തണമെന്ന വിവരം അറിയിക്കുന്നതിനും ആജ്ഞാപിച്ചു.

എന്നാൽ ആ ഉദ്യോഗസ്ഥനെ വഴിമദ്ധ്യേ ഭാനുമാൻ വലിയ സമ്മാനങ്ങൾ കൊടുത്തു് വശീകരിച്ചു. അതിൻെറ ഫലമായി അയാളുടെ പ്രത്യേക ബന്തോവസ്സിൽ ഭാനുമാനെ വീട്ടിൽ എത്തിക്കുന്നതിനു പകരം അയാളെ സ്വതന്ത്രമായി പൊയ്ക്കൊള്ളുവാൻ അനുവദിക്കുകയുണ്ടായി. അനന്തരം ഉദ്യോഗസ്ഥൻ മീനാംബികയുടെ ഭവനത്തിൽ എത്തി വിവരം അറിയിച്ചു.

ഭാനുമാൻെറഭവനത്തിൽ പിറേറദിവസം ന്യായാധിപൻ എത്തുമെന്നും അയാൾ പിതൃസ്വത്തുകൾ സമഭാഗമായി അനുജനെ ഏൽപ്പിക്കാതിരുന്നതിനെപ്പററി തനിക്കു് ഉത്തരം പറയേണ്ടിവരുമെന്നും മനസ്സിലാക്കി അയാൾ വളരെ പരിഭ്രമിച്ചു. തൻെറ പിതാവു, അയാളെ മാത്രമാണു് പുത്രൻ എന്ന നിലയിൽ ഉദ്ദേശിച്ചതു് എന്നു് അയാൾ തെററിദ്ധരിച്ചു സ്വത്തു മുഴുവൻ കൈവശപ്പെടുത്തിയതു് ന്യായാധിപൻെറ അഭിപ്രായത്തിൽ കേവലം അന്യായവും അക്രമവും ആയി ഗണിക്കപ്പെടുമെന്നു് അയാൾ ഭയന്നു. അതിനാൽ തൻെറ ന്യായരഹിതമായ അവകാശത്തെ സാധൂകരിക്കുവാൻ അയാൾ ബന്ധുക്കളിൽ അനേകം പേരെ വരുത്തി അവർക്കു വേണ്ട പണം കൊടുത്തു് അവരുടെ സാക്ഷ്യം സമ്പാദിക്കാൻ യത്നിച്ചു.

എന്നാൽ ന്യായാധിപൻെറ ഉത്തരവനുസരിച്ചു് മീനാംബികയും പുത്രനും പിറെറ ദിവസം നീതിന്യാ

യപീഠത്തെ സമീപിക്കണമെന്ന ശാസനം ആ നിസ്സഹായ വളരെ സന്തോഷത്തോടെ കേട്ടു് അപ്രകാരം എത്തുവാൻ തയ്യാറായി. പിറെറദിവസം ആ സ്ത്രീയെ കണ്ടു് ന്യായാധിപൻ പറഞ്ഞു:—

"അശരണയായ അല്ലയോ മാന്യേ, നിങ്ങളുടെ നിസ്സഹായാവസ്ഥ എനിക്കു് നല്ലപോലെ മനസ്സിലായി. അതിനാൽ നിങ്ങൾക്കു് ഏതുവിധത്തിലെല്ലാം ന്യായം നടക്കണമോ ആ വിധത്തിൽ വേണ്ട സഹായം ചെയ്യാൻ ഞാൻ സന്നദ്ധനാണു്. എന്നാൽ നിങ്ങളുടെ ഭർത്താവുതന്നെ സ്വന്തം സ്വത്തു് മൂത്ത പുത്രനു് അവകാശപ്പെടുത്തിക്കൊടുത്തതായി ഒരു പ്രമാണം കാണുന്നുണ്ടു്. ആട്ടെ; അതുവാസ്തവത്തിലുള്ളതു തന്നേയാണോ?

മീനാംബിക;—അങ്ങനെയൊരു പ്രമാണമുള്ളതു വാസ്തവംതന്നെ. എന്നാൽ അതു അദ്ദേഹം ഹൃദയപൂർവ്വം എഴുതിയതല്ല. അദ്ദേഹത്തിൻെറ ഇളയകുട്ടിയ്ക്കു് മൂത്തയാളിൽ നിന്നു് യാതൊരപായവും നേരിടാതിരിക്കാൻ അദ്ദേഹം ബുദ്ധിപൂർവ്വം കരുതിക്കൂട്ടി എഴുതിവച്ചതാണു്.

ന്യായാധിപൻ:—ആട്ടെ; അതുകൊണ്ടു്, മൂത്തപുത്രനു് അവകാശപ്പെടുന്നതുപോലുള്ള ഒരോഹരി നിങ്ങൾക്കു് കിട്ടിയില്ല എന്നു വിരാം. പക്ഷേ, നിങ്ങളുടെ കാലക്ഷേപത്തിനുള്ള വക കിട്ടിയാൽ പോരേ?

മീനാം:—ധാരാളം മതി. എനിക്കും എന്റെ മകനും പട്ടിണി കൂടാതെ കഴിച്ചുകൂട്ടുന്നതിനുള്ള വകകൾ അവിടുന്നു് അനുവദിച്ചുതന്നാൽ മതിയാകും.

ഇതുകേട്ടു് മീനാംബികയും പുത്രനും ഭാനുമാന്റെ ഭവനത്തിൽ എത്തിക്കൊൾവാൻ ന്യായാധിപൻ കല്പിച്ചു.

ഈ ഘട്ടത്തിൽ ഭാനുമാൻ ന്യായാധിപന്റെ വരവുകാത്തു് ഭവനം ആകപ്പാടെ വളരെ മനോഹരമായി അലങ്കരിച്ചിരുന്നു. മുറയ്ക്കു് തന്റെ സകല ബന്ധുക്കളേയും സ്നേഹിതരേയും അയാൾ അവിടെ ക്ഷണിച്ചു വരുത്തുകയും ചെയ്തിരുന്നു. തന്റെ സ്വത്തിന്റെ ഏതെങ്കിലും ഭാഗത്തിനു് ഗണ്യമായ നഷ്ടം ഉണ്ടാകയില്ലെന്ന വസ്തുത അയാൾക്കു് അറിയാമായിരുന്നു. എന്നാൽ ഇതു സംബന്ധിച്ച സങ്കടമോ നിരാശയോ ലേശം പോലും ബാധിക്കാത്തമട്ടിൽ ഭാനുമാൻ ഒരു ആദർശപുരുഷന്റെ നിലയിൽ പ്രസന്നവദനനായി അവിടെ കാണപ്പെട്ടതേയുള്ളു.

പെട്ടന്നു് ന്യായാധിപന്റെ വരവുണ്ടായി. അദ്ദേഹത്തോടുകൂടെ ന്യായപ്രവർത്തനത്തിൽ അതിസമർത്ഥന്മാരായ രണ്ടു കോടതി ഉദ്യോഗസ്ഥന്മാരും അവിടെ എത്തിയിരുന്നു.

ഭവനത്തിൽ എത്തിയ നീതിന്യായാധിപനെ ഭാനുമാൻ വിനയ ബഹുമാനങ്ങളോടെ സൽക്കരിച്ചു്

അകത്തു ഒരു അഗ്രസ്ഥാനത്തു ഇരുത്തി. അല്പം ഇരുന്ന ശേഷം അദ്ദേഹം ആ സ്ഥലത്തു നിന്നു് എഴുന്നേററു് ഭാനുമാൻെറ പിതാവായ നീലലോഹിതൻെറ ഒരു ചിത്രം കാണപ്പെട്ട മുറിയിൽ എത്തി. എല്ലാവരും ആശ്ചര്യപരവശരായി നോക്കിനിൽക്കവേ, ആ ന്യായ പ്രവർത്തകൻ ഈശ്വരനെ മനസ്സിൽ ധ്യാനിച്ചു ശേഷം പരദേവതയെ വന്ദിക്കുംപോലെ നീലലോഹി തൻെറ ചിത്രത്തിൻെറ നേർക്കു് അല്പനേരം ധ്യാന ത്തിൽ നിന്നശേഷം ആ ഭവനാധിപനെ നേരിട്ടു കണ്ടു സംസാരിക്കുന്ന വിധത്തിൽ ഭാവനാപരമായ ഒരു പ്രയോഗം ആരംഭിച്ചു. അദ്ദേഹം നീലലോഹിതനോടു പറയുകയാണു്:—

"മഹാത്മാവായ അല്ലയോ മന്ത്രിവര്യ, അവിടു ന്നു് എനിക്കു ഇപ്പോൾ ദയവായി ദർശനം നൽകുന്നതു എനിക്കു് വളരെ ഉപകാരപ്രദമാണു്.

ഉടനേ മന്ത്രിവര്യൻ എന്തോ പറയുന്നതു കേട്ടതാ യി നടിച്ചു ന്യായാധിപൻ പറയുന്നു.

എന്താണു് അവിടുന്നു് പറയുന്നതു്? അവിടത്തെ സ്വത്തുക്കൾ— അതേ. സ്വത്തുക്കൾ എല്ലാം ഇപ്പോൾ മൂത്തപുത്രൻെറ കൈവശം തന്നെയാണു്. എന്താ അങ്ങ നെയല്ലേ, അവിടുന്നു് നിശ്ചയിക്കയുണ്ടായതു്.

(കേട്ടതായിഭാവിച്ചു) എന്താ അവിടത്തെ മൂത്ത പുത്രൻ അത്രയ്ക്കൊരു ദുഷ്ടനൊന്നുമല്ലത്രേ, അവിട

ത്തെ രണ്ടാമത്തെ പുത്രനു് എന്തു സ്വത്താണു് നൽകുന്നതു്?

(എന്തോ കേട്ടതായി ഭാവിച്ചു) ആ ചെറിയവീട്ടിലോ ആ വീടു് എത്രയോ നിസ്സാരമായ ഒരു ഭവനമല്ലേ?

ഇങ്ങനെയുള്ള സങ്കല്പ പുരുഷസംഭാഷണം അല്പനേരത്തേക്കു് നിലനിന്നു. നീലലോഹിതന്റെ മരണശാസനം വായിച്ച ന്യായാധിപനു് കാര്യങ്ങൾ ഇന്നിന്നവിധമെല്ലാമാണു് വേണ്ടതെന്നു് അറിയാം. എന്നാൽ ആ തീർച്ച പൊതുവെ എല്ലാപേർക്കും ആദരണീയമാകുന്നതിനു മന്ത്രിയുമായുള്ള നേരിട്ട സംഭാഷത്തിനുശേഷമാണു് ന്യായാധിപൻ പ്രവർത്തിക്കുന്നതു് എന്നുവരുത്തുവാൻ ശ്രമിച്ചതായാരുന്നു.

നീലലോഹിതന്റെ എന്തോ നിർദ്ദേശം കേട്ടപോലെ ഭാവിച്ച ന്യായാധിപൻ ഏതു ച്ചുവരിനു നടക്കു്? എന്നു ചോദിക്കുകയും "വടക്കേ" എന്നു ഉത്തരം ലഭിച്ചപോലെ ഭാവിക്കുകയും ചെയ്തു. ആ സ്ഥലത്തു് കുഴിച്ചുനോക്കിയപ്പോൾ ന്യായാധിപൻ ഉദ്ദേശിച്ചപോലെ അയ്യായിരം വെള്ളിനാണയം കണ്ടെടുത്തു. തുടർന്നു സ്വർണ്ണനാണയവും എന്നുവേണ്ട ന്യായാധിപൻ അദ്ദേഹത്തിന്റെ ഉദ്ദേശംപോലെ മീനാംബെയ്ക്കും ഭാസുരനും അവരുടെ കാലക്ഷേപത്തിനു വേണ്ട സ്വത്തു നി

ലലോഹിതന്റെ വക തന്നെ കൊടുത്തു. ഭാനുമാന്റെ വസ്തുവകകൾ അയാൾ തന്നെ പരിപാലിച്ചുകൊള്ളുന്നതിനും വേണ്ട വ്യവസ്ഥൾ ചെയ്യപ്പെട്ടു.

ന്യായാധിപനമായി നീലലോഹിതൻ സംസാരിക്കയുണ്ടായി എന്നു വിശ്വസിച്ചപ്പോൾ മുതൽ ഭാനുമാനു് തന്റെ പിതാവിനെപ്പററി വളരെ ഭക്തിബഹുമാനങ്ങൾ കൂടുതലായിത്തോന്നി. അന്നുമുതൽ അയാൾ ഭാസുരനെ അനുജനായും മീനാംബികയെ ചിററമ്മയായും ഗണിച്ചു ന്യായമായ രീതിയിൽ കാലയാപനം ചെയ്തു വന്നു.

# ഭാനമതി

## (ഒരു രജപുത്രരാജകുമാരി)

ഇന്ത്യാമഹാരാജ്യത്തിൻെറ വടക്കുഭാഗത്തുള്ള അനവധി സംസ്ഥാനങ്ങളെപ്പററി നിങ്ങൾ കേട്ടിരിക്കുമല്ലോ. പണ്ടു് ഈ സംസ്ഥാനങ്ങൾക്കു് ഇന്നു കാണുന്നടത്തോളം തന്നെ വലിപ്പം ഇല്ലായിരുന്നു. രാജപുട്ടാണ എന്നു ഇൻഡ്യയുടെ പടത്തിൽ ക്കാണുന്ന ആ വലിയ രാജ്യം മുൻകാലങ്ങളിൽ അനേകമനേകം ചെറുരാജ്യങ്ങളായിരുന്നു. ഈ ചെറിയ സംസ്ഥാനങ്ങളിൽ ചിലപ്പോൾ ഹിന്ദുരാജാക്കന്മാരും, മററു ചിലപ്പോൾ മഹമ്മദീയരായ അധിപന്മാരും ഭരണം നിർവഹിച്ചുപോന്നിരുന്നു. അവർ തമ്മിൽ കലഹങ്ങളും തീരെ അപൂർവ്വമായിരുന്നില്ല.

നാഗപുരം എന്ന രാജ്യത്തിലെ മാനസിംഹൻ എന്ന രാജാവിൻെറകാലത്തു് ഉണ്ടായിരുന്ന ഒരു വലിയ കലഹത്തിലാണു് നമ്മുടെ കഥ ആരംഭിക്കുന്നതു്. മാനസിംഹൻ വളരെ ശക്തിയും പ്രതാപവും ഉള്ള ഒരു രാജാവായിരുന്നു അദ്ദേഹത്തിൻെറ രാജ്യം അത്ര വളരെ വലുതായിരുന്നില്ല. എങ്കിലും അദ്ദേഹം യുദ്ധം ചെയ്യുന്നതിൽ അതിസമർത്ഥനും ഭരണകാര്യത്തിൽ വളരെ

പാടവം നേടിയ ആളും ആയിരുന്നു. രാജാവിനു് ഒന്നു രണ്ടു പുത്രന്മാരും ഒരു പുത്രിയും സന്താനങ്ങളായി ലഭിച്ചിരുന്നു. ഈ പുത്രന്മാർ രാജകുമാരന്മാർ എന്ന നിലയിൽ ആയുധാഭ്യാസവും വിദ്യാഭ്യാസവും കഴിഞ്ഞു് രാജധാനിയിൽ താമസിക്കുകയായിരുന്നു. എന്നാൽ അക്കാലത്തെ ഡൽഹിചക്രവർത്തിയുടെ ആജ്ഞയനുസരിച്ചു് രാജകുമാരന്മാരെ ഒരവസരത്തിൽ ചക്രവർത്തിയുടെ രാജധാനിയിലേക്കു് മാനസിംഹൻ അയയ്ക്കുകയുണ്ടായി. യുദ്ധംചെയ്യാൻ സാമർത്ഥ്യം സിദ്ധിച്ച ആ കുമാരന്മാരെ ഡൽഹിചക്രവർത്തി ഇന്ത്യയുടെ തെക്കുഭാഗത്തുള്ള ഏതാനും ശത്രുക്കളെ അമർച്ചചെയ്യാൻ തക്ക സേനകളോടൊന്നിച്ചു അയയ്ക്കുകയുണ്ടായി.

മാനസിംഹരാജാവു് വലിയ പരാക്രമശാലിയായിരുന്നെങ്കിലും അദ്ദേഹത്തിന്നു പ്രായം കുറെ അധികമായി. അതുകൊണ്ടു് നേരിട്ടു യുദ്ധരംഗങ്ങളിൽ എത്തുവാൻ രാജാവിനു് കഴിവുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ പുത്രന്മാരാണു് പിതാവിനുവേണ്ടി ഈ കൃത്യം നിർവഹിച്ചുവന്നതു്. അവർ രാജധാനി വിട്ടു പോയതു് നല്ല ഒരു തരമെന്നു് ശത്രുക്കാം കണ്ടു. അതനുസരിച്ചു് ഗുജറാററിലെ മഹമ്മദീയരാജാവു് പെട്ടെന്നു് ഒരു സൈന്യവുമായി നാഗപുരത്തെ ആക്രമിച്ചു മഹദീയ സേനയെ തട്ടുത്തുനിർത്തത്തക്ക സൈന്യം അപ്പോാം നാഗപുരത്തു് ഉണ്ടായിരുന്നില്ല. മാനസിംഹനു് മററു കഴിവൊന്നും ഉണ്ടായിരുന്നില്ല. അതി

നാൽ വേണ്ടപ്പെട്ട എല്ലാബന്ധുക്കളോടും ആവശ്യമുള്ള രത്നാഭരണങ്ങൾ പണം എന്നിവയോടുംകൂടെ എവിടെയെങ്കിലും ഒളിച്ചോടി രക്ഷപ്പെടാം എന്നുതന്നെ രാജാവു തീർച്ചയാക്കി. അക്കാലത്തു് രാജപുട്ടാണായുടെ അതിർത്തിദേശത്തു് ബലമേറിയ ഒരു കോട്ടയുണ്ടായിരുന്നു. കരിങ്കല്ലുകൊണ്ടു ബലമായി കെട്ടപ്പെട്ടിരുന്ന ആ കോട്ടയുടെ ഉള്ളിൽ താമസിക്കുവാൻ സൗകര്യമുള്ള ഒന്നു രണ്ടു കെട്ടിടങ്ങളും ഉണ്ടായിരുന്നു. ശത്രുക്കളുടെ ആക്രമണത്തിൽ നിന്നു രക്ഷനേടാൻ മാനസിംഹൻ ഈ കോട്ടയെത്തന്നെ അഭയം പ്രാപിച്ചു.

മാനസിംഹരാജാവും പ്രധാനപ്പെട്ട ബന്ധുക്കളും ഉദ്യോഗസ്ഥന്മാരും ഇങ്ങനെ രക്ഷനേടി. ആ കോട്ടയുടെ പേരു് 'ഗോദാവരം' എന്നായിരുന്നു. കോട്ടയ്ക്കുള്ളിലെ രാജമന്ദിരത്തിൽ സുഖമായി പാർക്കാമായിരുന്നു എങ്കിലും അവിടേയും ശത്രുക്കളുടെ ആക്രമണം ഉണ്ടാകുമെന്നു് മാനസിംഹൻ ഭയന്നു. അതുകൊണ്ടു് അദ്ദേഹത്തിനു് തീരെ സമാധാനം ഉണ്ടായിരുന്നില്ല. ഏതെങ്കിലും വിധത്തിൽ ശത്രുവിനെ തോല്പിച്ചു രാജ്യം വീണ്ടെടുക്കണമെന്നു് അദ്ദേഹം കരുതി. വിവരം മന്ത്രിമാരെയും ഉദ്യോഗസ്ഥന്മാരേയും അറിയിച്ചു. എല്ലാപേരുമായി ആ കോട്ടയിലെ രാജമന്ദിരത്തിനുള്ളിൽ ഒരു പ്രത്യേക മുറിയിൽ വച്ചു് മേൽ നടക്കേണ്ട കാര്യങ്ങളെപ്പററി വേണ്ടപോലെ ആലോചിച്ചു.

ഗോദപാരത്തു് താമസത്തിനു അസൗകര്യങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. വേണ്ടുവോളം ഭക്ഷണ സാധനങ്ങളും ശത്രുക്കൾ വെളിയിലായിരിക്കുന്നിട ത്തോളം സുഖമായി കഴിയുന്നതിനുള്ള കെട്ടിടങ്ങളും ഉണ്ടായിരുന്നു. എന്നാൽ നാഗപുരം ആക്രമിച്ചു കീഴട ക്കിയ ശത്രുക്കളുടെ ദൃഷ്ടി ചുററം പതിയുന്നതാണല്ലോ. മാനസിംഹനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും, സൈന്യം, ഖജനാവു മുതലായവയും എവിടെയാണെന്നു ശത്രുക്കൾ അന്വേഷണം നടത്തി. രാജാവു് യുദ്ധം ചെയ്യാൻ ശക്തനല്ലാതെയും, തക്ക സൈന്യം ഇല്ലാ തെയും ഒളിച്ചോടുകയാണു് ചെയ്തതെന്നു ശത്രുക്കൾ മന സ്സിലാക്കി. അതിനാൽ അദ്ദേഹത്തിന്റെ അഭയ സ്ഥലം അടുത്തതായി കൊള്ളയടിക്കുക എന്നു അവർ തീർച്ചയാക്കി. ഈ വിവരം മാനസിംഹനു് അറിവും കിട്ടി.

അന്നത്തെ ആലോചനാസദസ്സിൽ പങ്കെടുത്ത വരുടെ മുഖം വാടിയിരുന്നു. രാജാമാനസിംഹന്റെ പുരികങ്ങൾ അദ്ദേഹത്തിന്റെ സങ്കടം ഇന്ന പ്രകാര മെന്നറിയിച്ചു. അടുത്തതായി എന്തു ചെയ്യണമെന്നു് അവരിൽ ആർക്കുമേ നിശ്ചയമുണ്ടായിരുന്നില്ല. ശത്രുക്ക ളുടെ വകയായ സൈന്യം ഗോദപാരിലേക്കു് തിരിച്ചു. കഴിഞ്ഞുവെന്നും രാജാവിനു് അറിവു കിട്ടി. അങ്ങനെ ആ സൈന്യം ആക്രമിച്ചടക്കുന്നപക്ഷം ഒന്നുകിൽ കീഴടങ്ങുക, അല്ലെങ്കിൽ മരിക്കുക എന്നു രണ്ടു മാർഗ്ഗം

മാത്രമേ ഉള്ളൂ. അതേവരെ വലിയ പ്രതാപത്തിൽ കഴിഞ്ഞുകൂടിയ ഒരു രജപുത്ര രാജാവു് മഹമ്മദീയ സൈന്യത്തിന്നു് കീഴടങ്ങുക എന്നതു് എത്രയോ ആക്ഷേപകരമെന്നു് രാജാവിന്നു തോന്നി. എന്നാൽ മന്ത്രിമാർ അദ്ദേഹത്തെ ധൈര്യപ്പെടുത്തി. തങ്ങളോടുകൂടിയുള്ള സൈന്യം എത്ര ചെറുതാണെങ്കിലും എല്ലാപേരുമായി അവസാന നിമിഷംവരെ ആ കോട്ടയെ രക്ഷിക്കുവാൻ യുദ്ധം ചെയ്യണം എന്നും അങ്ങനെ ഏതാനുംനാൾ യുദ്ധത്തിൽ ഏർപ്പെടുന്നതിനിടയ്ക്കു് സഹായിക്കാൻ ആരെയെങ്കിലും കണ്ടുപിടിക്കണമെന്നും അവർ അഭിപ്രായപ്പെട്ടു. എന്നാൽ ആരാണു് സഹായിക്കാൻ എത്തുന്നതു്? ഗുജറാററിലെ സുൽത്താനായ ഫെറോഷ്ഖാനെ എതിരിട്ടു നിൽക്കുവാൻ അവിടെ ഏതൊരു രാജാവിന്നാണു് സാധിക്കുന്നതു്? അഥവാ സാധിക്കുന്ന വല്ല രാജാക്കന്മാരും ഉണ്ടെങ്കിൽതന്നെ അവരും ഓരോ കാരണങ്ങളാൽ മാനസിംഹന്റെ എതിർപക്ഷത്തു് നിൽക്കുന്നവരാണു്. ഇതൊക്കെ കരുതി കീഴടങ്ങുന്നപക്ഷം, മറെറാരാപത്താണു് ഉടനേ സംഭവിക്കുന്നതു്. രാജകുടുംബത്തിലെ സ്ത്രീജനങ്ങളെയെല്ലാം ഗുജറാററ സുൽത്താൻ ഉടനേ കൈവശപ്പെടുത്തും. അവരുടെ കുടുംബാഭിമാനവും വംശശുദ്ധിയും അതോടെ നശിക്കുന്നതാണു്. അതിനാൽ സ്ത്രീജനങ്ങളിൽ ആരുംതന്നെ കീഴടങ്ങുന്ന നടപടി സ്വീകരിക്കുവാൻ തയ്യാറാകയില്ല. അതിനാൽ മറെറാരു പായമേ ഉള്ളൂ എന്നു് രാജാവും മന്ത്രിയും തീരുമാനിച്ചു

സുൽത്താൻെറ സൈന്യങ്ങൾ ആ കോട്ട ആക്രമിക്കുവാൻ അടുക്കുന്ന നിമിഷത്തിൽ അവരോടെതിർത്തു യുദ്ധം തന്നെ നടത്തണം. ഈ യുദ്ധത്തിൽ തോററുപോകുമെന്നു തോന്നുമ്പോൾ സ്മാധാനം അപേക്ഷിച്ചു അങ്ങനെ കിട്ടുന്ന സമയംകൊണ്ടു് മററു വല്ലവരുടേയും സഹായം നേടി വീണ്ടും ഒരു യുദ്ധം കൂടെ നടത്തണം. ആ യുദ്ധത്തിലും ജയം സിദ്ധിക്കാത്തപക്ഷം എല്ലാവരും ഒന്നിച്ചു ആത്മഹത്യ ചെയ്യണം!

സങ്കടകരമായ ഈ നിശ്ചയത്തോടെ അന്നത്തെ ആലോചനാസദസ്സു പിരിഞ്ഞു. രാജാവും പ്രഭുക്കന്മാരും തങ്ങളുടെ ഓരോ വസതിയിലേക്കും മടങ്ങി. അവർ വാസസ്ഥലങ്ങളിൽ എത്തി. ആ കോട്ടയ്ക്കുള്ളിൽ ഉള്ളവർക്കു വന്നു ചേരുന്ന ആപത്തിനെപ്പററി സ്ത്രീജനങ്ങളെ അറിയിച്ചു. അവിടെ ഉണ്ടായിരുന്ന രാജകുടുംബാംഗങ്ങളായ മഹിളമാരിൽ ഏററവും മുന്നണിയിൽ ഗണിക്കേണ്ടതു് മാനസിംഹൻെറ പുത്രിയായ ഭാനുമതിയെ ആണു്. രാജാവിൻെറ ആലോചനായോഗത്തിൽ എന്താണു് നിശ്ചയിക്കുന്നതെന്നു് ഈ രാജകുമാരി വളരെ ശ്രദ്ധയോടെ നോക്കിക്കൊണ്ടിരുന്നു. രാജാവിൻെറ ഏക പുത്രിയായ ഭാനുമതി സൗന്ദര്യത്തിലും സൽസ്വഭാവത്തിലും അദ്ധ്വിതീയമായ നിലയിൽ ആയിരുന്നു. രജപുത്ര യുവതിമാരിൽ നടമാടിയിരുന്ന ധീരതയും ചാരിത്രശുദ്ധിയും അവൾക്കു് പ്രത്യേക സമ്പത്തായിരുന്നു. അവളുടെ മാതാവു് മരിച്ചിട്ടു് ഏതാനും വർഷങ്ങൾ

ആയി എങ്കിലും മാനസിംഹൻ അവളെ സ്വന്തം ജീവ ന്നോപ്പം അത്ര സൂക്ഷ്മമായി ശ്രദ്ധയോടെക്കൂടെ താമസി പ്പിച്ചു പോരികയാണ്. നാഗപുരം വിട്ടവാൻ രാജാവ് തീർച്ചയാക്കിയപ്പോഠം അദ്ദേഹത്തിൻെറ ശ്രദ്ധ ആദ്യ മായി പതിഞ്ഞതു് പുത്രിയായ ഭാനുമതിയെ രക്ഷിക്കു വാൻ ആയിരുന്നു.

ആലോചനായോഗം കഴിഞ്ഞു് മാനസിംഹൻെറ വിവരം അറിയിക്കുവാൻ പുത്രിയുടെ അടുത്തെത്തി. രാ ജകുടുംബത്തിലെ അംഗങ്ങഠം എല്ലാം ഏക ആശ്രയമാ യി കരുതിയിരിക്കെ മാനസിംഹൻ വളരെ സങ്കടപ്പെട്ട പോലെ കാണപ്പെട്ടു. അന്നത്തെ നിശ്ചയം ആരേയും അറിയിക്കുവാൻ അദ്ദേഹത്തിനു് സമാധാനം ഉണ്ടാ യില്ല. പിതാവിൻെറ സങ്കടമേറിയ ഈ ഇരിപ്പു കണ്ടു് അടുത്ത നടപടി എന്താണെന്നറിവാനുള്ള താല്പര്യ ത്തോടെ പുത്രി ചോദിച്ചു:—

"പ്രിയപിതാവേ, അവിടുന്നു് വളരെ സങ്കടപ്പെ ടുന്നതായി തോന്നുന്നു. കാര്യമെന്താണ്? ഇന്നത്തെ ആ ലോചനകഠം ഒന്നും തന്നെ വിജയത്തിലായില്ലേ?"

മാനസിംഹൻ:—"ദൈവത്തിനു മാത്രമല്ലാതെ ഈ ആ പത്തിൽ നിന്നു നമ്മെ രക്ഷിക്കാൻ മററാർക്കും കഴിയുമെന്നു തോന്നുന്നില്ല. ഗുജറാററ സുൽത്താ ൻെറ സൈന്യം നമ്മുടെ കോട്ട വളയാറായിരി ക്കുന്നു. നമുക്കു് യുദ്ധം ചെയ്യാൻ വേണ്ട സൈന്യം ഇല്ല. സഹായത്തിനു് മററൊരു രാജാക്കന്മാരും

ഇല്ല. ഈ നിലയിൽ എന്താണ് നിശ്ചയിക്കേണ്ടതു്."

"ഈശ്വരൻ രക്ഷിക്കുന്നതിനു എത്താത്തപക്ഷം, യാതൊരു രക്ഷാമാർഗ്ഗവും ഇല്ല" എന്നു രാജാവു് വളരെ സങ്കടത്തോടെ പറഞ്ഞു.

രാജാവിൻെറ ഈ നിരാശ തന്നേയായിരുന്നു, രാജകുടുംബത്തിലെ സ്ത്രീകളേയും ബാധിച്ചിരുന്നതു്. ശത്രുക്കളുടെ ആക്രമണത്തിൽ അകപ്പെടുന്നപക്ഷം അവരെല്ലാപേരും അഗ്നിപ്രവേശം ചെയ്യാൻ തന്നെ സന്നദ്ധരായി. എന്നാൽ രാജപുത്രിയായ ഭാനുമതി മാത്രം ഭിന്നാഭിപ്രായക്കാരിയായിരുന്നു. അരിഖണ്ഡു് എന്ന അയൽരാജ്യത്തിലെ സമരവീരനായ അമദസിംഹൻ എന്ന രാജകുമാരൻെറ സഹായം അഭ്യർത്ഥിക്കുകയാണു് ഈ സന്ദർഭത്തിൽ വേണ്ടതെന്നു് രാജകുമാരി അഭിപ്രായപ്പെട്ടു. അമദസിംഹൻ അതിസുന്ദരനും ധീരനും പ്രതാപശാലിയും ആയ ഒരു യോദ്ധാവായിരുന്നു. ഒരു കാലത്തു് അമദസിംഹൻ മാനസിംഹരാജാവിൻെറ മിത്രമായിരുന്നുവെങ്കിലും രാജ്യത്തിൻെറ അതിർത്തി സംബന്ധിച്ച അഭിപ്രായ വ്യത്യാസങ്ങളാൽ അമദസിംഹനും മാനസിംഹനും തമ്മിൽ അത്ര വലിയ സ്നേഹത്തിലല്ല കഴിഞ്ഞുകൂടിയതു്. എന്നാൽ ഭാനുമതി, ആ സ്നേഹക്കുറവു് അത്ര കാര്യമാക്കാതെ പിതാവിനെ വിവരം അറിയിച്ചു് സമർത്ഥനായ ഒരു ദൂതനെ വരുത്തി. തൻെറ വലിയ കണ്ണിൽ തെളിച്ചിരുന്ന മനോ

ഹരമായ സുവർണ്ണ വള ഊരി ആ ആഭരണം അമദ സിംഹനെ ഏൽപ്പിക്കണമെന്നും, ശത്രുക്കളുടെ ആക്ര മണം അടുത്തിരിക്കുന്ന ഈ ഘട്ടത്തിൽ അദ്ദേഹം പൂർവ്വ വൈരങ്ങൾ മറന്ന് ആത്മാർത്ഥതയോടെ സഹായിക്കു മെന്നും രാജകുമാരി ദൂതൻമുഖേന സന്ദേശം കൊടുത്ത യച്ചു.

എന്നാൽ യുദ്ധകാലമായതിനാൽ അക്കാലത്തു് ഒരു സ്ഥലത്തു നിന്നു മറെറാരു സ്ഥലത്തു് എത്തിക്കൊ ള്ളുന്നതു് വളരെ വിഷമമായിരുന്നു. വിശേഷിച്ചു് ശത്രുരാജ്യം കടന്നുപോവുക എന്നതു് ഏററവും ക്ലേശം തന്നെയായിരുന്നു. ഏതായാലും സന്ദേശവും രാജപുത്രി യുടെ രത്നഖചിതമായ കങ്കണവും വഹിച്ചുകൊണ്ടു് യുവരത്നമായ ദൂതൻ പുറപ്പെട്ടു. എന്നാൽ അയാൾ പ്രവേശിച്ച സ്ഥലങ്ങളിലെല്ലാം ശത്രുക്കൾ അനവധി പ്രത്യേക ശ്രദ്ധയോടെ ആക്രമിക്കുവാൻ തയ്യാറായി നിന്നിരുന്നു. അവരാരുംകാണാതെ അരിഖണ്ഡിലേയ്ക്കു പോവുക എന്നതു് കേവലം അസാദ്ധ്യം തന്നെയായി എങ്കിലും ദൂതൻ പുറപ്പെട്ടു.

ശത്രുക്കളുടെ കയ്യിൽ അകപ്പെടുമോ എന്ന ഭയ ത്തോടെ ദൂതൻ ഏതാനും നാഴിക പോയ ഒരു സന്ദർഭ ത്തിൽ പെട്ടെന്നു് ശത്രുസേനാനായകന്മാരിൽ ഒരാൾ അയാളെ പിടികൂടി. അയാളുടെ കൂടെ എത്തുവാൻ ദൂതൻ നിർബ്ബന്ധിതനായി എങ്കിലും വളരെ സൂത്ര ത്തിൽ അയാളുടെ കയ്യിൽ നിന്നു തെററി ഒരു കഠാരി

അയാളുടെ നെഞ്ചത്തു കുത്തിയിറക്കിയശേഷം അയാറം പോയി.

ആ അർദ്ധരാത്രി തന്നെ ദൂതൻ അരിഖണ്ഡത്തിൽ എത്തി അമദസിംഹനെ കണ്ടു. അദ്ദേഹം ഒരു വേട്ടയ്ക്കു് പോകാൻ സ്നേഹിതനുമായി ഒരുങ്ങുകയായിരുന്നു. എന്നാൽ മാനസിംഹ പുത്രിയായ ഭാനുമതിയുടെ അഭ്യർത്ഥന ലഭിച്ചതോടെ നായാട്ടിൽ നിന്നു വിരമിച്ച് ഗോദപാരത്തിലേയ്ക്കു തന്നെ തിരിക്കുവാൻ അമദസിംഹൻ നിശ്ചയിച്ചു. അയാളുടെ നിശ്ചയം കേട്ടപ്പോറം കൂട്ടുകാരനായ സചിസിങ്ങും മാനസിംഹൻെറ അഭിമാനസംരക്ഷണത്തിന്നും വിജയത്തിനും വേണ്ടി തന്നെ തിരിക്കുകയായി.

ഉദ്ദേശം അയ്യായിരം പേരുള്ള ഒരു സൈന്യത്തെ നയിച്ചുകൊണ്ടു് അമദസിംഹനും സാലിസിങ്ങുമായി ഗോദപാരം എന്ന കോട്ടയുടെ സംരക്ഷണത്തിനു പുറപ്പെട്ടു. എന്നാൽ ആക്രമണത്തിന്ന് മുതിർന്ന ഫെറോസ്ഷായ്ക്കു് പതിനയ്യായിരത്തിൽപ്പരം ആളുകളുള്ള ഒരു സൈന്യമാണുണ്ടായിരുന്നതു്. ഇത്ര സംഖ്യയിൽ കൂടുതലുള്ള സൈന്യത്തെ നേരിട്ടു നിന്നു എതിർക്കാൻ മുതിരാതെ ഗോദപാരത്തിൻെറ തെക്കുപടിഞ്ഞാറു ഭാഗത്തായി അമദസിങ്ങും സ്നേഹിതനും സൈന്യത്തെ നയിച്ചു.

അല്പനേരം കഴിഞ്ഞപ്പോറം ശത്രുക്കറം പീരങ്കികളുമായി അടുക്കുന്നു എന്നൊരുവർത്തമാനം ചാരന്മാർ

മുഖേന അമമദസിങ്ങിനു ലഭിച്ചു. എന്നാൽ പീരങ്കികഠം വണ്ടികളിൽ കയററി ആ വണ്ടികളും അടിച്ചുകൊണ്ടെത്തിയ സേനകളെ അമമദസിംഹൻെറ സൈന്യം നിഷ്പ്രയാസം എ ാത്തു പീരങ്കി വാഹകരെത്തന്നെ തടവുകാരായി പ ിടകൂടി. രജപുത്രവീരന്മാർക്ക ഉത്സാഹം വർദ്ധിച്ചു. അതികഠിനമായി തുടർന്നുണ്ടായ യുദ്ധത്തിൽ ഫെറോസ്ഷായ്ക്കു വിജയം സംശയമായപ്പോഠം അയാഠം അമേദസിംഹനോടു സമാധാനം അപേക്ഷിച്ചു. ആ ഉദ്യമം ഫലിക്കാതെ ഫെറോസ്ഷാ കൂടുതൽ ആക്രമണത്തിനു മാർഗ്ഗം കാണാതെ പിൻവാങ്ങി. അമേദസിംഹൻെറ രണപരാക്രമം സർവ്വത്ര കീർത്തിക്കപ്പെട്ടു് രാജാമാനസിംഹൻ ആ യുവവീരനോടു പറയുകയാണു്:—

എന്നേയും എൻെറ കുടുംബത്തേയും നിങ്ങഠം ഈ സന്ദർഭത്തിൽ രക്ഷിച്ചതിനു് എന്തു പ്രതിഫലം തന്നാൽ മതിയാകും? നിങ്ങഠം എന്തുതന്നെ ചോദിച്ചാലും തരാൻ ഞാൻ സന്തോഷത്തോടെ തയ്യാറാണു്. ഇതു കേട്ടു് അമമദസിംഹൻ പറഞ്ഞു:—

"അവിടത്തെ കുടുംബത്തിലെ അതുല്യമായ ആ രത്നത്തെത്തന്നെ എനിക്കു് തരിക."

തൻെറ പൂർവ്വികന്മാർതൊട്ടു ധരിച്ചുപോരുന്ന കിരീടരത്നമായിരിക്കും അമമദസിംഹൻ ആവശ്യപ്പെട

ന്നതെന്നു തെററിദ്ധരിച്ച മാനസിംഹൻ അങ്ങനെ സമ്മതിച്ചു. എന്നാൽ അമരസിംഹൻ പറയുന്നു;—

ആ രത്നമല്ല, അവിടത്തെ പുത്രീരത്നം. ഭാനുമതി.

മാനസിംഹൻ:—ഭാനുമതിയോ? വളരെ സന്തോഷ ത്തോടെ ഞാൻ താങ്കൾക്കു് നൾകിയിരിക്കുന്നു.

രാജാവിൻെറ ഈ വാഗ്ദാനം അനുസരിച്ചു് ഭാനുമതിയുടേയും അമരസിംഹൻെറയും വിവാഹം ശുഭമായ ഒരു മുഹൂർത്തത്തിൽ നടത്തപ്പെട്ടു. വിവാഹമഹോത്സവം കഴിഞ്ഞു യുവവീരനും രാജപുത്രിയും മാത്രമായ ഘട്ടത്തിൽ അമരസിംഹൻ വധുവിനോടു ചോദിക്കുകയാണു്:—

"പ്രിയതമേ, ഭവതിയുടെ പിതാവു് എന്നോടു വളരെ പിണക്കത്തിലായിരുന്നു കഴിഞ്ഞതു്. എന്നിട്ടും എൻെറ സഹായം അഭ്യർത്ഥിക്കത്തക്കവിധത്തിൽ ഭവതിയുടെ രത്നകങ്കണം കൊടുത്തയച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നു. അത്രയ്ക്കൊരുധീരത ഉണ്ടായിരുന്നോ?"

ഭാനുമതി:—അതു ധീരതയല്ല. ഭാരതഭൂഖണ്ഡത്തിലെ രാജാക്കന്മാരും ജനങ്ങളും ഒന്നുതന്നെയാണെന്നു് എനിക്കു നല്ലപോലെ ബോദ്ധ്യമുണ്ടു്. നമ്മുടെ ശത്രുവെന്ന നിലയിൽ എതിർത്ത ഫെറോസ് ഷാഖാൻ പോലും യഥാർത്ഥത്തിൽ ശത്രുവല്ല. ഓരോ കാര്യവശാൽ അഭിപ്രായവ്യത്യാസങ്ങൾ

ഉണ്ടാകുന്നു എന്നേ ഉള്ളൂ. അങ്ങനെ എന്റെ പിതാവുമായി അങ്ങേയ്ക്കു ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു എന്നേ ഉള്ളൂ.

അമരസിംഹൻ:—ഏതായാലും ആ ദൂതൻ അവൻ ബഹു സമർത്ഥനായിരുന്നു. അവൻ ശത്രുക്കളുടെ കൈവശം എത്രയോ തവണ അകപ്പെട്ടിട്ടും ആ കങ്കണം യാതൊരുവിധത്തിലും നഷ്ടപ്പെടുത്താതെ എന്നെത്തന്നെ ഏൽപ്പിക്കുകയുണ്ടായി. കങ്കണം എന്നെ എത്തിച്ചതല്ല, കങ്കണം കൊടുത്തയയ്ക്കുന്നതിൽ ബുദ്ധികൗശലം പ്രയോഗിച്ചതാണു് അത്ഭുതകരം.

ഭാനുമതി:—അതെ; ഭാരതീയവനിതകൾക്കും കാലോചിതമായ ബുദ്ധികൗശലം ആവശ്യകമാണല്ലോ. പിതാവിന്നു് ഏതായാലും ഇനി ഭയപ്പെടാനൊന്നുമില്ല. അക്ബർ ചക്രവർത്തിക്കുവേണ്ടി വിദേശരാജ്യങ്ങളിൽ യുദ്ധം ചെയ്യാൻ പോയിരിക്കുന്ന സഹോദരന്മാർ കൂടെ തിരിച്ചു എത്തുമ്പോൾ നമ്മുടെ ഈ രാജ്യം വിപുലവും ശക്തിമത്തും ആകുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

---

Printed at the Vidya Vilasam Press, Trivandrum —1947.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No MF3 Acc. No 3065

This book should be returned on or before the date last stamped below.

28 MAR 1983
23 OCT 1986
19 AUG 1997

Cl. No. MF3.
Vel-R.
Acc. No. 3065
AUTHOR

MF3
3065
VEL·R
വേലുപ്പിള്ള ശാസ്ത്രീ, എം. ആർ
രാധാറാണി